**മത്സ്യത്തൊഴിലാളിമേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമാകുന്ന നിരവധി കർമ്മപദ്ധതികൾക്ക് സർക്കാർ തുടക്കമിട്ടു കഴിഞ്ഞു.**

# തീരങ്ങൾ സമൃദ്ധിയിലേയ്ക്ക്



പ്രൊഫ. കെ.വി. തോമസ്
ഫിഷറീസ്-എക്സൈസ് വകുപ്പു മന്ത്രി

മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ആനുകൂല്യവും തീരപ്രദേശങ്ങളിൽ വൻതോതിൽ വികസനപ്രവർത്തനവും നടത്തിയ സർക്കാരാണിത്. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ സഹായമായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 141 കോടി രൂപയാണ് നൽകിയത്. മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽസുരക്ഷയും ജീവിതഭദ്രതയും ഉറപ്പുവരുത്തുന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 18 മാസ



ത്തോളം വിവിധ തലങ്ങളിൽ ചർച്ചചെയ്ത ശേഷം എല്ലാവരുടേയും അംഗീകാരത്തോടെ തയ്യാറാക്കിയ മത്സ്യമേഖലാ വികസന-പരിപാലന നയം ഈ രംഗത്ത് ഒരു വഴികാട്ടിയാണ്.

വീടുകളുടെ അറ്റകുറ്റപ്പണി, ജലവിതരണം, സാനിറ്റേഷൻ എന്നിവയ്ക്ക് മാത്രമായി പ്രത്യേകമായി തയ്യാറാക്കിയ 'തീരസമൃദ്ധി പദ്ധതി' പ്രകാരം 18.75 കോടി രൂപ ഇതിനകം ചെലവഴിച്ചു.

മത്സ്യഫെഡ് വഴി വായ്പകൾ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതിരുന്ന തൊഴിലാളികൾക്ക് 15 കോടി രൂപയുടെ പ്രത്യേക കടാശ്വാസ പദ്ധതി നടപ്പിലാക്കി. എൻ.സി.ഡി.സി.യിൽ നിന്ന് വായ്പയെടുത്ത് മത്സ്യഫെഡ് വഴി ഇരുപത്തിയേഴ് കോടി രൂപയും വിതരണം ചെയ്തു.

സമ്പാദ്യ സമാശ്വാസമായി ഇതുവരെയായി 39 കോടി രൂപയും പെൻഷൻ ഇനത്തിൽ 11 കോടി രൂപയും വിതരണം ചെയ്തു.

ഭവന നിർമ്മാണത്തിന് 15.78 കോടിയും ലംസം ഗ്രാന്റായി 9 കോടി രൂപയും നൽകി. അടുത്ത മൂന്ന് വർഷംകൊണ്ട് കേരളത്തിലെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വീട് വച്ചുകൊടുക്കുന്ന ബൃഹദ് പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വീതം ചെലവ് വരുന്ന 60,000 വീടുകളാണ് നിർമ്മിക്കുന്നത്. ഇത് പൂർണമായും ഹഡ്കോ വായ്പയാണ്. ഇതിൽ 50 ശതമാനം ഗുണഭോക്താക്കൾ 15 വർഷംകൊണ്ട് തിരിച്ചടയ്ക്കണം. 40,000 രൂപ സർക്കാർ ഗ്രാന്റും 10,000 രൂപ വിവിധ സന്നദ്ധ സംഘടനകളുടെ വിഹിതവുമായിരിക്കും.

കഴിഞ്ഞ വർഷം 2.14 കോടി രൂപയുടെ റോഡ് പദ്ധതി നടപ്പിലാക്കി. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിർമ്മാണത്തിന് ആർ.ഐ.ഡി.എഫ്. സഹായവും ലഭ്യമാക്കും. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ തുറമുഖങ്ങളുടെ നിർമ്മാണത്തിന് 1912.23 ലക്ഷം രൂപ ചെലവാക്കി. ഈ വർഷം 1200 ലക്ഷം രൂപ ചെലവാക്കും. ചെറുവത്തൂർ, ചേറ്റുവ എന്നീ തുറമുഖങ്ങളുടെ മാതൃകാപഠനം നടന്നുവരുന്നു. അർത്തുങ്കൽ, പരപ്പനങ്ങാടി എന്നിവിടങ്ങളിൽ സാദ്ധ്യതാപഠനവും നടക്കുന്നു. ലാന്റിംഗ് സെന്ററുകളിൽ ഇന്ധന ബങ്കുകളും സ്ഥാപിക്കും.

നിർമ്മാണം നടന്നുവരുന്ന കായംകുളം, പൊന്നാനി, മുതലപ്പൊഴി എന്നീ ഫിഷിംഗ് ഹാർബറുകളുടെ പണി സമയബന്ധിതമായി ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കും. തോട്ടപ്പള്ളി ഹാർബറിന്റെ നിർമ്മാണം ഈ വർഷം തുടങ്ങും. കേന്ദ്രാനുമതി ലഭിച്ചാൽ കൊയിലാണ്ടി, കാസർഗോഡ് തുറമുഖ നിർമ്മാണം കൂടെ തുടങ്ങും.

## തീരദേശവാസികൾക്ക് പ്രത്യേക പാക്കേജ്



മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ ദുരിതമനുഭവിക്കുന്ന എല്ലാ തീരദേശവാസികളെയും സഹായിക്കാൻ പ്രത്യേക പാക്കേജ് ഉടൻ ആവിഷ്കരിക്കും. മുഖ്യമന്ത്രി എ.കെ. ആന്റണിയാണ് ഇക്കാര്യം അറിയിച്ചത്.

സ്ഥിരം പട്ടയമില്ലാത്ത എല്ലാ തീരദേശവാസികൾക്കും കൈവശാവകാശരേഖ നൽകും. വീടുകൾക്ക് നമ്പരിടും. ഇതിനായി പഞ്ചായത്ത് നിയമത്തിൽ മാറ്റം വരുത്തും. തീരദേശവാസികൾക്കുള്ള പാക്കേജ് ഫിഷറീസ് മന്ത്രി പ്രൊഫ.കെ.വി. തോമസ് കൺവീനറായുള്ള കമ്മിറ്റിയാണ് ആവിഷ്കരിക്കുന്നത്.

തീരദേശമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് മന്ത്രിമാരുമായും തീരദേശ മേഖലയിലെ ജനപ്രതിനിധികളുമായും മുഖ്യമന്ത്രി സമഗ്രചർച്ച നടത്തിയിരുന്നു.

മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന മണ്ണെണ്ണദൗർലഭ്യം പരിഹരിക്കും. നിലവിലുള്ള റേഷൻ കാർഡ് ഉടമകളിൽ ഗ്യാസ് കണക്ഷൻ ഉള്ളവരുടെ ക്വാട്ട വെട്ടിക്കുറയ്ക്കും. ഇങ്ങനെ വെട്ടിക്കുറയ്ക്കുന്ന ക്വാട്ട മത്സ്യത്തൊഴിലാളികൾക്ക് മാറ്റി നൽകും.

തീരദേശ അതോറിറ്റി ഉടൻ രൂപവത്കരിക്കും. അതോറിറ്റി നിലവിൽ വരുന്നതോടെ കുടിവെള്ളം, വൈദ്യസഹായം, റോഡ്, മത്സ്യവിപണനം എന്നിവയ്ക്ക് അടിയന്തര സഹായം ലഭിക്കും.

ഒരു നെല്ലും ഒരു മീനും പദ്ധതി ഈ വർഷം 220 ഹെക്ടർ സ്ഥലത്തേയ്ക്കു കൂടെ വ്യാപിപ്പിക്കും. 72.21 കോടി രൂപ മൊത്തം അടങ്കൽ വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകി. ഈ വർഷം 433.11 ലക്ഷം രൂപ ചെലവാകും.

കഴിഞ്ഞ വർഷം 55.1 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി. എറണാകുളം ജില്ലയിലെ 2500 ഹെക്ടർ പൊക്കാളി പാടശേഖരങ്ങളിൽ ചെമ്മീൻ കൃഷി വികസനത്തിന് 53.71 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ചെമ്മീൻ കുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വടക്കൻ പറവൂരിൽ പി.സി.ആർ. ലാബ് സ്ഥാപിച്ചു. അടുത്ത ലാബ് കുമ്പളങ്ങിയിൽ സ്ഥാപിക്കും.

പ്രധാന തുറമുഖങ്ങളിലും ലാന്റിംഗ് സെന്ററുകളിലും ഡ്രഡ്ജിംഗിന് 18.65 കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാലാകാലങ്ങളിൽ തുറമുഖങ്ങൾ നിർമ്മിച്ചിരുന്നുവെങ്കിലും പിന്നീട് അവയുടെ നവീകരണം നടന്നിരുന്നില്ല. കേന്ദ്രസർക്കാരിന്റെയും എം.പി.ഇ.ഡി.എ.യുടെയും സഹായത്തോടെ മുനമ്പം ഫിഷറീസ് ഹാർബർ നവീകരിക്കുന്നതിന് മുനമ്പം ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് രൂപം നൽകി. അതത് ഹാർബറുകളിലെ വരുമാനം അവിടെത്തന്നെ വിനിയോഗിക്കുകവഴി മികച്ച ശുചിത്വ സംവിധാനം ഹാർബറുകളിൽ ഏർപ്പെടുത്താൻ കഴിയും. നീണ്ടകര, ചോമ്പാൽ, പുതിയാപ്പ, മാപ്പിള ബേ എന്നീ തുറമുഖങ്ങളുടെ ശുചിത്വപരിപാലനത്തിന് കേന്ദ്രം ഒന്നരക്കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ സംരംഭം എന്ന നിലയിൽ അലങ്കാരമത്സ്യ ഉത്പാദനത്തിനും വിപണനത്തിനും പ്രത്യേക പരിശീലനപദ്ധതി തുടങ്ങി. അലങ്കാര മത്സ്യവിപണനത്തിൽ കേരളം മുന്നേറിക്കൊണ്ടിരിക്കുന്നു. അന്താരാഷ്ട്ര അലങ്കാര മത്സ്യപ്രദർശനം ഒക്ടോബറിൽ കൊച്ചിയിൽ നടക്കും.

കടൽരക്ഷാപ്രവർത്തനത്തിന് കോസ്റ്റ്ഗാർഡുമായി ചേർന്ന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. വിഴിഞ്ഞത്ത് കോസ്റ്റ്ഗാർഡ് സ്റ്റേഷൻ തുടങ്ങി. അടുത്ത സ്റ്റേഷൻ ബേപ്പൂരിൽ തുടങ്ങും. മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിലുള്ള തിരുവനന്തപുരത്തെ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുന്നു.

ഈ മൺസൂൺകാലത്ത് 180 രക്ഷാപ്രവർത്തനങ്ങളിലൂടെ 476 ജീവൻ രക്ഷിക്കാൻ കഴിഞ്ഞു. 16 പേർ മരണമടഞ്ഞു. 13 പേരെ കാണാതായി. കടലിൽ കാണാതാകുന്ന

## മത്സ്യത്തൊഴിലാളി ഭവനപദ്ധതി

പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ പ്രത്യേക ഭവനപദ്ധതി ആവിഷ്കരിക്കുന്നതിന് രൂപരേഖയായി.



ഒരു ലക്ഷം രൂപ ചെലവിലാണ് വീടുകൾ നിർമ്മിക്കുക. 40,000 രൂപ സബ്സിഡി നൽകും. 10,000 രൂപ ഗുണഭോക്താവോ പദ്ധതി നടപ്പാക്കുന്ന ഏജൻസിയോ വഹിക്കണം. 50,000 രൂപ ഹഡ്കോ വായ്പയായാണ് ലഭ്യമാക്കുന്നത്. 15 വർഷത്തിനകം തിരിച്ചടയ്ക്കുന്ന വിധത്തിൽ ആയിരിക്കും വായ്പ. ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങിനൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന കാര്യം സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോർഡിനേഷൻ സമിതി യോഗത്തിൽ തീരുമാനിക്കുമെന്ന് മന്ത്രി ചെർക്കളം അബ്ദുള്ള വ്യക്തമാക്കി.

മത്സ്യത്തൊഴിലാളി ഒരു മാസത്തിനുള്ളിൽ തിരിച്ചുവന്നില്ലെങ്കിൽ കുടുംബത്തിന് 25000 രൂപ ആശ്വാസധനമായി നല്കും. ഫിഷറീസ് വകുപ്പിന്റെ ഒരു പദ്ധതിയിലും അംഗമല്ലാത്ത മത്സ്യത്തൊഴിലാളി മരിച്ചാൽ കുടുംബത്തിന് 50,000 രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസപദ്ധതി പ്രകാരം നൽകും.

കടൽസുരക്ഷ പരിഗണിച്ച് ഫിഷിംഗ് ബോട്ടുകൾ ഉപയോഗിക്കുന്ന വയർലസ് സെറ്റുകൾക്ക് ലൈസൻസ് നൽകാനും മത്സ്യത്തൊഴിലാളികൾക്ക് ഇലക്ട്രോണിക് തിരിച്ചറിയൽ കാർഡു നൽകാനും സർക്കാരിന് പദ്ധതിയുണ്ട്. കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെ സ്ഥാനം നിർണയിക്കുന്നത് തിരച്ചിൽ പ്രവർത്തനങ്ങൾക്ക് സഹായകരമാകും എന്നതുകൊണ്ടാണ് ഈ പുതിയ സാങ്കേതിക വിദ്യ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

മണ്ണെണ്ണയുടെ ക്ഷാമം പരിഗണിച്ചും മണ്ണെണ്ണ കടലിലുണ്ടാക്കുന്ന മലിനീകരണം ഒഴിവാക്കുന്നതിനും ഔട്ട്ബോർഡ് യന്ത്രങ്ങളിൽ ഇന്ധനമായി എൽ.പി.ജി. ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കും. ഇതുസംബന്ധമായ നടപടികൾക്ക് മത്സ്യഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആഴക്കടൽ, ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്നുണ്ട്. വൈദ്യുതി, വനം, ജലസേചന വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കായലുകളിലും ഇതര ജലാശയങ്ങളിലും മത്സ്യ, ചെമ്മീൻ കുഞ്ഞുങ്ങളെ വൻതോതിൽ വിന്യസിക്കും.

തീരദേശ ഗ്രാമങ്ങളിൽ പുറംപോക്ക് ഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് റേഷൻകാർഡ്, വൈദ്യുതി എന്നിവ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ തീരസുരഭി പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തിന് കൈവശാവകാശരേഖ ലഭ്യമാക്കുന്നതോടെ അവർക്ക് വീട്ടുനമ്പർ, റേഷൻകാർഡ്, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ കരഗതമാകും.

മത്സ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി മുൻകൈയെടുത്ത് ഇക്കഴിഞ്ഞ ആഗസ്റ്റ് 3-ാം തീയതി മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിക്കുകയും അതിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊർജ്ജിതവും സമയബന്ധിതവുമായ കർമ്മപരിപാടി ഒരു മാസത്തിനുള്ളിൽ ആവിഷ്കരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## മത്സ്യനയം നടപ്പാക്കാൻ കർമ്മപദ്ധതി

സർക്കാർ പ്രഖ്യാപിച്ച മത്സ്യമേഖലാ വികസന പരിപാലന നയം നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി ഉടൻ തയ്യാറാക്കും. ഫിഷറീസ് സെക്രട്ടറി കൺവീനറായി സമിതി രൂപീകരിച്ചു. ഫിഷറീസ് വകുപ്പ് - സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർമാർ, കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പ്രതിനിധി, കയറ്റുമതിക്കാരിൽ നിന്നുള്ള പ്രതിനിധികൾ, മത്സ്യഫെഡ് ക്ഷേമനിധി ബോർഡ് ചെയർമാന്മാർ എന്നിവരും ഫിഷറീസ് കോളേജ്, കൊച്ചിൻ യൂണിവേഴ്സിറ്റി, സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി എന്നിവ നാമനിർദ്ദേശം ചെയ്യുന്നവരും സമിതിയിൽ അംഗങ്ങളാണ്. പദ്ധതി തയ്യാറാക്കുന്നതിന് വിദഗ്ധരെ ഉൾപ്പെടുത്താൻ സമിതിക്ക് അധികാരമുണ്ട്.

**സഞ്ജീവഘോഷ്**
ജോയിന്റ് ഡയറക്ടർ, ഫിഷറീസ് വകുപ്പ്

നൂറ്റാണ്ടുകളുടെ പാരമ്പര്യം അവകാശപ്പെടുന്ന ഒരു മത്സ്യമേഖലയാണ് കേരളത്തിനുള്ളത്. കേരളസംസ്ഥാനം രൂപീകൃതമാകുന്നതിനു മുൻപ് തന്നെ കേരളപ്രദേശത്തെ കായലുകളും നദികളും തീരക്കടലും പരമ്പരാഗത രീതികളിലൂടെയുള്ള മത്സ്യബന്ധനത്തിന് പേരുകേട്ടവയായിരുന്നു. 50,000 ഹെക്ടറിൽ അധികം വിസ്തൃതമായിരുന്ന കേരളത്തിലെ കായലുകളായിരുന്നു അന്ന് 30,000-ത്തിലധികം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മുഖ്യ തൊഴിൽരംഗം. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തോടെയുമാണ് കേരളത്തിന്റെ കായൽമത്സ്യമേഖല കൂടുതൽ ഊർജ്ജസ്വലമായത്. പോർട്ടുഗീസുകാരും സ്പെയിൻകാരും ഡച്ചുകാരും ചീനക്കാരുമൊക്കെ ഉപയോഗിച്ചിരുന്ന വിവിധ തരം മത്സ്യബന്ധന ഉരുക്കളും ഉപകരണങ്ങളും മത്സ്യബന്ധനരീതികളും കേരളത്തിന്റെ കായലുകളിലും തീരക്കടലിലും പ്രചാരത്തിലായി. മത്സ്യത്തൊഴിലാളികൾ സ്വയം ഏറ്റെടുത്ത വിവിധ തരം മത്സ്യബന്ധന രീതികൾ പരമ്പരാഗത മത്സ്യത്തൊഴിൽരീതികളെ കൂടുതൽ പരിപോഷിപ്പിക്കുന്നവയായിരുന്നു.

കേരളത്തിന്റെ കായൽ മത്സ്യമേഖലയിൽ ഇന്നും നിലവിലുള്ള മത്സ്യബന്ധന രീതികളായ ഊന്നിവല, ചീനവ



## മത്സ്യത്തൊഴിലാളി ഭവനപദ്ധതി

പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ പ്രത്യേക ഭവനപദ്ധതി ആവിഷ്കരിക്കുന്നതിന് രൂപരേഖയായി.

ഒരു ലക്ഷം രൂപ ചെലവിലാണ് വീടുകൾ നിർമ്മിക്കുക. 40,000 രൂപ സബ്സിഡി നൽകും. 10,000 രൂപ ഗുണഭോക്താവോ പദ്ധതി നടപ്പാക്കുന്ന ഏജൻസിയോ വഹിക്കണം. 50,000 രൂപ ഹഡ്കോ വായ്പയായാണ് ലഭ്യമാക്കുന്നത്. 15 വർഷത്തിനകം തിരിച്ചടയ്ക്കുന്ന വിധത്തിൽ ആയിരിക്കും വായ്പ. ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങിനൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന കാര്യം സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോർഡിനേഷൻ സമിതി യോഗത്തിൽ തീരുമാനിക്കുമെന്ന് മന്ത്രി ചെർക്കളം അബ്ദുള്ള വ്യക്തമാക്കി.



മത്സ്യത്തൊഴിലാളി ഒരു മാസത്തിനുള്ളിൽ തിരിച്ചുവന്നില്ലെങ്കിൽ കുടുംബത്തിന് 25000 രൂപ ആശ്വാസധനമായി നല്കും. ഫിഷറീസ് വകുപ്പിന്റെ ഒരു പദ്ധതിയിലും അംഗമല്ലാത്ത മത്സ്യത്തൊഴിലാളി മരിച്ചാൽ കുടുംബത്തിന് 50,000 രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസപദ്ധതി പ്രകാരം നൽകും.

കടൽസുരക്ഷ പരിഗണിച്ച് ഫിഷിംഗ് ബോട്ടുകൾ ഉപയോഗിക്കുന്ന വയർലസ് സെറ്റുകൾക്ക് ലൈസൻസ് നൽകാനും മത്സ്യത്തൊഴിലാളികൾക്ക് ഇലക്ട്രോണിക് തിരിച്ചറിയൽ കാർഡു നൽകാനും സർക്കാരിന് പദ്ധതിയുണ്ട്. കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെ സ്ഥാനം നിർണയിക്കുന്നത് തിരച്ചിൽ പ്രവർത്തനങ്ങൾക്ക് സഹായകരമാകും എന്നതുകൊണ്ടാണ് ഈ പുതിയ സാങ്കേതിക വിദ്യ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

മണ്ണെണ്ണയുടെ ക്ഷാമം പരിഗണിച്ചും മണ്ണെണ്ണ കടലിലുണ്ടാക്കുന്ന മലിനീകരണം ഒഴിവാക്കുന്നതിനും ഔട്ട്ബോർഡ് യന്ത്രങ്ങളിൽ ഇന്ധനമായി എൽ.പി.ജി. ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കും. ഇതുസംബന്ധമായ നടപടികൾക്ക് മത്സ്യഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആഴക്കടൽ, ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്നുണ്ട്. വൈദ്യുതി, വനം, ജലസേചന വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കായലുകളിലും ഇതര ജലാശയങ്ങളിലും മത്സ്യ, ചെമ്മീൻ കുഞ്ഞുങ്ങളെ വൻതോതിൽ വിന്യസിക്കും.

തീരദേശ ഗ്രാമങ്ങളിൽ പുറംപോക്ക് ഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് റേഷൻകാർഡ്, വൈദ്യുതി എന്നിവ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ തീരസുരഭി പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തിന് കൈവശാവകാശരേഖ ലഭ്യമാക്കുന്നതോടെ അവർക്ക് വീട്ടുനമ്പർ, റേഷൻകാർഡ്, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ കരഗതമാകും.

മത്സ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി മുൻകൈയെടുത്ത് ഇക്കഴിഞ്ഞ ആഗസ്റ്റ് 3-ാം തീയതി മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിക്കുകയും അതിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊർജ്ജിതവും സമയബന്ധിതവുമായ കർമ്മപരിപാടി ഒരു മാസത്തിനുള്ളിൽ ആവിഷ്കരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## മത്സ്യനയം നടപ്പാക്കാൻ കർമ്മപദ്ധതി

സർക്കാർ പ്രഖ്യാപിച്ച മത്സ്യമേഖലാ വികസന പരിപാലന നയം നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി ഉടൻ തയ്യാറാക്കും. ഫിഷറീസ് സെക്രട്ടറി കൺവീനറായി സമിതി രൂപീകരിച്ചു. ഫിഷറീസ് വകുപ്പ് - സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർമാർ, കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പ്രതിനിധി, കയറ്റുമതിക്കാരിൽ നിന്നുള്ള പ്രതിനിധികൾ, മത്സ്യഫെഡ് ക്ഷേമനിധി ബോർഡ് ചെയർമാന്മാർ എന്നിവരും ഫിഷറീസ് കോളേജ്, കൊച്ചിൻ യൂണിവേഴ്സിറ്റി, സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി എന്നിവ നാമനിർദ്ദേശം ചെയ്യുന്നവരും സമിതിയിൽ അംഗങ്ങളാണ്. പദ്ധതി തയ്യാറാക്കുന്നതിന് വിദഗ്ധരെ ഉൾപ്പെടുത്താൻ സമിതിക്ക് അധികാരമുണ്ട്.

**സഞ്ജീവഘോഷ്**
ജോയിന്റ് ഡയറക്ടർ, ഫിഷറീസ് വകുപ്പ്

നൂറ്റാണ്ടുകളുടെ പാരമ്പര്യം അവകാശപ്പെടുന്ന ഒരു മത്സ്യമേഖലയാണ് കേരളത്തിനുള്ളത്. കേരളസംസ്ഥാനം രൂപീകൃതമാകുന്നതിനു മുൻപ് തന്നെ കേരളപ്രദേശത്തെ കായലുകളും നദികളും തീരക്കടലും പരമ്പരാഗത രീതികളിലൂടെയുള്ള മത്സ്യബന്ധനത്തിന് പേരുകേട്ടവയായിരുന്നു. 50,000 ഹെക്ടറിൽ അധികം വിസ്തൃതമായിരുന്ന കേരളത്തിലെ കായലുകളായിരുന്നു അന്ന് 30,000-ത്തിലധികം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മുഖ്യ തൊഴിൽരംഗം. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തോടെയുമാണ് കേരളത്തിന്റെ കായൽമത്സ്യമേഖല കൂടുതൽ ഊർജ്ജസ്വലമായത്. പോർട്ടുഗീസുകാരും സ്പെയിൻകാരും ഡച്ചുകാരും ചീനക്കാരുമൊക്കെ ഉപയോഗിച്ചിരുന്ന വിവിധതരം മത്സ്യബന്ധന ഉരുക്കളും ഉപകരണങ്ങളും മത്സ്യബന്ധനരീതികളും കേരളത്തിന്റെ കായലുകളിലും തീരക്കടലിലും പ്രചാരത്തിലായി. മത്സ്യത്തൊഴിലാളികൾ സ്വയം ഏറ്റെടുത്ത വിവിധതരം മത്സ്യബന്ധന രീതികൾ പരമ്പരാഗത മത്സ്യത്തൊഴിൽരീതികളെ കൂടുതൽ പരിപോഷിപ്പിക്കുന്നവയായിരുന്നു.

കേരളത്തിന്റെ കായൽ മത്സ്യമേഖലയിൽ ഇന്നും നിലവിലുള്ള മത്സ്യബന്ധന രീതികളായ ഊന്നിവല, ചീനവ



# അന്യമാകുന്ന പരമ്പരാഗത മത്സ്യമേഖലയും വൈതരണികളും

**കേരളത്തിലെ മത്സ്യമേഖലയ്ക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട് – നൂറ്റാണ്ടുകളിലൂടെ സ്വായത്തമാക്കിയിരുന്ന പാരമ്പര്യ മത്സ്യബന്ധനരീതികൾ വിട്ട് വിദേശീയ നൂതന സാങ്കേതികവിദ്യകളും യന്ത്രവത്കൃത മത്സ്യബന്ധനവും നാം ഇന്ന് സ്വീകരിച്ചു കഴിഞ്ഞു. ലാഭേച്ഛയുടെയും ചൂഷണത്തിന്റെയും വഴികൂടെ ഇതോടൊപ്പം ഇവിടെ തുറന്നു വന്നു.**

ല, വിരളിവല, പാച്ചിൽ ചങ്ങാടം, ഞണ്ടാർ വള്ളി എന്നിവയൊക്കെ വിദേശീയമാണെങ്കിലും കേരളത്തിലെ മത്സ്യത്തൊഴിലാളികൾ സ്വയം സ്വീകരിച്ച ഈ മത്സ്യബന്ധന രീതികൾ ഇന്ന് അവരുടെ പരമ്പരാഗത മത്സ്യബന്ധനരീതികളായി മാറിക്കഴിഞ്ഞു. 'കൊല്ലിവല'കളും 'നീട്ടുവല'കളും 'കമ്പാവല'കളും 'തട്ടുവല'കളും 'അടക്കംകൊല്ലി'യുമെല്ലാം മത്സ്യത്തൊഴിലാളികൾ പ്രായോഗികമായി പ്രയോജനപ്പെടുത്തിയ പരമ്പരാഗത മത്സ്യബന്ധന രീതികളാണ്.

ഉരുക്കളുടെ കാര്യത്തിലും കേരളത്തിലെ മത്സ്യത്തൊഴിലാളികൾ വളരെ പ്രായോഗിക ബുദ്ധിയുള്ളവരായിരുന്നു. തീരക്കടൽ മത്സ്യബന്ധനത്തിനായി അവർ തെരഞ്ഞെടുത്തത് വിദേശീയമായ ചാളത്തടിയും സ്വദേശീയമായ ഒറ്റത്തടി വള്ളങ്ങളും ആയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നൂറ്റാണ്ടുകളിലൂടെ പ്രായോഗികമായി സ്വായത്തമാക്കിയ മത്സ്യബന്ധനമുറകൾ അവരുടെ പാരമ്പര്യ മത്സ്യബന്ധന രീതികളായി മാറുകയായിരുന്നു എന്നു പറയാം. പ്രകൃതിദത്തമായ മത്സ്യസമ്പത്ത് നശിക്കാതെ സംരക്ഷിച്ചുകൊണ്ട്, സന്തുലിതമായ രീതിയിൽ മത്സ്യബന്ധനം നടത്തി, ഉപജീവനം കഴിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിലെ മത്സ്യരംഗത്ത് വിവിധങ്ങളായ വികസന പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. സമുദ്ര മത്സ്യബന്ധനരംഗം വിപുലപ്പെടുത്തുവാനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് വിപുലമായ പദ്ധതികളാണ് ഭാരതസർക്കാർ വിഭാവനം ചെയ്തത്. വിദേശീയമായ നൂതന സാങ്കേതികവിദ്യകളും യന്ത്രവത്കൃത മത്സ്യബന്ധനവും ഇന്ത്യയുടെ സമുദ്ര മത്സ്യബന്ധന മേഖലയിൽ ആവിഷ്കരിക്കുവാനാണ് ആദ്യമായി പദ്ധതികളിട്ടത്. ഇതിനായി രൂപം നൽകി ആവിഷ്കരിച്ച മൂന്നു വിദേശ സാങ്കേതിക-സാമ്പത്തിക-സഹായ പദ്ധതികളായിരുന്നു; ടി.സി.എം. പ്രോഗ്രാം, എഫ്.എ.ഒ. ടെക്നിക്കൽ അസിസ്റ്റൻസ് പ്രോഗ്രാം, ഇൻഡോ-നോർവീജിയൻ പ്രോജക്ട് എന്നിവ. ഈ പരീക്ഷണ പദ്ധതികളെല്ലാം തന്നെ ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയത് കേരളത്തിന്റെ സമുദ്രമത്സ്യബന്ധന മേഖലയിലാണ്. അമ്പതുകളുടെ തുടക്കത്തോടെ നടപ്പിലാക്കിയ ഈ മൂന്നു പദ്ധതികളും കേരളത്തിന്റെ പരമ്പരാഗത മത്സ്യമേഖലയെ സാങ്കേതികമായി നവീകരിക്കുന്നതിനും അതുവഴി മത്സ്യോത്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു (പട്ടിക 1)

### ടി.സി.എം. പ്രോഗ്രാം

കേരളത്തിന്റെ പരമ്പരാഗത മത്സ്യമേഖലയിൽ മത്സ്യബന്ധന നവീകരണത്തിനു നാന്ദികുറിച്ചത് ഈ പരിപാടിയിലൂടെയാണ്. മത്സ്യബന്ധനോപകരണങ്ങൾ നവീകരിക്കുന്നതിനുള്ള ഈ പരിപാടിയിലൂടെ മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ചുകൊണ്ടിരുന്ന 'പരുത്തിനൂൽവല'കൾക്കുപകരം 'നൈലോൺ നൂൽവല'കളും 'പൊങ്ങുതടി'കൾക്കുപകരം വിവിധതരം 'ഫ്ളോട്ടു'കളും 'ഭാരക്കട്ടികൾ'ക്കുപകരം 'സിങ്കറുകളും' പ്രചാരത്തിലായി. ക്രമേണ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അവർ വർഷങ്ങളായി ഉപയോഗിച്ചിരുന്ന പല



നാടൻ മത്സ്യബന്ധന ഉപകരണങ്ങളും ഉപേക്ഷിച്ചു തുടങ്ങി. പുത്തൻ ഉപകരണങ്ങളും സാങ്കേതികവിദ്യകളും നിലവിൽ വന്നതോടെ മത്സ്യബന്ധനരംഗം കൂടുതൽ ആകർഷകമാകുകയും ഈ രംഗത്തേയ്ക്ക് കൂടുതൽ തൊഴിലാളികൾ പുതുതായി വന്നുചേരുകയും ചെയ്തു. മത്സ്യത്തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും മത്സ്യബന്ധന ഉപകരണങ്ങളുടെ വില വർദ്ധിക്കുകയും ചെയ്തു. മത്സ്യോത്പാദനത്തിലും ഗണ്യമായ വർദ്ധനവുണ്ടായി. പരമ്പരാഗത മത്സ്യബന്ധന മേഖലയെ പുത്തൻ സാങ്കേതികവിദ്യകൾകൊണ്ട് പരിപുഷ്ടിപ്പെടുത്തുന്നതായിരുന്നു ടി.സി.എം. പ്രോഗ്രാം.

### എഫ്.എ.ഒ. ടെക്നിക്കൽ പ്രോഗ്രാം

മത്സ്യബന്ധനം തീരക്കടലിന്റെ കരയോടടുത്ത ഭാഗങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കാലത്താണ് പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾ യന്ത്രവത്കരിക്കുന്നതിനെക്കുറിച്ചും അല്ലെങ്കിൽ പുതിയതരം യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിനെക്കുറിച്ചും ആലോചിച്ചത്. കടൽമത്സ്യബന്ധനം കൂടുതൽ വ്യാപകമാക്കുവാനും അതുവഴി കൂടുതൽ മത്സ്യം ഉത്പാദിപ്പിക്കുവാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് എഫ്.എ.ഒ.യുടെ സാങ്കേതിക-സാമ്പത്തിക സഹായത്തോടെ ഒരു ടെക്നിക്കൽ പ്രോഗ്രാം ആവിഷ്കരിച്ചത്. ഈ പരിപാടിയുടെ ഭാഗമായി കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മറൈൻ ഡീസൽ എഞ്ചിനുകൾ ഉപയോഗിക്കുന്നതിനും, അത്തരം ബോട്ടുകളുപയോഗിച്ച് നൂതന മത്സ്യബന്ധന രീതികൾ ആവിഷ്കരിക്കുന്നതിനും പരിശീലനം നൽകി. ക്രമേണ പരിശീലനം ലഭിച്ച ധാരാളം ആളുകൾ മത്സ്യബന്ധന രംഗത്തേയ്ക്ക് കടന്നുവന്നു. കടൽ മത്സ്യബന്ധനമേഖല വിപുലപ്പെടുകയും മത്സ്യോത്പാദനം വർദ്ധിക്കുകയും ചെയ്തപ്പോൾ ഈ മേഖലയിലേക്കുള്ള മറ്റുള്ളവരുടെ കടന്നുവരവ് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഒരു തരത്തിലും ബാധിക്കുകയുണ്ടായില്ല. മറിച്ച് കേരളത്തിന്റെ സാമ്പത്തികരംഗത്ത് ഒരു പുത്തൻ ഉണർവ്വ് നൽകുവാൻ പരമ്പരാഗത മത്സ്യമേഖല പ്രാപ്തമാകുകയായിരുന്നു.

ടി.സി.എം. പ്രോഗ്രാമിന്റെയും, എഫ്.എ.ഒ. ടെക്നിക്കൽ പ്രോഗ്രാമിന്റെയും വിജയസാദ്ധ്യതകളുടെ വെളിച്ചത്തിൽ ഇന്ത്യയുടെ കടൽമത്സ്യരംഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ദരിദ്രവിഭാഗങ്ങളായിരുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിനും വേണ്ടി വളരെ വിപുലമായ ഒരു വിദേശ സാങ്കേതിക-സാമ്പത്തിക സഹായപദ്ധതിക്ക് ഇന്ത്യാ ഗവണ്മെന്റ് രൂപം നൽകി. ഇൻഡോ-നോർവീജിയൻ പ്രോജക്ട് (ഐ.എൻ.പി.) എന്നറിയപ്പെടുന്ന ഈ ബൃഹത്പദ്ധതി ഇന്ത്യയിൽ ആദ്യമായി പ്രവർത്തനമാരംഭിച്ചത് കേരളത്തിലാണ്.

### ഇൻഡോ-നോർവീജിയൻ പ്രോജക്ട് (ഐ.എൻ.പി.)

പരമ്പരാഗത മത്സ്യമേഖലയെ പുതിയ സാങ്കേതികവിദ്യകളിലൂടെ നവീകരിക്കുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ബൃഹത്തായ ഒരു പദ്ധതിയായിട്ടാണ് 1952-ൽ ഐ.എൻ.പി. ആവിഷ്കരിക്കപ്പെട്ടത്. കൊല്ലം ജില്ലയിലെ നീണ്ടകര-ശക്തികുളങ്ങര തീരദേശ ഗ്രാമങ്ങളിലാണ് ഐ.എൻ.പി. പ്രവർത്തനം തുടങ്ങിയത്. കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടെ തന്നെ കടൽ മത്സ്യബന്ധനരംഗത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ മുഖ്യപങ്ക് വഹിച്ച പദ്ധതിയാണിത്. യന്ത്രവത്കൃത മത്സ്യബന്ധനം വ്യാപകമാക്കുകയെന്ന പ്രധാന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിൽ ഐ.എൻ.പി. വിജയിക്കുകയുണ്ടായി.

കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധന ഉരുക്കളായ ഒറ്റത്തടി വള്ളങ്ങളും കെട്ടുവള്ളങ്ങളും യന്ത്രവത്കരിച്ച് വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുവാനും അതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുവാനുമായിരുന്നു ഐ.എൻ.പി. തുടക്കമിട്ടത്. എന്നാൽ കടൽ മത്സ്യബന്ധനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പരമ്പരാഗത ഉരുക്കൾ യന്ത്രവത്കരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾക്ക് വിജയം കണ്ടെത്താനായില്ല. അതിനുപകരം ചെറുകിട യന്ത്രവത്കൃത ബോട്ടുകൾ മത്സ്യബന്ധനത്തിനായി തയ്യാറാക്കുകയും അവ മത്സ്യത്തൊഴിലാളികൾക്ക് നൽകുവാനും അവരെ യന്ത്രവത്കൃത മത്സ്യബന്ധന രീതികളവലംബിച്ച് മീൻപിടിക്കുവാൻ പ്രാപ്തരാക്കുവാനും പുതിയ പദ്ധതികളാവിഷ്കരിക്കുകയാണ് ഐ.എൻ.പി.യിലൂടെ ചെയ്തത്.

### ജനറൽ മെക്കനൈസേഷൻ സ്കീം

ഇൻഡോ-നോർവീജിയൻ പദ്ധതിയിലൂടെ വിജയകരമായി പരീക്ഷിക്കപ്പെട്ട ചെറുകിട യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിച്ചുള്ള തീരക്കടൽ മത്സ്യബന്ധനം വിപുലപ്പെടുത്തുന്നതിന് കേരളസർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു. ഇതിനായി പ്രത്യേക പാക്കേജ് പദ്ധതികൾ തന്നെ വിഭാവനം ചെയ്തു. 'ജനറൽ മെക്കനൈസേഷൻ' 'സ്മാൾ ബോട്ട് മെക്കനൈസേഷൻ' എന്നീ പദ്ധതികളുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് 20 അടി മുതൽ 32 അടിവരെ നീളമുള്ള യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾ 'വില-വാടക' വ്യവസ്ഥയിൽ വിതരണം ചെയ്തു. മത്സ്യത്തൊഴിലാളികൾക്ക് ബോട്ടുകൾ നിർമ്മിച്ചു

പട്ടിക 1

**കേരളത്തിന്റെ കടൽ മത്സ്യമേഖലയിൽ നടപ്പിലാക്കിയ യന്ത്രവത്കൃത മത്സ്യബന്ധന പ്രോത്സാഹന പദ്ധതികൾ**

| നം. | പദ്ധതിയുടെ പേര് | തുടങ്ങിയ വർഷം |
|---|---|---|
| 1 | ടി.സി.എം. പ്രോഗ്രാം | 1950 |
| 2 | എഫ്.എ.ഒ. ടെക്നിക്കൽ അസിസ്റ്റൻസ് പ്രോഗ്രാം | 1951 |
| 3 | ഇൻഡോ-നോർവീജിയൻ പ്രോജക്ട് (ഐ.എൻ.പി.) | 1952 |
| 4 | ജനറൽ മെക്കനൈസേഷൻ സ്കീം (ജി.എം.എസ്) | 1962 |
| 5 | സ്മാൾ ബോട്ട് മെക്കനൈസേഷൻ പ്രോഗ്രാം (എസ്.ബി.എം.പി.) | 1968 |
| 6 | അപ്ലൈഡ് ന്യൂട്രിഷൻ പ്രോഗ്രാം (എ.എൻ.പി.) | 1968 |
| 7 | എഫ്.ടി.സി. - സ്കീം | 1970 |
| 8 | എ.ആർ.ഡി.സി. - പദ്ധതികൾ (നാലെണ്ണം) | 1974 |
| 9 | പാക്കേജ് പദ്ധതികൾ (മൂന്നെണ്ണം) | 1978 |
| 10 | ഗിൽ നെറ്റ് സ്കീം | 1978 |
| 11 | ഐ.എഫ്.ഡി.പി. - എൻ.സി.ഡി.സി. പദ്ധതികൾ (എട്ടെണ്ണം) | 1985 |



### പട്ടിക 2
## മത്സ്യസമ്പത്ത് സംരക്ഷണം - വിദഗ്ധ പഠനകമ്മിറ്റികൾ

**I കടൽ മേഖല**

| നം. | കമ്മിറ്റിയുടെ പേര് | റിപ്പോർട്ട് വർഷം |
|---|---|---|
| 1 | ബാബുപോൾ കമ്മിറ്റി | 1981 |
| 2 | കലാവർ കമ്മിറ്റി | 1985 |
| 3 | പ്രൊഫ. ബാലകൃഷ്ണൻ നായർ കമ്മിറ്റി - I | 1989 |
| 4 | കോർടീം ആന്റ് സ്റ്റഡി ഗ്രൂപ്പ് | 1990 |
| 5 | പ്രൊഫ. ബാലകൃഷ്ണൻ നായർ കമ്മിറ്റി - II | 1991 |
| 6 | പി.എസ്.ബി.ആർ. ജെയിംസ് കമ്മിറ്റി | 1992 |
| 7 | ഇ.ജി. സൈലാസ് കമ്മിറ്റി | 1992 |
| 8 | പ്രൊഫ. ബാലകൃഷ്ണൻ നായർ കമ്മിറ്റി - III | 2000 |
| 9 | ട്രോൾ-ബാൻ ഇംപാക്ട് സ്റ്റഡി ടീം | 2001 |
| 10 | മീനാകുമാരി കമ്മിറ്റി | 2003 |

**II കായൽ മേഖല**

| നം. | കമ്മിറ്റിയുടെ പേര് | റിപ്പോർട്ട് വർഷം |
|---|---|---|
| 1 | സഞ്ജീവഘോഷ് കമ്മീഷൻ | 1987 |
| 2 | ഡോ. അളഗർ സ്വാമി കമ്മിറ്റി | 1991 |



നൽകുന്നതിന് ബോട്ട് ബിൽഡിംഗ് യാർഡുകളും ഫിഷറീസ് വകുപ്പ് ആരംഭിച്ചു. യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിക്കുന്നതിനും അവയിൽ നിന്നു പുതിയ തരം വലകൾ (ട്രോൾ വലകളും മറ്റു ബോട്ടുസീനുകളും) ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിനും മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുവാനാവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിന് ഫിഷർമെൻ ട്രെയിനിംഗ് സെന്ററുകളും ഈ പദ്ധതികളുടെ ഭാഗമായി സ്ഥാപിക്കപ്പെട്ടു.

### മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ

യന്ത്രവത്കൃത മത്സ്യബന്ധനത്തിന്റെ പ്രയോജനം യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുവാൻ വേണ്ടി കേരളത്തിലുടനീളം മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ രൂപീകരിച്ചു. പ്രസ്തുത സംഘങ്ങൾക്ക് വിലവാടക വ്യവസ്ഥയിൽ ബോട്ടുകൾ നൽകുവാൻ ബൃഹത്തായ പദ്ധതികളാവിഷ്കരിച്ചു. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിലൂടെയും മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പുകളിലൂടെയും കടൽമത്സ്യബന്ധനം കാര്യക്ഷമമാക്കുന്നതിന് ഉദാരമായ വ്യവസ്ഥയിൽ ആയിരത്തിലധികം യന്ത്രവത്കൃതബോട്ടുകൾ ഫിഷറീസ് വകുപ്പ് വഴി വിതരണം ചെയ്തു. മത്സ്യമേഖലയിൽ 1200-ലധികം മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ രൂപംകൊണ്ടു. യന്ത്രവത്കൃത മത്സ്യബന്ധനം വൻവിജയമായതോടെ, സ്വകാര്യ സംരംഭകരും വ്യവസായികളും ഈ രംഗത്തേയ്ക്ക് കടന്നു വന്നു. കൂടുതൽ കൂടുതൽ യന്ത്രവത്കൃത ബോട്ടുകളും പുതിയ തൊഴിലാളികളും മത്സ്യമേഖലയിൽ എത്തിച്ചേർന്നു. ക്രമേണ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾ സ്വകാര്യസംരംഭകരുടെ പിടിയിലായി. ഫലത്തിൽ യന്ത്രവത്കൃത മത്സ്യബന്ധനമേഖല പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിയന്ത്രണത്തിൽ നിന്നുമകന്നു പോകുകയും സ്വകാര്യസംരംഭകരുടെ നേതൃത്വത്തിൽ കൂടുതൽ കരുത്തുറ്റ ഒരു യന്ത്രവത്കൃത മത്സ്യബന്ധന മേഖല കേരളത്തിൽ ഉദയം ചെയ്യുകയും ഉണ്ടായി. അതോടെ സർക്കാർ വിതരണം ചെയ്ത യന്ത്രവത്കൃത ബോട്ടുകളുടെ ഉടമസ്ഥതയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമായിക്കൊണ്ടിരുന്നു. അവർ വൻകിട മുതലാളിമാരായ ബോട്ടുടമകളുടെ കടക്കാരും കൂലിക്കാരുമായി മാറുകയാണ് ഉണ്ടായത്.

ഇതോടെ യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾ ഭൂരിപക്ഷവും പരാജയപ്പെട്ടു. കേരളത്തിന്റെ സഹകരണ മേഖലയിൽ മുൻപന്തിയിൽ നിന്നിരുന്ന നല്ലൊരു ശതമാനം മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളും മറ്റുള്ളവരുടെ നിയന്ത്രണത്തിലാകുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾ മിക്കവരും വലിയ കടബാധ്യത ഉള്ളവരായി മാറി എന്നതാണ് വസ്തുത.

യഥാർത്ഥ മത്സ്യത്തൊഴിലാളികളെ യന്ത്രവത്കൃത മേഖലയിൽ നിലനിർത്തുന്നതിനായി പല പദ്ധതികളും സർക്കാർ പിന്നീടും ആവിഷ്കരിക്കുകയുണ്ടായി. എ.ആർ.ഡി.സി. സ്കീമുകളും, പ്രത്യേക പാക്കേജ് പദ്ധതികളും വഴി മത്സ്യത്തൊഴിലാളികൾക്കും അവരുടെ ഗ്രൂപ്പുകൾക്കും സഹകരണസംഘങ്ങൾക്കും യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾ വീണ്ടും വിതരണം ചെയ്തു. എന്നാൽ സ്വകാര്യസംരംഭകരുടെയും വ്യവസായികളുടെയും വാണിജ്യതാത്പര്യങ്ങൾക്കനുസൃതമായി നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടു വന്ന യന്ത്രവത്കൃത മത്സ്യബന്ധന മേഖലയുമായി പൊരുത്തപ്പെടുവാനോ മത്സരിക്കുവാനോ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രാപ്തരായിരുന്നില്ല. ഫലത്തിൽ പരമ്പരാഗത മത്സ്യബന്ധന മേഖലയെ തളർത്തിക്കൊണ്ട് ശക്തമായ ഒരു യന്ത്രവത്കൃത മത്സ്യബന്ധന മേഖല കേരളത്തിൽ നാൾക്കുനാൾ അഭിവൃദ്ധിപ്പെടുകയായിരുന്നു. യന്ത്രവത്കൃത മത്സ്യബന്ധന മേഖലയെ സാങ്കേതികമായോ സാമ്പത്തികമായോ നിയന്ത്രിക്കുന്നതിനാവശ്യമായ ഇടപെടലുകളോ നടപടികളോ ഒന്നും തന്നെ ഉണ്ടായില്ല എന്ന പരാതിയാണ് ഇന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ളത്.

വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യോത്പാദനം അഭിവൃദ്ധിപ്പെടുത്തുവാൻ ആവിഷ്കരിച്ച പദ്ധതികളെല്ലാം തന്നെ യന്ത്രവത്കൃത മത്സ്യബന്ധന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അന്യമായിത്തീർന്ന യന്ത്രവത്കൃത മത്സ്യബന്ധന മേഖലയുമായി യഥാർത്ഥ മത്സ്യത്തൊഴിലാളികൾ നിരന്തരം ഇടയുകയും അവർക്കെതിരെ സമരം തുടങ്ങുകയും ചെയ്തു. ഭൂരിഭാഗം മത്സ്യസമ്പത്തും കൊയ്തെടുക്കുന്ന യന്ത്രവത്കൃത മത്സ്യബന്ധനം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലിനും വരുമാനത്തിനും ജീവനും ഭീഷണിയായിരിക്കുന്നു എന്നും കടൽ മത്സ്യസമ്പത്ത് അമിതചൂഷണത്തിനു വിധേയമാകുന്നു എന്നും മുറവിളികളുയർന്നു.

## സമ്പദ്ശോഷണവും സംഘർഷങ്ങളും


1970-കളുടെ അവസാനത്തോടെ യന്ത്രവത്കൃത മത്സ്യമേഖലയ്ക്കെതിരെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സംഘടിതമായ ചെറുത്തുനിൽപുകളും സമരമുറകളുമായി രംഗപ്രവേശം ചെയ്തു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന തീരക്കടൽമത്സ്യസമ്പത്ത് അമിതമായ തോതിൽ ചൂഷണം ചെയ്യുവാൻ യന്ത്രവത്കൃതമേഖല ശ്രമിച്ചപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്നും ശക്തമായ ചെറുത്തുനിൽപുണ്ടായി. ഇരുമേഖലകളിലെയും തൊഴിലാളികൾ തമ്മിലുള്ള സംഘർഷത്തിന്റെ രൂക്ഷത വർദ്ധിക്കുകയും കടലിലും കരയിലും സംഘട്ടനങ്ങൾ വരെ ഉണ്ടാകുകയും ചെയ്തു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറെ എതിർത്തത് യന്ത്രവത്കൃത ബോട്ടുകൾ നടത്തുന്ന 'ബോട്ടു ട്രോളിംഗ്' രീതിയിലുള്ള മത്സ്യബന്ധനത്തെ ആയിരുന്നു. അന്നേവരെ മറ്റ് സാമൂഹിക പ്രശ്നങ്ങളുടെ പേരിൽ മാത്രം സംഘടിച്ചിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ജാതിമതഭേദമന്യേ ട്രോളിംഗ് രീതിയിലുള്ള മത്സ്യബന്ധനത്തിനെതിരെ സംഘടിച്ചു തുടങ്ങി. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ തൊഴിലടിസ്ഥാനത്തിൽ സംഘടിക്കുവാൻ കാരണമായത് ഈ സംഘർഷമാണ് എന്നത് പ്രത്യേകം എടുത്തുപറയാവുന്നതാണ്.

## മത്സ്യബന്ധനനിയന്ത്രണ നിയമം

കേരളത്തിന്റെ മത്സ്യബന്ധന മേഖലയിൽ കർശനമായ നിയന്ത്രണങ്ങളുണ്ടാകേണ്ടതിന്റെ ആവശ്യകത ഭരണാധികാരികൾക്ക് ആദ്യമായി ബോധ്യപ്പെട്ടതും ഈ സന്ദർഭത്തിലാണ്. ഈ അവസ്ഥാവിശേഷങ്ങളാണ് സംസ്ഥാന രൂപീകരണത്തിനു ശേഷം 30 വർഷങ്ങൾ കഴിഞ്ഞപ്പോൾ ഒരു മത്സ്യമേഖലാനിയമമുണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ചത്. 1980-ലെ കേരള മത്സ്യബന്ധന നിയന്ത്രണ നിയമം കേരളത്തിന്റെ അധികാര പരിധിയിൽ വരുന്ന 12 നോട്ടിക്കൽ മൈൽ (ഏകദേശം 22 കി.മീ.) കടൽ പ്രദേശത്തെ മത്സ്യബന്ധനാവകാശം നിയന്ത്രണവിധേയമാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടാവിഷ്കരിച്ചതാണ്. ഇത് ഇന്ത്യയിലെ മറ്റുതീരസംസ്ഥാനങ്ങൾക്ക് ഒരു മാതൃകയും മുന്നറിയിപ്പുമായി മാറി.

## മത്സ്യമേഖലയുടെ ആസൂത്രണം

1980 മുതൽ കേരളത്തിന്റെ മത്സ്യമേഖലയിൽ ചില പുത്തൻ പ്രവണതകൾ ശക്തമായി തീർന്നു. ബോധപൂർവ്വം ആവിഷ്കരിക്കപ്പെട്ട ഈ പ്രവണതകൾ മുഖ്യമായും മൂന്നു കാര്യങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു.



പട്ടിക 3

### സംയോജിത മത്സ്യവികസന പദ്ധതികൾ
### (എൻ.സി.ഡി.സി. സഹായത്തോടെ മത്സ്യഫെഡ് - സഹകരണ സംഘങ്ങൾ വഴിനടപ്പിലാക്കിയ - ഐ.എഫ്.ഡി.പി. പദ്ധതികൾ)

*(തുക ലക്ഷം രൂപ)*

| നം. | പദ്ധതിയുടെ പേര് | പദ്ധതി കാലയളവ് | പദ്ധതിയുടെ അടങ്കൽ തുക | ഗുണഭോക്താളുടെ എണ്ണം |
|---|---|---|---|---|
| 1 | ഐ.എഫ്.ഡി.പി. - ഒന്നാം ഘട്ടം | 1985-91 | 555.84 | 4577 |
| 2 | ഐ.എഫ്.ഡി.പി. - രണ്ടാം ഘട്ടം | 1987-94 | 1034.28 | 7223 |
| 3 | ഐ.എഫ്.ഡി.പി. - മൂന്നാം ഘട്ടം | 1991-97 | 4228.68 | 20795 |
| 4 | ഐ.എഫ്.ഡി.പി. - ഇൻലാന്റ് | 1998-2000 | 636.37 | 472 |
| 5 | ഐ.എഫ്.ഡി.പി. - 1998 | 1998-99 | 1989.75 | 4615 |
| 6 | ഐ.എഫ്.ഡി.പി. - 1999 | 1999-2000 | 1690.00 | 3006 |
| 7 | ഐ.എഫ്.ഡി.പി. - 2000 | 2000-01 | 1634.85 | 5229 |
| 8 | ഐ.എഫ്.ഡി.പി. - 2001 | 2002-03 | 2702.00 | 3651 |
| 9 | ഐ.എഫ്.ഡി.പി. - 2003 | 2004-05 | 2565.00 | - |
| | മൊത്തം | | 17036.77 | 49568 |

**കുറിപ്പ് :** രണ്ടു ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളിൽ 50,000 പേർക്ക് (25%) മാത്രമെ ഈ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുള്ളു. 170.37 കോടി അടങ്കൽ തുക വരുന്ന ഈ പദ്ധതികളുടെ ആളോഹരി വിഹിതം 35 ലക്ഷം രൂപയോളം വരുന്നു. 170 കോടി രൂപയിൽ 110 കോടിയോളം രൂപ (65%) ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ ഖജനാവിൽ നിന്നും സബ്സിഡിയായും ഷെയറായും നൽകിയതാണ്. മത്സ്യമേഖലയിൽ കഴിഞ്ഞ 20 വർഷത്തിനുള്ളിൽ നടപ്പാക്കിയ 10-ലധികം ബൃഹത് പദ്ധതികളിൽ ഒന്നിന്റെ മാത്രം ചിത്രമാണിത്. ഈ പദ്ധതി നടപ്പാക്കുവാൻ സംസ്ഥാന സർക്കാർ 170.37 കോടി രൂപയും എൻ.സി.ഡി.സി.യിൽ നിന്നും 12-14% നിരക്കിൽ കടമെടുക്കുകയായിരുന്നു.

1. മത്സ്യബന്ധന മേഖലയെ പൂർണ്ണമായും വ്യവസായവത്കരിക്കുകയും പരമ്പരാഗത മത്സ്യമേഖലയെ ഈ യന്ത്രവത്കൃത - വ്യവസായ മേഖലയുടെ ഭാഗമാക്കുകയും ചെയ്യുക.
2. പരമ്പരാഗത മത്സ്യമേഖലകൾ, പരമ്പരാഗത രീതികൾ എന്നിവ ഉപേക്ഷിച്ച് പുത്തൻ മത്സ്യബന്ധന രീതികൾ സ്വീകരിക്കുവാൻ അവരെ പ്രാപ്തരാക്കുക.
3. മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള എല്ലാ തീരദേശവാസികളേയും പൂർണ്ണമായും രാഷ്ട്രീയവത്കരിക്കുക.

മത്സ്യബന്ധന മേഖലയിലെ വ്യവസായവത്കരണം ത്വരിതപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിക്കപ്പെട്ടത്. ചെറുകിട യന്ത്രവത്കൃത ബോട്ടുകൾക്കുപകരം വലിയ ബോട്ടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം പ്രോത്സാഹിപ്പിച്ചു. പുറംകടൽ, ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള പല പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ചു. പരമ്പരാഗത മത്സ്യബന്ധന മേഖലയിലെ ഉരുക്കളും ഉപകരണങ്ങളും നവീകരിക്കുന്നതിനും യന്ത്രവത്കരിക്കുന്നതിനും മോട്ടോർവത്കരണം വ്യാപകമായി നടപ്പിലാക്കുന്നതിനും പദ്ധതികളാവിഷ്കരിക്കപ്പെട്ടു. യന്ത്രവത്കൃത മത്സ്യബന്ധന മേഖലയുമായി പൊരുത്തപ്പെടത്തക്ക രീതിയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുവാൻ ഔട്ട് ബോർഡ് മോട്ടോറുകൾ (ഒ.ബി.എം.) ഘടിപ്പിച്ച വലിയ വള്ളങ്ങൾ നിർമ്മിച്ചു.

മത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും രാഷ്ട്രീയവത്കരിക്കുന്നതിനായി ബോധപൂർവ്വം ചില പദ്ധതികളാവിഷ്കരിക്കപ്പെട്ടു. മത്സ്യത്തൊഴി

ലാളി സഹകരണസംഘങ്ങൾക്കുപകരം മത്സ്യമേഖലയ്ക്കു മാത്രമായി, മുഴുവൻ മത്സ്യത്തൊഴിലാളികളും സ്വയമേ അംഗങ്ങളായി മാറുന്ന തരത്തിലുള്ള ഒരു പുതിയ നിയമം – 'കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം – നിയമം 1980' – ആവിഷ്കരിക്കുകയുണ്ടായി. 1980–നുശേഷം മത്സ്യമേഖലയിൽ ഏറ്റവും ശക്തമായിക്കണ്ട പ്രവണത രാഷ്ട്രീയവത്കരണമായിരുന്നു. 1980–ലെ മത്സ്യത്തൊഴിലാളി ക്ഷേമസംഘം-നിയമം അനുസരിച്ച് 590 കി.മീ. ദൂരമുള്ള കേരളത്തിന്റെ, തീരപ്രദേശത്തെ 222 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളായി വേർതിരിച്ചതും രാഷ്ട്രീയവത്കരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുകയുണ്ടായി.

### ട്രോളിംഗ് നിരോധനവും വിദഗ്ധ കമ്മിറ്റികളും

യന്ത്രവത്കൃത മത്സ്യമേഖലയും പരമ്പരാഗത മത്സ്യമേഖലയും തമ്മിൽ വർദ്ധിച്ചുവന്ന സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി 1980–ലാണ് 'ട്രോളിംഗ് നിരോധനം' ആദ്യമായി പ്രഖ്യാപിച്ചത്. എന്നാൽ ഈ പ്രഖ്യാപനം അസാധുവാക്കിക്കൊണ്ട് ഉത്തരവിട്ട കേരള ഹൈക്കോടതി കേരളത്തിന്റെ കടൽമത്സ്യരംഗത്ത് നിലവിലിരിക്കുന്ന മത്സ്യസമ്പത്ച്ചൂഷണം സംബന്ധിച്ച അഭിപ്രായവ്യത്യാസങ്ങളും വസ്തുതകളും പഠിച്ചു മനസ്സിലാക്കുവാനും മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും മത്സ്യസമ്പത്തിന്റെയും സ്ഥായിയായ സംരക്ഷണത്തിനും വികസനത്തിനും ആവശ്യമായ ശാസ്ത്രീയവും ഭരണപരവുമായ നടപടികൾ കൈക്കൊള്ളുവാനും നിർദ്ദേശിച്ചു. ഈ പശ്ചാത്തലത്തിലാണ് 1980–ൽ അന്നത്തെ ഫിഷറീസ് സെക്രട്ടറിയായിരുന്ന ഡി. ബാബുപോൾ ചെയർമാനായി 13 അംഗങ്ങളടങ്ങുന്ന ഒരു വിദഗ്ധ കമ്മിറ്റിയെ മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തി സർക്കാരിന് ശുപാർശകൾ സമർപ്പിക്കുവാൻ നിയോഗിച്ചത് (പട്ടിക–2). ഒപ്പം പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സഹായിക്കുവാൻ 'മോട്ടോർവത്കരണത്തിനുള്ള വിപുലമായ പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു. എൻ.സി.ഡി.സി.യിൽ നിന്നും കോടിക്കണക്കിന് തുകകൾ ഈ പദ്ധതികൾക്കായി കടം വാങ്ങി മത്സ്യഫെഡ് വഴി മത്സ്യമേഖലയിൽ ചെലവാക്കി. (പട്ടിക–3)

1980–കളുടെ ആദ്യവർഷങ്ങളിൽ പരമ്പരാഗത മത്സ്യമേഖലയെ മോട്ടോർവത്കരിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ചു. എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ മത്സ്യഫെഡ് (മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ സംസ്ഥാന ഫെഡറേഷൻ) വഴി നടപ്പിലാക്കിയ 'ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച വള്ളങ്ങൾ' ഉപയോഗിച്ചുള്ള മത്സ്യബന്ധനം പരമ്പരാഗത മത്സ്യമേഖലയിൽ ഒരു പുത്തൻ ഉണർവും വാശിയും ഉളവാക്കി. ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച പുതിയ വലിയ വള്ളങ്ങൾ കടലിലിറക്കിക്കൊണ്ടാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ യന്ത്രവത്കൃത ബോട്ടുകളുമായി മത്സരിച്ചത്. 'പഴ്സീൻ' വലകളുടെ മാതൃകയിലുള്ള 'റിംഗ്സീൻ' വലകളുപയോഗിച്ചാണ് 'ഔട്ട്ബോർഡ്-മോട്ടോർ യൂണിറ്റുകൾ' മത്സ്യബന്ധനം നടത്തിയത്. ട്രോളിംഗ് നിരോധനത്തിനുവേണ്ടി മുറവിളി തുടരവേ തന്നെ മോട്ടോർവത്കൃത മത്സ്യബന്ധനം കേരളത്തിന്റെ കടലിൽ വളരെ വ്യാപകമായി.

1981–ൽ ബാബുപോൾ കമ്മിറ്റി അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. ബാബുപോൾ കമ്മിറ്റിയിലെ അംഗങ്ങൾ ട്രോളിംഗ് നിരോധനത്തിന്റെ കാര്യത്തിൽ വ്യത്യസ്താഭിപ്രായം പുലർത്തുന്നവരായിരുന്നു.

## ഒരു മീനും ഒരു നെല്ലും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ ഒരു മീനും ഒരു നെല്ലും പരിപാടി നടപ്പിലാക്കും. ഫിഷറീസ് വകുപ്പ് സൗജന്യമായി മത്സ്യക്കുഞ്ഞുങ്ങളെ നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വളർത്താനുള്ള സ്ഥലം കണ്ടെത്തി നൽകണം. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെയാവും ഇത് നടപ്പിലാക്കുക. ഈ പരിപാടി സംബന്ധിച്ച സാങ്കേതിക ഉപദേശങ്ങളും പരിശീലനവും ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർ നൽകും. മന്ത്രി ചെർക്കളം അബ്ദുള്ള അറിയിച്ചതാണിത്. സെപ്തംബർ മൂന്നാം വാരം സംസ്ഥാനതല ഉദ്ഘാടനം കോട്ടയം ജില്ലയിൽ നടത്തും.

'മൺസൂൺകാല ട്രോളിംഗ് നിരോധനം' പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഒന്നടങ്കം ആവശ്യപ്പെട്ട ഒരു 'ഡിമാൻഡ്' ആയിരുന്നു. ഇതേച്ചൊല്ലി സമരങ്ങളും സംഘർഷങ്ങളും തുടർന്നപ്പോൾ 1984–ൽ കേരളത്തിനുപുറത്തുള്ള വിദഗ്ധന്മാരെയും ശാസ്ത്രജ്ഞന്മാരെയും മാത്രം ഉൾപ്പെടുത്തി മറ്റൊരു വിദഗ്ധ കമ്മിറ്റിയെക്കൂടി ഈ വിഷയങ്ങൾ പഠിക്കുന്നതിനു കേരള സർക്കാർ നിയോഗിച്ചു. ഡോ. കലാവർ ചെയർമാനായുള്ള പ്രസ്തുത കമ്മിറ്റി 1985–ൽ അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. മൺസൂൺകാല ട്രോളിംഗ് നിരോധനം ചെമ്മീൻ സമ്പത്തിന്റെ സംരക്ഷണത്തിനു വേണ്ടി ആണെങ്കിൽ ആവശ്യമില്ല എന്നായിരുന്നു കലാവർ കമ്മിറ്റിയുടെ ശുപാർശ. എന്നാൽ കേരളത്തിന്റെ മത്സ്യസമ്പത്ത് നശിക്കാതെ സംരക്ഷിക്കണമെങ്കിൽ വളരെ കർശനമായ പല നടപടികളും അടിയന്തരമായി സ്വീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. 3000–ത്തിലധികം ഉണ്ടായിരുന്ന യന്ത്രവത്കൃത ബോട്ടുകളുടെ എണ്ണം 1145 ആയി കുറയ്ക്കണമെന്ന് കലാവർ കമ്മിറ്റി പ്രത്യേകം ചൂണ്ടിക്കാട്ടി. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുവാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികളും യന്ത്രവത്കൃത ബോട്ടുടമകളും തയ്യാറായില്ല. തുടർന്ന് കേരളത്തിന്റെ കടൽ മത്സ്യമേഖല കൂടുതൽ സംഘർഷഭരിതമാകുകയായിരുന്നു.

കടൽ മത്സ്യമേഖലയിലെ വിഭവചൂഷണം സംബന്ധിച്ച പ്രശ്നങ്ങൾ സജീവമായതോടെ കേരളത്തിന്റെ കായൽ മത്സ്യമേഖലയിലെ മത്സ്യബന്ധന പ്രശ്നങ്ങൾ രൂക്ഷമായി. അനധികൃത മത്സ്യബന്ധനവും അതിനുവേണ്ടിയുള്ള കായൽ കയ്യേറ്റവും വ്യാപകമായതോടെ കായൽ മേഖലയും പ്രശ്നസങ്കീർണ്ണമായി. കായൽ മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു ഏകാംഗ കമ്മിഷനെ (സഞ്ജീവഘോഷ് കമ്മിഷൻ–1987) സർക്കാർ നിയോഗിച്ചു. പ്രസ്തുത കമ്മീഷൻ കേരളസർക്കാരിനു നൽകിയ റിപ്പോർട്ടിൽ കായൽ മത്സ്യമേഖലയിലെ വളരെ ഗൗരവമേറിയ പല പ്രശ്നങ്ങളും ചൂണ്ടിക്കാട്ടുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ കായലുകളിൽ 3887 ഊന്നിവലകളും 3131 ചീനവലകളും അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് കമ്മിഷൻ കണ്ടെത്തി. കേരളത്തിന്റെ കടൽമത്സ്യസമ്പത്ത് നശിക്കാതെ സംരക്ഷിക്കുന്നതിന് കായൽ മത്സ്യസമ്പത്ത് കൂടി സംരക്ഷിക്കേണ്ടതുണ്ടെന്നും കമ്മിഷൻ ചൂണ്ടിക്കാട്ടി. സഞ്ജീവഘോഷ് കമ്മിഷന്റെ ശുപാർശകളെ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ കായലുകളിൽ നിന്ന് അനധികൃത ഊന്നി ചീനവലകൾ നീക്കം ചെയ്യുന്നതിനെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ കേന്ദ്ര സർക്കാരും ഒരു കമ്മിറ്റിയെ (ഡോ. അജഗർസ്വാമി കമ്മിറ്റി) നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി സഞ്ജീവഘോഷ് കമ്മിഷന്റെ റിപ്പോർട്ടിലെ ശുപാർശകളെ അനുകൂലിക്കുകയും കേന്ദ്രസർക്കാരിന്റെ കൂടെ സഹായം ഇക്കാര്യത്തിൽ ആവശ്യമായിരിക്കുന്നു എന്ന് കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തു.

കടൽമേഖലയിലും കായൽ മേഖലയിലും മത്സ്യബന്ധന പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമായതോടെ കേരള സർക്കാർ 1988–ൽ വീണ്ടും മൺസൂൺകാല ട്രോളിംഗ് നിരോധനമേർപ്പെടുത്തി. ട്രോളിംഗ് നിരോധനത്തിന്റെയും മത്സ്യസമ്പത്ത് സംരക്ഷണത്തിന്റെയും ആവശ്യകതകളെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും സർക്കാരിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന

തിനും പ്രൊഫ. ബാലകൃഷ്ണൻനായർ ചെയർമാനായി ഒരു പത്തംഗ വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇപ്രകാരം പറയുകയുണ്ടായി.

കേരളത്തിന്റെ കടലിലെ 'മത്സ്യ-ചെമ്മീൻ സമ്പത്ത്' സംരക്ഷിക്കുന്നതിന് വളരെ കർശനമായ സമ്പത്സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മത്സ്യസമ്പത്ത് സംരക്ഷണത്തിന് 'മൺസൂൺകാല ട്രോളിംഗ് നിരോധനം' ആവശ്യമുണ്ടോയെന്ന് അസന്ദിഗ്ധമായി പറയണമെങ്കിൽ അതേക്കുറിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമായിരിക്കുന്നുവെന്നും ബാലകൃഷ്ണൻനായർ കമ്മിറ്റി ചൂണ്ടിക്കാട്ടി. പ്രസ്തുത പഠനത്തിനുവേണ്ടി തുടർച്ചയായി മൂന്നുവർഷക്കാലം മൺസൂൺ കാലത്ത് യന്ത്രവത്കൃത മത്സ്യബന്ധനം മൂന്നുമാസത്തേക്ക് നിരോധിക്കണമെന്നും നിരോധനത്തിന്റെ വിവിധങ്ങളായ ഗുണ-ദോഷ-വശങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി പഠിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പഠനകമ്മിറ്റിയെ തന്നെ നിയോഗിക്കണമെന്നും പ്രൊഫ. ബാലകൃഷ്ണൻനായർ കമ്മിറ്റി അഭിപ്രായപ്പെട്ടു. 1989 മുതൽ വർഷംതോറും മൺസൂൺ കാലത്ത് 45 ദിവസം വീതം 'ട്രോളിംഗ്' നിരോധിക്കുന്ന ഒരു ഭരണനടപടിക്ക് സർക്കാർ തുടക്കം കുറിച്ചു. മൺസൂൺ കാല ട്രോളിംഗ് നിരോധനം തുടർന്നുള്ള എല്ലാ വർഷങ്ങളിലും നടപ്പിലാക്കി. ഇപ്പോൾ ട്രോളിംഗ് നിരോധനം മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ ഒരു നടപടിയായി പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. കഴിഞ്ഞ 15 വർഷങ്ങളിലധികമായി വലിയ എതിർപ്പുകളൊന്നുമില്ലാതെ മൺസൂൺകാല ട്രോളിംഗ് നിരോധനം ഫലപ്രദമായിത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്. മൺസൂൺകാല ട്രോളിംഗ് നിരോധനത്തിന്റെ ഫലമായി കുറഞ്ഞുവന്ന കടൽ മത്സ്യോത്പാദനം ഗണ്യമായി കൂടുകയുണ്ടായി എന്നു കണക്കുകൾ സൂചിപ്പിക്കുന്നു.

കേരളത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് മൺസൂൺ ട്രോളിംഗ് നിരോധനത്തിനു പുറമെ കൂടുതൽ കർശനമായ പല നടപടികളും ആവശ്യമായിരിക്കുന്നു എന്നുള്ളതാണ് വസ്തുത. മത്സ്യസമ്പത്തിന്റെ സ്ഥായിയായ നിലനിൽപിന് ഹാനികരമായ പല മത്സ്യബന്ധനരീതികളും ഇന്ന് വ്യാപകമായിരിക്കുന്നു. കടൽ മത്സ്യബന്ധനത്തിനായി അമിതമായ മൂലധനനിക്ഷേപം ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. മത്സ്യബന്ധനത്തിനായി പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ തന്നെ സാങ്കേതികമായി ആശാസ്യമല്ലാത്ത പല പ്രവണതകളും വ്യാപകമായ തോതിൽ തന്നെ കണ്ടുവരുന്നു. കേരളത്തിന്റെ പരമ്പരാഗത, മത്സ്യബന്ധന രീതികളെല്ലാം തന്നെ ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞു. പകരം മോട്ടോർ ഘടിപ്പിച്ച കൂറ്റൻ വള്ളങ്ങളും അവയിൽ നിന്നും 'റിംഗ്സീൻ' 'പഴ്സീൻ' 'പെലാജിക് ട്രോൾ' തുടങ്ങിയ നിരോധിത വലകളുപയോഗിച്ചുള്ള അനിയന്ത്രിത മത്സ്യബന്ധനവും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകളുടെ കാര്യത്തിലും ക്രമാതീതമായ വർദ്ധന ഉണ്ടായിരിക്കുന്നു. കേരളത്തിലെ മത്സ്യോത്പാദനം കഴിഞ്ഞ കുറേ വർഷങ്ങളായി അതിന്റെ പാരമ്യതയിലെത്തി നിൽക്കുകയാണ്. എത്രതന്നെ കൂടുതൽ മുതൽമുടക്കിയാലും മത്സ്യോത്പാദനം കൂട്ടുവാൻ ഇനി കഴിഞ്ഞെന്നുവരില്ല. മറിച്ച് മത്സ്യസമ്പത്തിന്റെ നിലനിൽപിനെ തന്നെ ബാധിക്കുന്ന തരത്തിൽ മത്സ്യബന്ധനം നടക്കുന്നു എന്നതിനുള്ള വ്യക്തമായ സൂചനകൾ ദിനേന ലഭിക്കുന്നുണ്ട്. മറ്റുചില മത്സ്യങ്ങളുടെ ലഭ്യതയിൽ അളവിലും തൂക്കത്തിലും കുറവുണ്ടായിരിക്കുന്നു. പിടിച്ചെടുക്കുന്ന പലതരം മത്സ്യങ്ങളും വളർച്ചയെത്താത്തവയായിരിക്കുന്നു. മത്സ്യസമ്പത്തിന്റെ നിലനിൽപിനെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രവണതകൾ മത്സ്യമേഖലയിലെ സാങ്കേതികവിദഗ്ധർ സഗൗരവം ചൂണ്ടിക്കാണിക്കുന്നുണ്ട്.

കേരളത്തിന്റെ മത്സ്യമേഖലയിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന വിവിധ വിഭാഗം തൊഴിലാളികൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളും തർക്കങ്ങളും സംഘർഷങ്ങളും വരെ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. പല പുതിയ പ്രശ്നങ്ങളും ഉദയം ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രശ്നപരിഹാരത്തിനുള്ള ഒരു പോംവഴി പോലെ എല്ലാവർഷവും പഠന കമ്മിറ്റികളെ നിയോഗിക്കുന്ന ഒരു രീതിയാണ് കണ്ടുവരുന്നത്. കടൽ മത്സ്യമേഖലയിലും കായൽമത്സ്യമേഖലയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന സമ്പദ്സംരക്ഷണത്തെ ചൊല്ലിയുള്ള പ്രശ്നങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള ഒരു ഡസനിലധികം വിദഗ്ധ കമ്മിറ്റി റിപ്പോർട്ടുകൾ സർക്കാരിന്റെ പക്കലുണ്ട് (പട്ടിക-2). അമൂല്യമായ മത്സ്യസമ്പത്ത് ക്ഷയിക്കാതെ നിലനിർത്തുന്നതിനും കടലിനെയും കായലിനെയും ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതസുരക്ഷ ഉറപ്പാക്കുന്നതിനും മത്സ്യമേഖലയിലെ വ്യവസായ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നിയന്ത്രിത മത്സ്യബന്ധനത്തിലധിഷ്ഠിതമായ ഒരു ശാസ്ത്രീയ സമീപനവും അതിനുള്ള സമഗ്രപദ്ധതികളും അനിവാര്യമായിരിക്കുന്നു. ഈ ശ്രമങ്ങളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ●

## മത്സ്യക്കയറ്റുമതിയിൽ ഇടിവ്

ഇന്ത്യയിൽ നിന്നുള്ള മത്സ്യ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ 800 കോടി രൂപയുടെ ഇടിവുണ്ടായതായാണ് കണക്കാക്കിയിരിക്കുന്നത്.

2003-04 വർഷത്തിൽ 6091.95 കോടി രൂപയുടെ കയറ്റുമതിയാണ് നടന്നത്. എന്നാൽ തൊട്ടു മുൻവർഷം 6881.31 കോടി രൂപയുടെ വിദേശനാണ്യം ഈ രംഗത്ത് നിന്നു ലഭിച്ചു. ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല വൻ ഇടിവ് സംഭവിക്കുകയും ചെയ്തു. സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി ചെയർമാനാണ് ഇക്കാര്യം ചൂണ്ടിക്കാട്ടിയത്.

വിദേശരാജ്യങ്ങൾ ഏർപ്പെടുത്തുന്ന വിവിധ നിയമങ്ങളും നിയന്ത്രണങ്ങളും ഈ സ്ഥിതി വിശേഷത്തിന് കാരണമാവുന്നുണ്ട്. ഇന്ത്യൻ സമുദ്രോത്പന്നങ്ങൾ ഒറ്റ ബ്രാന്റിൽ വിപണനം ചെയ്യാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതിനായി ലോഗോ തയ്യാറാക്കി വരികയാണ്. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളിൽ ലോഗോ പതിക്കും. നിർദ്ദിഷ്ട മാനദണ്ഡവും നിലവാരവും യൂണിറ്റുകൾക്ക് ഉണ്ടാവണം. സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച വിശദമായ പദ്ധതി കേന്ദ്രസർക്കാർ തയ്യാറാക്കി വരികയാണ്.





# കടൽ മത്സ്യസമ്പത്തിന്റെ പരിപാലനമുറകൾ

**കേരളത്തിലെ 17 ലക്ഷം ആളുകളുടെ ഉപജീവനമാർഗം മത്സ്യമേഖലയെ ആശ്രയിച്ചാണ്. സമുദ്രോത്പന്ന കയറ്റുമതിയിൽ രാജ്യം മൊത്തം നേടുന്ന 7000 കോടി രൂപയുടെ വിദേശനാണ്യത്തിൽ, 1200 കോടി രൂപ കേരളത്തിന്റേതാണ്. പ്രായോഗികമായ പരിപാലനരീതികളിലൂടെ നമ്മുടെ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തേണ്ടതാണ്.**

**ഡോ.ബി. മധുസൂദനക്കുറുപ്പ്,**
പ്രൊഫസർ, ഇൻഡസ്ട്രിയൽ ഫിഷറീസ് വിഭാഗം, കൊച്ചി സർവ്വകലാശാല

ഭാരതത്തിന്റെ തീരപ്രദേശത്തിന്റെ പത്തു ശതമാനത്തിൽ താഴെ മാത്രം ദൈർഘ്യമുള്ള, 590 കി.മീ. നീളമുള്ള കേരളത്തിന്റെ കടലിൽ നിന്നും രാജ്യത്തിന്റെ 40% വരെ മത്സ്യസമ്പത്ത് ഉത്പാദിപ്പിച്ചിട്ടുണ്ട്. സംസ്ഥാന വരുമാനത്തിന്റെ മൂന്ന് ശതമാനം മത്സ്യമേഖലയുടെ സംഭാവനയാണ്. സമുദ്രോത്പന്ന കയറ്റുമതിയിൽ നിന്നും രാജ്യം മൊത്തം നേടുന്ന 7000 കോടി രൂപയുടെ വിദേശനാണ്യത്തിൽ, 1200 കോടി രൂപ കേരളത്തിന്റേതാണ്. കൂടാതെ മത്സ്യമേഖലയിൽ നിന്നുമുള്ള ആഭ്യന്തര വിപണനം ഏകദേശം 12,000 കോടി രൂപയായി കണക്കാക്കിയിട്ടുമുണ്ട്. കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ടു ലക്ഷം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ, മറ്റനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നവർ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തുടങ്ങി സംസ്ഥാനത്തെ 17 ലക്ഷം ആളുകളുടെ ഉപജീവനമാർഗ്ഗം മത്സ്യമേഖലയെ ആശ്രയിച്ചാണ്. എന്നിരുന്നാലും വാണിജ്യപ്രാധാന്യമുള്ള പല മത്സ്യങ്ങളും ചെമ്മീനുകളും അമിതചൂഷണം നേരിട്ടു കഴിഞ്ഞു. അതുപോലെ തന്നെ 30% മത്സ്യ ഇനങ്ങളുടെ സമ്പദ് ചൂഷണപരിധി കഴിഞ്ഞതായി പഠനഫലങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിന്റെ തീരക്കടലിൽ സമൃദ്ധമായി കണ്ടിരുന്ന പ്രധാന മത്സ്യഇനങ്ങളായ പരവ, ഏട്ട, സ്രാവ്, തെരണ്ടി, മുള്ളൻ, നെയ്മീൻ എന്നിവ ഏതാണ്ട് അപ്രത്യക്ഷമായ ഒരവസ്ഥയാണ്. സംസ്ഥാനത്തിന്റെ ജൈവസമ്പത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും വികസന സാധ്യതകളുള്ളതുമായ മത്സ്യമേഖലയുടെ നിലനിൽപിനും അഭിവൃദ്ധിക്കും മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ നിലനിൽപിനും വേണ്ടി ഏറ്റവും യോജിച്ചതും പ്രായോഗികമായതുമായ സംരക്ഷണ പരിപാലന രീതികൾ നടപ്പിലാക്കേണ്ടതുണ്ട്.

**കടൽ മത്സ്യമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ**

ക്രമാതീതമായി വർദ്ധിച്ചു വരുന്ന മത്സ്യബന്ധന സമ്മർദ്ദവും വിനാശകരമായ മത്സ്യബന്ധന രീതികളുടെ അതിപ്രസരണവുമാണ് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ.

1952-ൽ ഇൻഡോ-നോർവീജിയൻ സംയുക്ത സഹകരണ പദ്ധതിയുടെ ഭാഗമായി ഭാരതത്തിൽ ആദ്യമായി ട്രോളിംഗ് എന്ന മത്സ്യബന്ധന രീതി പരീക്ഷിച്ചത് കേരളത്തിലാണ്. സമുദ്രത്തിന്റെ അധോതലത്തിലെ മത്സ്യസമ്പത്ത് ചൂഷണം ചെയ്യാൻ ഏറ്റവും അനുയോജ്യമായ മത്സ്യബന്ധനരീതിയാണിതെന്ന് മനസ്സിലായതോടെ, ഇവയുടെ എണ്ണം ക്രമാതീതമായി കേരളത്തിൽ വർദ്ധിക്കുകയുണ്ടായി. അതോടെ ലാഭം മാത്രം മുന്നിൽ കണ്ടുകൊണ്ട് സ്വകാര്യവ്യക്തികളുടെ വൻനിക്ഷേപം ഈ മേഖലയിലേക്ക് തിരിയുകയും ചുരുങ്ങിയ കാലയളവിൽ ഇവയുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. 1955-ൽ 1400 ആയിരുന്നെങ്കിൽ, 70കളിൽ 2800 ഉം, 90-ൽ 4200 ഉം 2001-ൽ 4950-ഉം ആയി വർദ്ധിച്ചു. സംസ്ഥാനത്തിന്റെ കടൽ മത്സ്യോത്പാദനത്തിന്റെ

45% ട്രോൾവലകളുടെ സംഭാവനയാണ്. അധോതല സമ്പത്ത് ചൂഷണം ചെയ്യുവാൻ വെറും 1145 ട്രോൾ യൂണിറ്റുകൾ മതിയെന്ന് നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിലുള്ള ട്രോളറുകളുടെ എണ്ണം ഏകദേശം മൂന്നിരട്ടിയാണ്. ഇത് വാണിജ്യപ്രാധാന്യമുള്ള ചെമ്മീൻ- മത്സ്യഇനങ്ങളുടെ അമിതചൂഷണത്തിലേക്ക് വഴിതെളിച്ചു. ട്രോളിംഗ് മത്സ്യബന്ധനരീതിമൂലം കടലിന്റെ അടിത്തട്ടിലുളവാകുന്ന കെടുതികൾ ഇന്ന് ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമായി മാറിയിരിക്കുകയാണ്. വനനശീകരണത്തിന്റെ 20 ഇരട്ടിയോളം നശീകരണമാണ് ട്രോളിംഗ് മുഖാന്തരം കടലിന്റെ അടിത്തട്ടിനു സംഭവിച്ചുകൊണ്ടിരിക്കുന്നത്. അധോതലത്തിലെ ജീവജാലങ്ങളെ ഒന്നടങ്കം കോരിയെടുത്തതിനുശേഷം, ആവശ്യമുള്ളതിനെ മാത്രം വേർതിരിച്ച്, ബാക്കിയുള്ളവയെ ഒന്നടങ്കം കടലിലേക്ക് വലിച്ചെറിയുന്ന പ്രാകൃതമായതും അശാസ്ത്രീയമായതുമായ മത്സ്യബന്ധന രീതിയാണ് ട്രോളിംഗ്. ഇതുമൂലം സമുദ്ര ജൈവവൈവിധ്യത്തിന് ശോഷണം നേരിട്ടുവരുന്നു. ട്രോൾ വലകളിൽ നിന്നും ഉപയോഗത്തിനാവശ്യമായി 20-60% വരെ മാത്രമേ എടുക്കാറുള്ളു. ബാക്കി കടലിലേക്ക് തള്ളുന്നതുമൂലം വാർഷികാടിസ്ഥാനത്തിൽ ഉദ്ദേശം 2.5 ലക്ഷം ടൺ ജീവജാലങ്ങളെയാണ് കേരളത്തിൽ നശിപ്പിക്കുന്നത്. ഇതിൽ ഏകദേശം 60,000 ടൺ ചെറുമത്സ്യങ്ങൾ, 5000 ടൺ ചെമ്മീൻ കുഞ്ഞുങ്ങൾ, 3000 ടൺ കണവ-കൂന്തൽ ഇവയുടെ കുഞ്ഞുങ്ങൾ, 700 ടൺ മത്സ്യത്തിന്റെയും കണവയുടെയും മുട്ടകൾ എന്നിവ ഉൾപ്പെടുന്നു. ഒരു ട്രോൾവല വലിക്കുമ്പോൾ ശരാശരി 750 ച.മീ. കടൽത്തട്ട് ഉഴുതു മറിക്കുന്നത് മൂലം അടിത്തട്ടിന്റെ ഉത്പാദനക്ഷമതയ്ക്കും മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയ്ക്കും നാശം നേരിട്ടുവരുന്നു.

പരമ്പരാഗത മേഖലയിൽ ഉപയോഗിച്ചുവരുന്ന ഉരുക്കളുടെ എണ്ണവും ആവശ്യമുള്ളതിനേക്കാൾ രണ്ട് മുതൽ അഞ്ച് മടങ്ങുവരെ കൂടുതലാണ്. 2960 യന്ത്രവത്കൃത വള്ളങ്ങൾ ആവശ്യമുള്ളപ്പോൾ, 17000-ൽപരം യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനെല്ലാമുപരി, 2000 ആണ്ടോടുകൂടി പ്രത്യക്ഷപ്പെട്ട ഇൻബോർഡു എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ (കപ്പൽ വള്ളങ്ങൾ) കേരളത്തിലെ കടൽ മത്സ്യബന്ധനത്തിന് ഏറ്റവും വലിയ ഭീഷണിയായി മാറിയിരിക്കുന്നു. ആകാരത്തിൽ പരമ്പരാഗത വള്ളങ്ങളുടെ രൂപവും പ്രവർത്തനശേഷിയിലും സൗകര്യങ്ങളിലും യന്ത്രവത്കൃത ബോട്ടുകളോട് സാമ്യമുള്ള കപ്പൽ വള്ളങ്ങളുടെ എണ്ണം 2004-ലെ കണക്കുകളനുസരിച്ച് 700 കവിയുകയുണ്ടായി. ഈ മത്സ്യബന്ധന രീതി ഒട്ടനവധി കാരണങ്ങളാൽ മേന്മയുള്ളതാണെങ്കിലും, അവയുടെ ക്രമാതീതമായ വർദ്ധനവ് മത്സ്യവിഭവ ശേഷി കണക്കിലെടുത്ത് ബുദ്ധിപരമാണോ എന്ന് വിലയിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ട നിയമപ്രശ്നങ്ങൾ ഒട്ടനവധിയാണ്. ഇവക്ക് പ്രതിവിധികൾ കണ്ടുപിടിക്കേണ്ടത് സമുദ്രമത്സ്യമേഖലയുടെ ശാന്തതയ്ക്കും നിയമം നടപ്പിലാക്കുവാനും കേരളത്തിന്റെ കടൽതീരത്ത് വർദ്ധിച്ചുവരുന്ന അശാന്തതയ്ക്ക് പരിഹാരം കാണാനും അത്യാവശ്യമാണ്. കൂടാതെ മിനി ട്രോളിംഗ്, ചൂടവലകൾ, പഴ്സീൻ വലകൾ എന്നിവയുടെ പ്രവർത്തനവും സമ്പദ് ശോഷണത്തിന് കാരണമായിട്ടുണ്ട്.

## കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം

### മൺസൂൺകാല ട്രോളിംഗ് നിരോധനം

കേരളത്തിന്റെ കടൽമത്സ്യസമ്പത്തിന്റെ കഴിഞ്ഞ 50 വർഷത്തെ ഉത്പാദനം പരിശോധിച്ചാൽ, 1950-ൽ 1.3 ലക്ഷം ടൺ ആയിരുന്നത് 1960-ൽ 2.6 ലക്ഷവും 70-ൽ നാല് ലക്ഷവും, 74-ൽ അഞ്ച് ലക്ഷവുമായി. എന്നാൽ 81-ൽ കേവലം 2.7 ലക്ഷം ടണ്ണായി കുറഞ്ഞു. 84-ൽ 3.9 ലക്ഷമായി ഉയർന്നെങ്കിലും 87-ൽ വീണ്ടും മൂന്ന് ലക്ഷം ടണ്ണായി കുറഞ്ഞു. കടൽ മത്സ്യസമ്പത്തിന്റെ ഉത്പാ



ദനരീതി പരിശോധിച്ചാൽ 1980-85 കാലയളവിലാണ് ഏറ്റവും കൂടുതൽ ഏറ്റക്കുറച്ചിലുകൾ നേരിട്ടതായി കാണുന്നത്. കൂടാതെ ഉത്പാദനത്തിൽ ഏറ്റവും കൂടുതൽ ശോഷണം രേഖപ്പെടുത്തിയതും ഈ കാലയളവിലാണ്. മത്സ്യസമ്പത്തിന്റെ അപകടസ്ഥിതി മനസ്സിലാക്കി അവയുടെ സംരക്ഷണം ഉറപ്പുവരുത്തുവാൻ വേണ്ടി കേരളസർക്കാർ പല വിദഗ്ധ കമ്മിറ്റികളെയും ഈ കാലത്ത് നിയമിക്കുകയുണ്ടായി. അത്തരത്തിൽ 1987-ൽ നിയമിച്ച പ്രൊഫ. ബാലകൃഷ്ണൻ നായർ-1 കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് കേരളത്തിൽ മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം 1988 മുതൽ നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ 16 വർഷക്കാലം ട്രോളിംഗ് നിരോധനത്തിന്റെ ദൈർഘ്യം 21 മുതൽ 69 ദിവസം വരെ നീണ്ടുനിന്നതായി കാണാവുന്നതാണ്. കഴിഞ്ഞ 10 വർഷമായി ഇത് 45 ദിവസമായി തുടർന്നുവരുന്നു. 1997 മുതൽ കേരളത്തിന്റെ ഇ.ഇ.2-ലും എല്ലാവിധ മത്സ്യബന്ധനരീതികളും കേന്ദ്രസർക്കാർ ഈ സമയത്ത് നിരോധിച്ചിട്ടുണ്ട്. ചെമ്മീനുകളുടെയും മത്സ്യങ്ങളുടെയും പ്രജനനം ഇടവപ്പാതിയുമായി ത്വരിതപ്പെട്ടിരിക്കുന്നതിനാൽ, ഇവയുടെ തള്ളമത്സ്യസംരക്ഷണം, മുട്ടവിരിയാനുള്ള ആവാസവ്യവസ്ഥ പ്രദാനം ചെയ്യൽ, പ്രജനന മേഖലകൾ സംരക്ഷിക്കൽ, മുട്ടകളുടെയും കുഞ്ഞുങ്ങളുടെയും നശീകരണം തടയൽ, കുഞ്ഞുങ്ങൾക്ക് വേണ്ടത്ര ആഹാരം ലഭ്യമാക്കൽ എന്നിവക്കെല്ലാമുപരി, കടലിന്റെ അടിത്തട്ടിലുള്ള സൂക്ഷ്മജീവികളുടെ പുനർജനീകരണം ഉറപ്പാക്കി മത്സ്യസമൂഹത്തിന് ആവശ്യമായ ആഹാരം പ്രദാനം ചെയ്യുക എന്നതുമാണ് മൺസൂൺകാല ട്രോളിംഗ് നിരോധനത്തിന്റെ ശാസ്ത്രീയ അടിത്തറകൾ. ട്രോളിംഗ് നിരോധനം മൂലം, കടൽ മത്സ്യസമ്പത്തിന്റെ ഉത്പാദനം 70 ശതമാനമായി വർദ്ധിച്ചു. പ്രത്യേകിച്ച് അധോതല മത്സ്യസമ്പത്തുകളായ ചെമ്മീൻ, കണവ-കൂന്തൽ പെർച്ചു മത്സ്യങ്ങൾ, വറ്റ എന്നിവ 60-300 ശതമാനം വരെ വർദ്ധിച്ചിട്ടുണ്ട്. ട്രോൾ ബോട്ടുകളിൽ നിന്നുള്ള ശരാശരി ഉത്പാദനം 492 കി. നിന്നും 840 കി. ആയി വർദ്ധിച്ചു. പരമ്പരാഗത മത്സ്യമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ 22 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. പരമ്പരാഗത മത്സ്യബന്ധനമേഖലയിൽ നിന്നുമുള്ള ചെമ്മീൻ ഉത്പാദനം മൂന്നിൽ നിന്നും 16 ശതമാനമായി വർദ്ധിച്ചു. നിരോധനം മൂലം സമുദ്രത്തിന്റെ ഭദ്രതയ്ക്കും അവിടെ വസിക്കുന്ന കോടിക്കണക്കിനുള്ള ചെമ്മീനിന്റെയും മത്സ്യങ്ങളുടെ ആഹാരമായ സൂക്ഷ്മജീവികളുടെയും പുനർജനീകരണത്തിനും സഹായകമായി എന്നതാണ് മറ്റൊരു പ്രധാനഫലം. 65 സൂക്ഷ്മജീവി ഇനങ്ങളിൽ 35 ഇനങ്ങൾ ട്രോളിംഗിന്റെ കെടുതികൾ മൂലം ജനുവരിയോടെ അപ്രത്യക്ഷമാകുന്നു. ജൂലൈ അവസാനം ട്രോളിംഗ് നിരോധനം കഴിയുമ്പോൾ ഇവ വീണ്ടും പഴയ തോതിൽ തന്നെ പ്രത്യക്ഷപ്പെടുന്നതായി രേഖപ്പെടുത്തി. അതിലുമുപരി 30 ഇനങ്ങളുടെ വർദ്ധനവ് നിരോധനകാലത്ത് 10 മടങ്ങോളമാണെന്ന് കണ്ടുപിടിച്ചു.

നിരോധനംമൂലം പ്രധാനപ്പെട്ട ചെമ്മീൻ ഇനങ്ങളായ കരിക്കാടി, പൂവാലൻ എന്നിവയുടെ നീളത്തിൽ യഥാക്രമം ശരാശരി 10, 7മി.മീ. വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്.

> **ഭാരതത്തിന്റെ തീരദേശ സംസ്ഥാനങ്ങളിൽ സമുദ്ര മത്സ്യ സംരക്ഷണ-പരിപാലനത്തിനാവശ്യമായ ഒരു നിയമം ആദ്യം കൊണ്ടുവന്ന സംസ്ഥാനമാണ് കേരളം. എന്നാൽ, ഇതിലുള്ള നിയമങ്ങൾ എല്ലാം തന്നെ മറികടന്നുകൊണ്ടുള്ള മത്സ്യബന്ധന രീതികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് സമീപ കാലത്ത് നടത്തിയ പഠന ഫലങ്ങൾ സൂചിപ്പിക്കുന്നു.**

### സമുദ്രോത്പന്ന പരിപാലന നിയമം

ഭാരതത്തിന്റെ തീരദേശ സംസ്ഥാനങ്ങളിൽ സമുദ്രമത്സ്യ സംരക്ഷണ-പരിപാലനത്തിനാവശ്യമായ ഒരു നിയമം ആദ്യം കൊണ്ടുവന്ന സംസ്ഥാനമാണ് കേരളം. 1980-ൽ ഉണ്ടാക്കിയ ഈ നിയമത്തിൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും വിനിയോഗത്തിനും വേണ്ട എല്ലാ നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇതിലുള്ള നിയമങ്ങൾ എല്ലാം തന്നെ മറികടന്നുകൊണ്ടുള്ള മത്സ്യബന്ധന രീതികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് സമീപകാലത്ത് നടത്തിയ പഠനഫലങ്ങൾ സൂചിപ്പിക്കുന്നു. കെ.എം.എഫ്.ആർ.എ. പ്രകാരം ട്രോൾവലകളുടെ ചുവട്ടിലുള്ള കണ്ണികളുടെ വലിപ്പം 35 മി.മീ. ആവണമെന്ന് നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും, 92% വലകളിലും ഇത് 16 മി.മീ. താഴെയാണ്. കെ.എം.എഫ്.ആർ.എ. അനുവദിക്കുന്ന റിംഗ്‌വലകൾ, മിനിട്രോളറുകൾ, ചൂടവലകൾ, കപ്പൽ വള്ളങ്ങൾ എന്നിവയുടെ പ്രവർത്തനം സർവസാധാരണമാണ്. ഇതു കൂടാതെ, രാത്രികാലങ്ങളിൽ നടത്തുന്ന ട്രോളിംഗ്, 20 മീറ്റർ ആഴത്തിനകത്തുള്ള പ്രദേശങ്ങളിലെ ട്രോളിംഗ് എന്നിവ നിയമവിരുദ്ധമാണ്. കെ.എം.എഫ്.ആർ.എ. കർശനമായി നടപ്പിലാക്കിയാൽ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്താൻ സാധിച്ചേക്കുമെന്നുള്ളതിൽ യാതൊരു തർക്കവുമുണ്ടാകില്ല.

### വലകൾക്ക് നിയന്ത്രണങ്ങൾ

ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയ ശേഷമുള്ള പത്ത് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ, ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവു കാണാവുന്നതാണ്. എന്നിരുന്നാലും കഴിഞ്ഞ മൂന്ന് വർഷത്തെ ഉത്പാദനരീതി പരിശോധിച്ചാൽ, ഉത്പാദനം ഒരു സ്തംഭനാവസ്ഥയിലേക്ക് നീങ്ങുന്നതായി കാണാവുന്നതാണ്. കൂടാതെ വാണിജ്യപ്രാധാന്യമുള്ള ചില ഇനങ്ങളുടെ ശോഷണവും കണ്ടുവരുന്നു. ഇതിൽ നിന്നും ട്രോളിംഗ് നിരോധനം കൊണ്ടുണ്ടാകുന്ന മത്സ്യവർദ്ധനവിന്റെ ശേഷി കുറഞ്ഞുവരുന്നതായി കണക്കാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ട്രോളിംഗ് നിരോധനംകൊണ്ടുദ്ദേശിച്ചിട്ടുള്ള ശാസ്ത്രീയഘടകങ്ങൾ ഇപ്പോൾ എത്രമാത്രം നിറവേറ്റപ്പെടുന്നുവെന്ന് ഒരു അപഗ്രഥനം നടത്തേണ്ടതായുണ്ട്. തള്ളമത്സ്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തണം, മുട്ടയിടാനും അവ വിരിയാനുമുള്ള ഒരു അവസ്ഥ ഇവയ്ക്ക് ഉണ്ടാക്കണം, ചെറുമത്സ്യങ്ങൾ, ചെമ്മീനുകൾ എന്നിവ പ്രായപൂർത്തിയാകുന്നതിനുമുമ്പ് ചൂഷണം ചെയ്യപ്പെടാതിരിക്കണം എന്നീ ശാസ്ത്രീയ ഘടകങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ട്രോളിംഗ് നിരോധനം ഒരു വശത്ത് നടപ്പിലാക്കുമ്പോൾ, മറുവശത്ത് വളരെ അശാസ്ത്രീയവും, മേൽപറഞ്ഞ വിനാശകരവുമായ പ്രവർത്തനങ്ങൾ മൂലം ട്രോളിംഗ് നിരോധനംകൊണ്ട് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ പൂർണ്ണമായും അട്ടിമറിക്കപ്പെടുകയാണ്. ആയതിനാൽ ട്രോളിംഗ് നിരോധനം കൊണ്ടുമാത്രം മത്സ്യസമ്പത്തിന്റെ സംരക്ഷണം ഫലവത്തായി നടപ്പിലാക്കാൻ കഴിയാത്ത ഈ സാഹചര്യത്തിൽ, മറ്റു ഫലപ്രദമായ മാർഗ്ഗങ്ങളെപ്പറ്റി ആരായേണ്ടതാണ്. വലകളുടെ എണ്ണത്തിൽ കർശനമായ നിയന്ത്രണങ്ങൾ കൊണ്ടുവരിക, കണ്ണിവലുപ്പം കെ.എം.എഫ്.ആർ.എ. അനുശാസിക്കുന്ന അളവിലേക്ക് മാറ്റുക എന്നിവയാണ് ഏറ്റവും പ്രായോഗികമായി ചെയ്യാവുന്ന മറ്റു സംരക്ഷണമുറകൾ. മേൽപറഞ്ഞ മാർഗങ്ങളിലൂടെ ചെറുമത്സ്യങ്ങളുടെയും ചെമ്മീനുകളുടെയും അമിത ചൂഷണം നിയന്ത്രിക്കുകവഴി മത്സ്യങ്ങൾക്ക് പൂർണ്ണവളർച്ചയെത്താനുള്ള ഒരു സാഹചര്യം സൃഷ്ടിക്കാൻ സാധിക്കും. ഈ സംരക്ഷണ മുറകൾ കർശനമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ ഒരു പക്ഷെ ട്രോളിംഗ് മത്സ്യബന്ധനരീതിക്ക് നിലവിലുള്ള മൺസൂൺകാല നിരോധനം നിർത്തലാക്കാനും സാധിച്ചേക്കും. സമീപഭാവിയിൽ തന്നെ ഇതിനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# വളർച്ചയുടെ പാത നേർ



സാമ്പത്തിക പ്രവർത്തനങ്ങൾ നേരായ ദിശയിലാക്കിക്കൊണ്ട് ജനക്ഷേമത്തിന് ഊന്നൽ നൽകി കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ ദിശാബോധത്തോടെ സ്വീകരിച്ച ഒട്ടേറെ നടപടികൾ വേണ്ടത്ര വിശകലനങ്ങൾക്ക് വിധേയമായിട്ടുള്ളതായി കാണുന്നില്ല. സാമ്പത്തിക അച്ചടക്കം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ള പശ്ചാത്തലത്തിൽ കാർഷികമേഖലയുടെ അഭിവൃദ്ധിക്കായി സ്വീകരിച്ച സാമ്പത്തിക പ്രതിഫലനങ്ങൾ ഉളവാക്കുന്ന നടപടികളുടെ ഒരു സംക്ഷിപ്ത വിവരണം അനിവാര്യമാണെന്ന് ഞാൻ കരുതുന്നു.

സാമ്പത്തികാടിത്തറ ഭദ്രമാക്കുന്നതിനായി ദീർഘവീക്ഷണത്തോടെ സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിനും, സർക്കാർ ഗ്യാരണ്ടികൾക്ക് പരിധി ഏർപ്പെടുത്തുന്ന നിയമത്തിനും ഈ സർക്കാർ രൂപം നൽകി. അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിച്ചു. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളിന്മേൽ തീരുമാനം എടുത്തു എന്നു മാത്രമല്ല സ്റ്റാമ്പ് ഡ്യൂട്ടി, സർചാർജ്ജ് എന്നിവ കുറച്ച് ഭൂമിയുടെ ന്യായവില നിശ്ചയിക്കുവാൻ നടപടിയെടുക്കുകയും ചെയ്തു. ബജറ്റ് പരിഷ്കരണ പരിപാടികളുടെ ഭാഗമായി ഉപധനാഭ്യർത്ഥനകളുടെ എണ്ണം വർഷത്തിൽ രണ്ടായി കുറയ്ക്കുവാൻ തീരുമാനിച്ചു. ബാധ്യതാമാനേജ്മെന്റ് സമ്പ്രദായം നടപ്പാക്കാൻ തീരുമാനിച്ചു. ചെലവുകൾ നിർവ്വഹിക്കുന്ന വകുപ്പുകൾക്ക് ഫണ്ട് മുൻകൂർ നിശ്ചയിച്ച് ആവശ്യാനുസരണം ലഭ്യമാക്കുവാൻ നടപടിയെടുത്തു. കൺസോളിഡേറ്റഡ് സിങ്കിങ്ങ് ഫണ്ട് പുനരുജ്ജീവിപ്പിക്കുവാൻ നടപടിയെടുത്ത ഈ സർക്കാർ വർദ്ധിച്ചുവരുന്ന പലിശ ബാദ്ധ്യത കുറച്ചുകൊണ്ടുവരാൻ ഡെറ്റ്സ്വാപ്പ് സ്കീം പ്രയോജനപ്പെടുത്തി ഈ ദിശയിലേക്കുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ബജറ്റിനു ബാഹ്യമായ പുതിയ ബാധ്യതകൾ ഉണ്ടാകുന്നത് തടയാനും ആർജ്ജിത കുടിശ്ശികകൾ മുൻഗണനാക്രമത്തിൽ കൊടുത്തു തീർക്കുന്നതിനുമായി ഒരു ബാധ്യതാമാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു. ട്രഷറികളുടെ പ്രവർത്തനം സാധാരണ ഗതിയിലാക്കി. അക്കൗണ്ടന്റ് ജനറലിന്റെ ധനകാര്യ കണക്കുകൾ ഓരോ വർഷവും താമസംവിനാ നിയമസഭയിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സാമ്പത്തിക പ്രവർത്തനങ്ങൾ സുതാര്യമാക്കി.

സംസ്ഥാന സമ്പദ്ഘടനയുടെ അഞ്ചിലൊന്ന് വരുന്ന കാർഷിക മേഖല അനേക ലക്ഷംപേർക്ക് തൊഴിൽ നൽകുക മാത്രമല്ല ഗ്രാമീണ സമ്പദ്വ്യവസ്ഥയെ താങ്ങിനിർത്തുകയും ചെയ്യുന്നു. വ്യത്യസ്തങ്ങളായ കാരണങ്ങളാൽ കാർഷിക മേഖലയിലുണ്ടാകുന്ന ചലനങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സഗൗരവം വിലയിരുത്തി സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി സഹായം ഈ മേഖലയ്ക്ക് ലഭ്യമാക്കുവാൻ സർക്കാർ തുടക്കം മുതൽ യത്നിച്ചു. തന്മൂലം ഇപ്പോൾ കാർഷിക വിലകൾ അനുഭവവേദ്യമായ രീതിയിൽ മെച്ചപ്പെടാൻ തുടങ്ങിയതോടെ ദീർഘനാളത്തെ ഇടവേളയ്ക്കുശേഷം കാർഷിക മേഖല ശുഭപ്രതീക്ഷാനിർഭരമായിരിക്കുന്നു.

കാർഷികമേഖല അഭിമുഖീകരിച്ച പ്രതിസന്ധി അർഹിക്കുന്ന ഗൗരവത്തോടെ സർക്കാർ വിലയിരുത്തി. 2001-ൽ രൂക്ഷമായ വിലത്തകർച്ചമൂലം കർഷകർ നേരിട്ട പ്രയാസങ്ങൾക്ക് സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാധ്യമായ പരമാവധി സഹായം സമയബന്ധിതമായി നൽകുന്നതിൽ സർക്കാർ നടപടി സ്വീകരിച്ചു. കാർഷിക ഉത്പന്നങ്ങൾക്ക് നികുതി ഭാരം പരമാവധി ലഘൂകരിക്കുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചു. 2001 ഒക്ടോബറിൽ കാപ്പി, അടയ്ക്കാ കൃഷിക്കാർക്ക് ആശ്വാസം നൽകുന്നതിന് ഇവയുടെ പർച്ചേസ് ടാക്സ് നാല് ശതമാനത്തിൽ നിന്ന് രണ്ട് ശതമാനമായി കുറച്ചു. നെൽകൃഷിക്കാരെ സഹായിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് നെല്ലുസംഭരണത്തിന് സബ്സിഡി നൽകി കർഷകർക്ക് ന്യായ




# ദിശയിൽ

മായ വില ലഭ്യമാക്കുന്നത് ഉറപ്പാക്കി. 1997 ഏപ്രിൽ ഒന്ന് മുതൽ 1999 ഡിസംബർ 31 വരെയും തുടർന്ന് 2000 ജനുവരി ഒന്ന് മുതലും അധികാരപ്പെടുത്തിയ നെല്ലു സംഭരണ ഏജൻസികൾ മുഖേന സംഭരിക്കുന്ന നെല്ലിന്മേലുള്ള സെക്ഷൻ 5എ പ്രകാരമുള്ള വാങ്ങൽ നികുതി ഒഴിവാക്കി.

സംസ്ഥാനത്തെ എട്ട് ലക്ഷത്തോളം വരുന്ന ചെറുകിട റബ്ബർ കർഷകരുടെ ക്ഷേമം കണക്കിലെടുത്ത് റബ്ബർ വില മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഒട്ടേറെ നടപടികൾ സ്വീകരിച്ചു. മിനിമംവില കർഷകർക്ക് നൽകിക്കൊണ്ട് റബ്ബർ സംഭരിക്കുന്നതിന് മാർക്കറ്റിൽ കെട്ടിക്കിടക്കുന്ന റബ്ബറിന്റെ ഒരു ഭാഗം കയറ്റുമതി ചെയ്യുന്നതിനും സർക്കാർ വിവിധ ഏജൻസികൾക്ക് നിർദ്ദേശം നൽകി. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് റബ്ബർ ബോർഡ് കി.ഗ്രാമിന് 3.5 രൂപ വച്ച് നൽകുന്ന സൗജന്യത്തിന് പുറമെ സംസ്ഥാന സർക്കാർ കി.ഗ്രാമിന് രണ്ട് രൂപ കൂടി അനുവദിച്ചു നൽകി. വെയർഹൗസിങ്ങ് കോർപ്പറേഷൻ വഴിയും സ്വകാര്യ ഏജൻസികൾ വഴിയും നടത്തുന്ന കയറ്റുമതിക്കും സർക്കാർ ഈ സൗജന്യം അനുവദിക്കുവാൻ തയ്യാറായി. ഇതിനുപുറമെ സ്വാഭാവിക റബ്ബറിന് മേൽ ചുമത്തിക്കൊണ്ടിരുന്ന വാങ്ങൽ നികുതി 2001-ൽ അഞ്ച് ശതമാനംവരെ ഇളവ് വരുത്തുകയും ചെയ്തു.

സെൻട്രിഫ്യൂജ്ഡ് ലാക്റ്റക്സ്, ക്രംബ് റബ്ബർ എന്നിവ ഉത്പാദിപ്പിക്കാൻ ആവശ്യമായ ഏത് വിധത്തിലുള്ള റബ്ബറിന്റെയും 1998 ഏപ്രിൽ ഒന്ന് മുതൽ 2001 ഒക്ടോബർ



**കെ. ശങ്കരനാരായണൻ,**
**ധനകാര്യമന്ത്രി**

**കാർഷികമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി ഗൗരവത്തോടെ വിലയിരുത്തിക്കൊണ്ട് കാർഷികമേഖലയിൽ സാമ്പത്തിക പ്രതിഫലനങ്ങൾ ഉളവാക്കുന്ന പല നടപടികളും സർക്കാർ ഇതിനകം സ്വീകരിച്ചു കഴിഞ്ഞു – ഈ ദിശയിൽ ഒട്ടേറെ ആശ്വാസപദ്ധതികൾക്ക് ഇനിയും രൂപം നൽകിവരികയാണ് സർക്കാർ.**

ഒൻപത് വരെയുള്ള കാലത്തെ നികുതി ഒഴിവാക്കി. സംസ്കരണത്തിന് വിധേയമാകാത്ത റബ്ബറിന്റെ നികുതി സംബന്ധിച്ചുണ്ടായിരുന്ന അവ്യക്തത ഒഴിവാക്കി. ഇഞ്ചിയെ വിൽപന നികുതിയിൽ നിന്നൊഴിവാക്കി. അടയ്ക്ക, ഇഞ്ചി, കുരുമുളക്, കാപ്രോലാക്ടം, വെളിച്ചെണ്ണ, തേങ്ങാപ്പിണ്ണാക്ക്, കൊപ്ര എന്നിവയുടെ കേന്ദ്ര വിൽപന നികുതി 2002 ജൂൺ മുതൽ 2002 ഒക്ടോബർ 21 വരെ ഒഴിവാക്കി. കൊച്ചി ലേല കേന്ദ്രത്തിൽ നിന്ന് വിൽക്കുന്ന തേയിലയുടെ നികുതി ഈ രംഗത്തെ പ്രതിസന്ധി കണക്കിലെടുത്ത് 2001 ഏപ്രിൽ ഒന്ന് മുതൽ 2001 ആഗസ്റ്റ് 31 വരെയുള്ള കാലയളവിലേക്ക് എട്ട് ശതമാനത്തിൽ നിന്ന് നാല് ശതമാനമായി കുറച്ചു. കാർഷികാദായ നികുതി കുടിശ്ശിക വരുത്തിയവർക്ക് ആശ്വാസം ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പ്രഖ്യാപിച്ചു. തെങ്ങ്, തേയില, കാപ്പി, അടയ്ക്ക, റബ്ബർ, കുരുമുളക്, ഇഞ്ചി, ഏലം, മറ്റു സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ വരുമാന സ്ഥിരതയ്ക്കായി 50 കോടി രൂപയുടെ ഒരു വില സ്ഥിരതാഫണ്ടിന് രൂപം നൽകി. ഫണ്ടിന്റെ സഹായം ലഭിക്കാനുള്ള മാനദണ്ഡങ്ങളും ചട്ടങ്ങളും ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

കാർഷിക ഉത്പന്നങ്ങൾക്ക് നികുതി ഭാരം പരമാവധി ലഘൂകരിക്കുന്നതിന് നടപടിയെടുത്ത സർക്കാർ 2002-03-ൽ കാർഷികാദായ നികുതിയിൽ നിന്നൊഴിവാക്കി. പ്ലാന്റേഷനുകളിൽ ജലസേചനത്തിനു ഉപയോഗിക്കുന്ന സ്പ്രിംഗ്ളറിന്റെ നികുതി കുറച്ചു. കശുവണ്ടിത്തൊഴിലാളികളുടെ ജോലിസ്ഥിരതയ്ക്കായി കശുവണ്ടിയുടെ നികുതി നാല് ശതമാനമായി കുറച്ചു. വെളിച്ചെണ്ണയുടെയും തേങ്ങാപ്പിണ്ണാക്കിന്റെയും അന്തർസംസ്ഥാന വിൽപനനികുതി ഒരു ശതമാനമായി കുറച്ചു. കാർഷിക കടാശ്വാസപദ്ധതിക്ക് രൂപം നൽകിയ സർക്കാർ കാപ്പി, കുരുമുളക്, അടയ്ക്ക എന്നിവയുടെ വിലയിടിവ് തടയാൻ കൃഷിക്കാരിൽ നിന്ന് ന്യായവിലയ്ക്ക് ഇവ സംഭരിക്കുവാൻ തീരുമാനിച്ചു. വയനാട് ജില്ലയിലെ കൃഷിക്കാരുടെ 50,000 രൂപ വരെയുള്ള കൃഷിവായ്പയുടെ 2000 മുതലുള്ള പലിശ സർക്കാർ നൽകാൻ തീരുമാനിച്ചു. അഞ്ച് ഹെക്ടർവരെ കൃഷിഭൂമിയുള്ള കർഷകരെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കി. കൂടാതെ തൊഴിലാളികളുടെ താത്പര്യം കണക്കിലെടുത്ത് 20 ഹെക്ടർ വരെയുള്ള റബ്ബർ, കാപ്പി തോട്ടങ്ങളെ തുടർന്നും കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു. തേയില ഉത്പാദനരംഗം നേരിടുന്ന പ്രതിസന്ധി പരിഗണിച്ച് കമ്പനികൾ ഒഴികെ ഈ മേഖലയെ കാർഷികാദായ നികുതി അടയ്ക്കുന്നതിൽ നിന്ന് ഒരു വർഷം കൂടി ഒഴിവാക്കി. ക്ഷീരോത്പാദകർക്ക് പ്രോത്സാഹനം നൽകാൻ സംസ്ഥാനത്തെ ക്ഷീരോത്പാദകരെ വിൽപന നികുതിയിൽ നിന്നും ഒഴിവാക്കി. കാർഷികമേഖലയുടെ പ്രതിസന്ധി പരിഹരിക്കുവാൻ സന്നദ്ധമായ സർക്കാർ ഇനിയും ഈ ദിശയിൽ ഒട്ടേറെ ആശ്വാസ നടപടിയ്ക്ക് രൂപം നൽകി വരികയാണ്.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ വളർച്ചയിലേക്ക് നയിക്കുന്നതിനുള്ള ധീരമായ ഒട്ടേറെ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞുവെങ്കിലും ആശ്വാസനടപടികളുടെ ഗുണഫലം ഇനിയും ലഭ്യമായിട്ടില്ലാത്ത വിഭാഗങ്ങൾക്കും ആശ്വാസം നൽകി അഭ്യുന്നതിയിലേക്ക് നയിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ●

# തിരുവിതാംകൂറിന്റെ ഇ

**കഥാപാത്രങ്ങളിലും ഇതിവൃത്തത്തിലും ഐതിഹാസിക ഭാവന വിരിയുന്ന നോവലുകളാണ് സി.വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയും ധർമ്മരാജയും രാമരാജാബഹദൂറും – പഴയ തിരുവിതാംകൂർ പശ്ചാത്തലത്തിൽ രചിച്ച ഈ മൂന്നു കൃതികളിലും ചരിത്രമുണ്ട്, ഒപ്പം കഥയും.**


കെ.എസ്. നാരായണപിള്ള



പഴയ തിരുവിതാംകൂറിന്റെ ചരിത്രത്തിൽ പല സുപ്രധാന സംഭവങ്ങളും നടന്ന ഒരു കാലഘട്ടത്തെ ആസ്പദമാക്കി സി.വി. രാമൻപിള്ള രചിച്ച മൂന്നു കൃതികളാണ് മാർത്താണ്ഡവർമയും ധർമരാജയും രാമരാജാബഹദൂറും. അക്കാലത്ത് അവിടെ ജീവിച്ചിരുന്നതായി സി.വി. നമ്മോടു പറയുന്ന ഏതാനും കുടുംബങ്ങളിൽപെട്ട കുറേ മനുഷ്യരുടെ ജീവിതകഥ ഇതിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ കൃതികളിൽ ചരിത്രമുണ്ട്, കഥാഖ്യാനവുമുണ്ട്. ഗദ്യത്തിലാണ് കഥ പറഞ്ഞിരിക്കുന്നത്. ഇക്കാരണത്താൽ ഇവയെ ചരിത്രാഖ്യായികകൾ എന്നും ചരിത്രനോവലുകൾ എന്നും വിശേഷിപ്പിച്ചുവരുന്നു. ആ അഭിപ്രായം ഒറ്റനോട്ടത്തിൽ തികച്ചും ശരിയാണെന്നു തോന്നും. സാധാരണഗതിയിൽ പല വ്യക്തികളുടെ കഥ ഗദ്യത്തിൽ പ്രതിപാദിക്കുന്ന സാഹിത്യകൃതികൾ മുഖ്യമായും നോവലുകളാണ്. കഥാപാത്രങ്ങളുടെ പ്രവൃത്തികളും അനുഭവങ്ങളും ആഖ്യാനരൂപത്തിൽ അവതരിപ്പിക്കുന്ന സാഹിത്യകൃതിയാണ് നോവൽ. സി.വി.യുടെ മേൽപറഞ്ഞ കൃതികളിലും നാം കാണുന്നത് ഇത്തരം കഥാഖ്യാനമാണ്. പാശ്ചാത്യസാഹിത്യത്തിലാണ് ഇങ്ങനെ ഗദ്യത്തിൽ കഥ പറയുന്ന കൃതികൾ ആദ്യമുണ്ടായത്. ഇംഗ്ലീഷ് ഭാഷയിൽ നോവൽ എന്ന സാഹിത്യരൂപം ഇദംപ്രഥമമായി പ്രത്യക്ഷപ്പെട്ടതും ചരിത്രപശ്ചാത്തലമുള്ള ആഖ്യാനരൂപമായ ഗദ്യകൃതിയായിട്ടാണ്. അതിന്റെ ആദ്യത്തെ പ്രസിദ്ധങ്ങളായ ഇംഗ്ലീഷ് മാതൃകകൾ സർ വാൾട്ടർസ്കോട്ടിന്റെ റൊമാൻസുകളത്രെ. മധ്യകാലഘട്ടത്തിലെ ധീരസാഹസികരും പരോപകാരികളുമായ 'നൈറ്റു'കളെ പ്രതിനിധാനം ചെയ്യുന്ന ഒരു കഥാപാത്രത്തെ കേന്ദ്രമാക്കിക്കൊണ്ട് വികാരോദ്ദീപകമായ കഥ പറയുന്ന പല ഗദ്യകൃതികളും വാൾട്ടർസ്കോട്ട് രചിച്ചു. അക്കൂട്ടത്തിൽ 'ഐവൻഹോ' എന്ന കൃതി അസാമാന്യമായ പ്രശസ്തി ആർജിക്കുകയും ഈ സാഹിത്യരൂപത്തിന്റെ മാതൃകയായിത്തീരുകയും ചെയ്തു. ഇതിവൃത്തം വിഭാവനം ചെയ്യുന്നതിലും പാത്രസൃഷ്ടിയിലും ആഖ്യാനരീതിയിലും ഐവൻഹോയെ മാതൃകയാക്കിക്കൊണ്ട് പലരും കഥ പറയുന്ന കൃതികൾ രചിക്കാൻതുടങ്ങി. ഈ രൂപത്തിലുള്ള കൃതികളുടെ പ്രതിപാദ്യം ചരിത്രപശ്ചാത്തലമില്ലാത്തതും സാധാരണ മനുഷ്യരുടെ ജീവിതാനുഭവങ്ങൾ പ്രതിഫലിപ്പിക്കുന്നതും ആയിത്തീർന്നതോടുകൂടി ഈ സാഹിത്യപ്രസ്ഥാനത്തിന് വമ്പിച്ച മാറ്റം വന്നു. അചിരേണ അത് സാധാരണ മനുഷ്യരെ പ്രതിനിധാനം ചെയ്യുന്ന കഥാപാത്രങ്ങളുടെ സാധാരണ അനുഭവങ്ങൾ സാധാരണക്കാർക്ക് ആസ്വാദ്യമായ രീതിയിൽ അവതരിപ്പിക്കുന്ന സാഹിത്യരൂപമായിത്തീർന്നു. ഇത് ഒരു പുതിയ സാഹിത്യരൂപമായതിനാൽ നോവൽ എന്ന പേര് അതിനു സിദ്ധിക്കുകയും ചെയ്തു. ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള അനേകം എഴുത്തുകാർ വാൾട്ടർ സ്കോട്ടിന്റെ കൃതികളെ മാതൃകയാക്കിക്കൊണ്ട് മറ്റു ഭാഷകളിൽ ആഖ്യാനപരമായ ഗദ്യകൃതികൾ എഴുതാൻ തുടങ്ങി. അചിരേണ ലോകസാഹിത്യത്തിലെ മറ്റു പല എഴുത്തുകാരും ചരിത്രപശ്ചാത്തലമില്ലാത്തതും സാധാരണക്കാരായ കഥാപാത്രങ്ങളുടെ അനുഭവങ്ങൾ അവതരിപ്പിക്കുന്നതുമായ കൃതികൾ എഴുതാൻ തുടങ്ങിയതോടുകൂടെ നോവൽ എന്ന സാഹിത്യരൂപം ലോകവ്യാപകമായ പ്രചാരം നേടി. ഇന്ത്യയിൽ സാധാരണഗദ്യത്തിൽ ഇദംപ്രഥമമായി എഴുതപ്പെട്ട ആഖ്യാനപരമായ കൃതി ബംഗാളി

# ...തിഹാസകാരൻ

സാഹിത്യകാരനായ ബങ്കിം ചന്ദ്രചാറ്റർജിയുടെ 'കപാലകുണ്ഡല' ആണ്. വാൾട്ടർ സ്കോട്ടിന്റെ ഐവൻഹോയെ ഉള്ളടക്കത്തിലും രൂപത്തിലും അനുവർത്തിച്ചുകൊണ്ടു രചിക്കപ്പെട്ട ഒരു ഗ്രന്ഥമത്രെ ഇത്. ഇതേരൂപത്തിൽതന്നെ സി.വി. രാമൻപിള്ള എഴുതിയ കൃതിയാണ് മാർത്താണ്ഡവർമ്മ. ആഖ്യാനപരമായ ഒരു ഗദ്യകൃതിയായതിനാൽ ഇതിനെ നോവൽ എന്നുപറയാം. ഇതിൽ പ്രതിപാദിക്കുന്ന കഥ ചരിത്രപശ്ചാത്തലമുള്ളതായതിനാൽ ചരിത്രാഖ്യായിക എന്നും ചരിത്രനോവൽ എന്നും ഇതു വിശേഷിപ്പിക്കപ്പെടുന്നു. എന്നാൽ, ഇതിനെത്തുടർന്ന് സി.വി. രചിച്ച ധർമ്മരാജാ, രാമരാജാബഹദൂർ എന്നീ കൃതികളെ മേല്പറഞ്ഞ അർത്ഥത്തിൽ നോവലുകളായി കണക്കാക്കാമോ എന്ന സംശയത്തിനു വകയുണ്ട്. അവയിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങൾ സാധാരണ മനുഷ്യരെ പ്രതിനിധാനം ചെയ്യുന്നവരല്ല. ആ കഥാപാത്രങ്ങളുടെ സ്വഭാവം, പെരുമാറ്റം എന്നിവയും സാധാരണ മനുഷ്യരുടേതിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. അവരുടെ ഭാഷണം പോലും സാധാരണ മനുഷ്യരുടേതിൽനിന്ന് ഭിന്നമാണ്. തികച്ചും അസാധാരണങ്ങളും വിസ്മയാവഹങ്ങളുമായ പല കൃത്യങ്ങളും അവരിൽ പലരും അനുഷ്ഠിക്കുന്നതായി സി.വി. ചിത്രീകരിച്ചിട്ടുണ്ട്. അതികായരായ ഇത്തരം കഥാപാത്രങ്ങളുടെ ഭാഷണത്തിലുമുണ്ട് അതിയായ അസാധാരണത്വം. അവരിൽ പലരും ഇതിഹാസകഥാപാത്രങ്ങൾക്ക് തുല്യരാണ്. ആ കഥാപാത്രങ്ങളിൽ ചിലരെ ഭാരതീയർക്ക് സുപരിചിതരായ പുരാണകഥാപാത്രങ്ങളോട് ഉപമിക്കുകയോ അത്തരം പുരാണകഥാപാത്രങ്ങളായിത്തന്നെ തന്റെ വാങ്മയത്തിലൂടെ പ്രദർശിപ്പിക്കുകയോ ചെയ്തുകൊണ്ട് സി.വി. പല കഥാസങ്കല്പങ്ങളും അവതരിപ്പിക്കുന്നതായി നാം കാണുന്നു. ധർമ്മരാജയിലെ കാളിഉടയാൻ ചന്ത്രക്കാരൻ എന്ന കഥാപാത്രം തന്റെ ഉദ്യമങ്ങളെല്ലാം പരാജയപ്പെട്ടിരിക്കുന്നതായി മനസ്സിലാക്കിക്കൊണ്ട് ഇരുട്ടിൽ അന്തർധാനം ചെയ്യുന്നതായി ചിത്രീകരിക്കുമ്പോൾ അയാളെ രാവണൻ ആയിത്തന്നെ അവതരിപ്പിക്കുന്നത് നാം കാണുന്നു. ഇതേ കഥാപാത്രംതന്നെ രാമരാജാബഹദൂറിൽ കാളിപ്രഭാവഭട്ടൻ, ഗൗണ്ഡൻ എന്നീ പേരുകളിൽ മൈസൂറിൽ തന്റെ ഉപജാപം തുടരുകയും മൈസൂർ സുൽത്താൻ തിരുവിതാംകൂർ ആക്രമിച്ചപ്പോൾ സുൽത്താനെ സഹായിക്കുന്നതിന് തിരുവിതാംകൂറിലെ പ്രഭുക്കന്മാരെ പ്രേരിപ്പിക്കാൻ ശ്രമിച്ച് അവസാനം സുൽത്താൻ യുദ്ധത്തിൽ തോറ്റ് മടങ്ങുന്ന അവസരത്തിൽ ആലുവാപ്പുഴയിലെ മലവെള്ളപ്പാച്ചിലിൽ സ്വയംമുങ്ങി രണ്ടാമതും അന്തർദ്ധാനം ചെയ്യുകയും ചെയ്യുന്നു. അതിനു തൊട്ടുമുൻപ് അയാൾ തന്റെ അനന്തരവന്റെ പുത്രിയെ വെള്ളപ്പൊക്കത്തിൽനിന്ന് വാത്സല്യപൂർവം രക്ഷപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ധർമ്മരാജയിലെന്നപോലെ രാമരാജാബഹദൂറിലും ഈ കഥാപാത്രം ദുർമോഹിയും ഉപജാപകനുമായി ഒരുവശത്ത് പ്രത്യക്ഷപ്പെടുന്നതോടൊപ്പം മറ്റൊരു വശത്ത് തന്റെ അനന്തരവനെ കലവറയില്ലാതെ സ്നേഹിക്കുന്ന ഒരു കുടുംബകാരണവരായും വർണിക്കുന്നത് ശ്രദ്ധേയമാണ്. വളരെ കടുത്ത ചായങ്ങൾ ഉപയോഗിച്ച് ഒരു അമാനുഷ വ്യക്തിയുടെ രൂപത്തിൽ ഈ കഥാപാത്രത്തെ ചിത്രീകരിക്കുന്നതിൽ സി.വി. തികച്ചും വിജയിച്ചിട്ടുണ്ട്. സമ്പത്തും അധികാരവും ഉപജാപത്തിലൂടെ കൈയടക്കാൻ ശ്രമിക്കുന്ന ഈ കഥാപാത്രത്തെ ചതിപ്രയോഗത്തിന് ഹരിപഞ്ചാനനൻ പ്രേരിപ്പിക്കുമ്പോൾ താൻ ഒരിക്കലും ആ ഹീനകൃത്യത്തിന് ഒരുമ്പെടുകയില്ലെന്ന് നിസ്സംശയം പ്രഖ്യാപിക്കുന്നതും ശ്രദ്ധേയമാണ്. ഇങ്ങനെ വളരെയധികം അസാധാരണത്വമുള്ള ഈ കഥാപാത്രത്തെ ഇതിഹാസങ്ങളിലെ അതികായരായ കഥാപാത്രങ്ങൾക്ക് തുല്യമായ നിലയിലാണ് സി.വി. വാർത്തെടുക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളത്.




ഹരിപഞ്ചാനനൻ എന്ന നാമധേയത്തിൽ ധർമ്മരാജയിൽ ചിത്രീകരിക്കപ്പെടുന്ന രണ്ടു സഹോദരന്മാരും ഇതുപോലെതന്നെ അതികായന്മാരാണ്. ഒരേ രൂപംതന്നെയുള്ള ഇവരെ ഒരൊറ്റ കഥാപാത്രമായിട്ടാണ് ധർമ്മരാജയിലെ മറ്റു കഥാപാത്രങ്ങളും വായനക്കാരും ഗ്രന്ഥാവസാനംവരെ കരുതുന്നത്. ഒരേ ദിവസം അവർ രണ്ടിടത്ത് പ്രത്യക്ഷപ്പെടുന്നതായി ചിത്രീകരിച്ച്, അങ്ങനെ പ്രത്യക്ഷപ്പെടാൻ ആവശ്യമുള്ള ഐന്ദ്രജാലിക പ്രഭാവത്തോടുകൂടിയ ഒരേ യോഗിവര്യനാണ് അവരെന്ന ധാരണ അന്യകഥാപാത്രങ്ങളിലും വായനക്കാരിലും ജനിപ്പിക്കാൻ സി.വി.ക്കു കഴിഞ്ഞിട്ടുണ്ട്. ആശ്രമത്തിലെ യോഗിയെ കാണാൻ വന്നെത്തുന്നവരെല്ലാം അദ്ദേഹം അമാനുഷിക ശക്തികളുള്ള ഒരു അത്ഭുതപുരുഷൻ തന്നെയാണ് എന്നു വിശ്വസിക്കത്തക്കവണ്ണം പെരുമാറാൻ ജ്യേഷ്ഠസഹോദരനായ ഉഗ്രഹരിപഞ്ചാനനന് കഴിയുന്നു. അദ്ദേഹത്തിന്റെ മറ്റൊരു രൂപമായി അവസാനംവരെ കരുതപ്പെടുന്ന ശാന്തഹരിപഞ്ചാനനൻ മറ്റൊരു വ്യക്തിയാണെന്ന് കഥാന്ത്യത്തിൽ മാത്രമേ വെളിപ്പെടുന്നുള്ളൂ. തങ്ങളുടെ മാതാവിനെ കഴക്കൂട്ടത്ത് ഭവനത്തിൽവച്ച് കണ്ടുമുട്ടുമ്പോൾ ഉഗ്രഹരിപഞ്ചാനനൻ അല്പമൊന്ന് വികാരതരളനാകുന്നുവെങ്കിലും അവസാനഘട്ടംവരെ തന്റെ യോഗീശ്വരഭാവം കൊണ്ട് മറ്റെല്ലാവരെയും വഴിതെറ്റിക്കാൻ അദ്ദേഹത്തിന് പ്രയാസമുണ്ടാകുന്നില്ല. ഹരിപഞ്ചാനനൻമാരുടെ യഥാർത്ഥ സ്വഭാവത്തെയും ഉദ്ദേശ്യങ്ങളെയുംപറ്റി കേശവപിള്ള ദിവാന് സംശയം തോന്നുന്നുവെങ്കിലും സത്യം പൂർണമായി മനസ്സിലാക്കാൻ പടത്തലവനായ അനന്തപദ്മനാഭനു മാത്രമേ സാധിക്കുന്നുള്ളൂ. ഈ രാജസേവകന്മാരുടെയും അനുയായികളുടെയും കൈകളിൽ നിന്ന് രക്ഷപ്പെടാൻ മാർഗ്ഗമില്ല എന്നുകാണുമ്പോൾ ഉഗ്രഹരിപഞ്ചാനനൻ അനുജനെ നിഗ്രഹിച്ചിട്ട് ആത്മാഹൂതി ചെയ്യുന്നു. ഹരിപഞ്ചാനനൻ തന്നെ സന്ദർശിക്കാൻ എത്തുന്നവരെ സ്വീകരിക്കുന്ന രീതിയും അവരെ മോഹവലയത്തിൽപ്പെടുത്താനായി സുഗന്ധധൂപപ്രസരണം കൊണ്ട് സൃഷ്ടിക്കുന്ന അന്തരീക്ഷവും സി.വി. വർണിക്കുന്ന ഭാഗത്ത് അലൗകികമായ ഒരന്തരീക്ഷമാണ് വായനക്കാരുടെ മുൻപിൽ അവതരിപ്പിക്കപ്പെടുന്നത്. അതും ഐതിഹാസിക സ്വഭാവമുള്ളതാണ്.

പെരിഞ്ചക്കോടൻ എന്ന കഥാപാത്രം വിശ്വസ്തരായ ആശ്രിതന്മാരുടെ സഹായത്തോടുകൂടി സാമാന്യജനസമൂഹത്തിന് അപ്രാപ്യമാക്കിത്തീർത്ത വാസസ്ഥലത്ത്

നിഗൂഢവാസം അനുഷ്ടിച്ചുകൊണ്ട് തന്റെ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള തന്ത്രങ്ങൾ നടപ്പിലാക്കുന്നതിന്റെ ചിത്രവും വായനക്കാരെ അമ്പരപ്പിക്കുന്നതാണ്. ഇപ്രകാരമുള്ള തന്റെ താവളത്തിൽ മറഞ്ഞിരുന്നുകൊണ്ട് അയാൾ ഗൂഢമായി സംഭരിച്ച സമ്പത്ത് ലോകത്തിൽ നിന്ന് മറച്ചുവയ്ക്കുകയും തന്റെ തന്ത്രങ്ങൾ നടപ്പിലാക്കാൻ ആവശ്യമുള്ളിടത്തോളം മാത്രം പുറംലോകത്തേയ്ക്ക് കടന്നുചെല്ലുകയും ചെയ്യുന്നതിന്റെ കഥ അസുരന്മാരുടെ വ്യാപാരങ്ങളെ അനുസ്മരിച്ചെന്നു വരാം. അതേസമയത്ത് അയാൾ തന്റെ വീട്ടിനുള്ളിൽ രഹസ്യമായി താമസിക്കുന്ന സ്ത്രീയെയും അവരുടെ പുത്രിയെയും അത്യന്തം സ്നേഹപൂർവം സംരക്ഷിക്കുന്നു. അവർ അകാരണമായി കുടുംബത്തിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ട ഒരു നമ്പൂതിരിസ്ത്രീയും അവരുടെ പുത്രിയുമാണെന്ന വാസ്തവം കഥാന്ത്യത്തിൽ മാത്രമേ സി.വി. വെളിപ്പെടുത്തുന്നുള്ളൂ. അന്യസന്താനമായ പെൺകുട്ടിയെ അയാൾ പുത്രീനിർവിശേഷമായ സ്നേഹത്തോടുകൂടി വളർത്തുന്നു എന്നുമാത്രമല്ല, അവൾക്ക് ത്രിവിക്രമൻ എന്ന പ്രഭുകുമാരനെ ഭർത്താവായി കിട്ടാൻ വേണ്ടി തന്ത്രങ്ങൾ മെനയുകയും ചെയ്യുന്നു. ആ സ്നേഹഭാജനത്തെ ഭർത്താവായി കിട്ടുകയില്ലെന്ന് മനസ്സിലാക്കുമ്പോൾ ഈ യുവതി ദുഃഖത്താൽ രോഗപരവശയും ആസന്നമരണയുമായിത്തീരുന്ന സംഭവം അന്യഥാ ക്രൂരഹൃദയനായ പെരിഞ്ചക്കോടനെ ദുഃഖാകുലനാക്കുന്നു. ഇങ്ങനെ രാമരാജാബഹദൂറിലെ ക്രൂരഹൃദയരായ ഗൗണ്ടരും പെരിഞ്ചക്കോടനും കഥാന്ത്യത്തിൽ ആരുടെയും മനസ്സലിയിക്കുന്ന തരത്തിലുള്ള പിതൃസ്നേഹത്തിന്റെ പ്രതീകങ്ങളായിത്തീരുന്ന കാഴ്ച ഒരു അസാധാരണ സംഭവവികാസമായിട്ടാണ് വായനക്കാർക്ക് അനുഭവപ്പെടുന്നത്.

സി.വി.യുടെ മാർത്താണ്ഡവർമ്മയിൽ അത്ഭുതപരാക്രമിയായ ഒരു യുവാവായി പ്രത്യക്ഷപ്പെടുന്ന അനന്തപദ്മനാഭൻ ധർമ്മരാജയിൽ അതീവ ധിഷണാശാലിയും ഉദാരമതിയുമായ ഒരു അത്ഭുതപുരുഷനായി പ്രത്യക്ഷപ്പെട്ട് ഹരിപഞ്ചാനനൻമാരുടെ ഉപജാപം തകർക്കുന്നതിൽ ദിവാൻ കേശവപിള്ളയെ സഹായിക്കുന്ന കഥയും വായനക്കാരെ ഒരു അത്ഭുതലോകത്തേയ്ക്കാണ് നയിക്കുന്നത്. രാമരാജാബഹദൂറിലെ കഥാന്ത്യത്തിൽ സഹ്യപർവതത്തിന്റെ കൊടുമുടിയിലേയ്ക്ക് ഏകാകിയായി കയറിച്ചെന്ന് ഭീമാകാരമായ ഒരു പാറ തന്റെ ഭുജബലംകൊണ്ട് തള്ളിമാറ്റി അതിനു മുകളിൽ തിങ്ങിനിന്നിരുന്ന ജലം തന്റെ ശരീരത്തോടൊപ്പം താഴോട്ട് ഒഴുക്കി ആലുവാപ്പുഴയിൽ വെള്ളപ്പൊക്കം സൃഷ്ടിച്ച് ആക്രമണകാരിയായ ടിപ്പുസുൽത്താന്റെ സേനയെ ആ വെള്ളത്തിൽ മുക്കി പാലായനം ചെയ്യിക്കുന്ന കുഞ്ചൈക്കുട്ടിപ്പിള്ള എന്ന ഗ്രാമീണന്റെ ചിത്രവും ഒരു ഭൗതികാതീതയാഥാർത്ഥ്യമായിട്ടുമാത്രമെ വായനക്കാർക്ക് അനുഭവപ്പെടാൻ ഇടയുള്ളൂ.

ഇപ്രകാരം പ്രധാനപ്പെട്ട കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ മാത്രമല്ല, ഇതിവൃത്തംമെനഞ്ഞെടുക്കുന്ന കാര്യത്തിലും സി.വി. രാമൻപിള്ള ഐതിഹാസിക ഭാവന പ്രയോഗിച്ചിരിക്കുന്നു. ധർമ്മരാജാ, രാമരാജാബഹദൂർ എന്നീ കൃതികൾ രണ്ടിലെയും ഇതിവൃത്തം ഒരൊറ്റ കഥാധാര മാത്രം അടങ്ങിയതല്ല. രാമരാജാബഹദൂറിൽ മഹാരാജാവിന്റെ ഭരണപാടവം വെളിപ്പെടുത്തുന്ന പ്രവർത്തനങ്ങളുടെ കഥ, അദ്ദേഹത്തിന്റെ ഇംഗിതങ്ങൾ നിറവേറ്റാൻ പല തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും




പലേടത്തും സഞ്ചരിക്കുകയും അനേകം ഗൂഢാലോചനകളെ എതിർത്തുതോല്പിക്കുകയും ചെയ്യുന്ന കേശവപിള്ളയുടെ കഥ, ഒരു വശത്ത് രാജഭക്തിയാലും മറ്റൊരു വശത്ത് അനന്തരവനോടുള്ള സ്നേഹത്താലും മൂന്നാമതൊരു വശത്ത് തന്റെ പത്നിയെയും കേശവപിള്ളയെയും കുറിച്ചുള്ള ദുഃശങ്കകളാലും പ്രേരിതനായി പല അബദ്ധങ്ങളും പ്രവർത്തിക്കുന്ന കേശവൻകുഞ്ഞിന്റെ കഥ, ധർമ്മരാജയിലെ ഗൂഢതന്ത്രങ്ങൾ പരാജയപ്പെട്ടതിനുശേഷം മൈസൂറിൽചെന്ന് മറ്റൊരു വേഷവും പേരും ധരിച്ച് ടിപ്പുസുൽത്താന്റെ സഹായിയായി അയാളുടെ സൈന്യത്തോടൊപ്പം തിരുവിതാംകൂറിന്റെ വടക്കേ അറ്റത്തെത്തി യുദ്ധക്കളത്തിലെ സംഭവവികാസങ്ങളിൽ ഭാഗഭാക്കാകുന്ന കാളിഉടയാൻ ചന്ത്രക്കാരന്റെ കഥ – ഇവയെല്ലാം കൂടിച്ചേർന്നതാണ് സി.വി.യുടെ ഈ ആഖ്യായികാദ്വയത്തിലെ ഇതിവൃത്തം. മേല്പറഞ്ഞ കഥാതന്തുക്കളിൽ ഒന്നുംതന്നെ മറ്റുള്ളവയിൽ നിന്ന് വേറിട്ടു നില്ക്കുന്നില്ല. പ്രത്യേകം വായിച്ചറിഞ്ഞ് ആസ്വദിക്കേണ്ട കഥാഭാഗങ്ങളല്ല അവയെല്ലാം. ഈ കഥാംശങ്ങളെല്ലാം കൂടിച്ചേർന്ന ഗാഢബന്ധമായ ഒരു ഇതിവൃത്തമാണ് ഈ കൃതികളിൽകൂടെ വായനക്കാരന്റെ മനസ്സിൽ പതിയുന്നത്. അതായത് ഇവയിൽ പല കഥാഭാഗങ്ങൾ ഉണ്ടെങ്കിലും ഇതിവൃത്തം ഒന്നാണ്. അവയിൽ ഓരോന്നിനേയും പ്രത്യേകം വായിച്ചറിയാൻ ആസ്വാദകൻ നിർബന്ധിതനാകുന്നില്ല. ഇതിവൃത്തത്തിന് അംഗോപാംഗങ്ങളോടുകൂടിയ സമഗ്രമായ ഒരേ പ്രതിപാദ്യത്തിന്റെ കെട്ടുറപ്പുണ്ട്. അതേസമയംതന്നെ, ഈ ആഖ്യായികകളിലെ വിഭിന്നകഥാധാരകളിൽ ഓരോന്നിനും തികഞ്ഞ മിഴിവുണ്ട്. ഓരോന്നും ആസ്വാദകന്റെ മനസ്സിൽ മായ്ക്കാനാകാത്ത മുദ്ര അർപ്പിക്കുന്നു. ധർമ്മരാജയിലെയും രാമരാജാ ബഹദൂറിലെയും ഇതിവൃത്തങ്ങൾ ഒരേസമയം സങ്കീർണതയും ഏകതാനതയുമുള്ള പ്രതിപാദ്യങ്ങളാണ്. ഈ സവിശേഷത രണ്ട് ആഖ്യായികകളും കൂടി ഉൾക്കൊള്ളുന്ന പരസ്പരബദ്ധമായ ഇരുഭാഗങ്ങളോടുകൂടിയ ഇതിവൃത്തത്തിന് ഒരു ഇതിഹാസത്തിന്റെ ഉള്ളടക്കത്തിനൊത്ത സ്വഭാവം നൽകിയിരിക്കുന്നു.

മറ്റുചില ലോകഭാഷകളിൽ ഒന്നിലധികം നോവലുകൾ പരസ്പരബദ്ധവും തുടർച്ചയുമുള്ള ഇതിവൃത്തങ്ങൾ പ്രതിപാദിക്കുന്നവയായി കാണപ്പെടുന്നുണ്ട്. അത്തരം കൃതികളുടെ സമുച്ചയത്തെ സാഗാനോവൽ എന്നു വിശേഷിപ്പിച്ചുവരുന്നു.

അവയിൽ ഓരോ സാഗയിലേയും ഇതിവൃത്തങ്ങൾക്ക് തുടർച്ചയുണ്ട് എന്നതാണ് അത്തരം കൃതികളുടെ സവിശേഷത. എന്നാൽ ഒരു ശാഖയിൽ പ്രതിപാദിക്കപ്പെടുന്നത് സങ്കീർണ്ണ സ്വഭാവമുള്ള ഒരൊറ്റ ഇതിവൃത്തം ആയിരിക്കുകയില്ല. അതിൽ ഒരു ഘടകത്തിലെ കഥാന്ത്യത്തെത്തുടർന്നുള്ള സംഭവങ്ങൾ അടുത്തതിൽ പ്രതിപാദിക്കുന്നു എന്നേയുള്ളൂ. ഇപ്രകാരം പരസ്പരം കോർത്തിണക്കിയ പ്രത്യേക ഇതിവൃത്തങ്ങൾ അവതരിപ്പിക്കുന്ന ആഖ്യായികകളല്ല സി.വി.യുടെ ധർമ്മരാജായും രാമരാജാ ബഹദൂറും. അവ രണ്ടും സങ്കീർണഘടനയുള്ള ഒരൊറ്റ ഇതിവൃത്തം അവതരിപ്പിക്കുന്നതായിട്ടാണ് രണ്ടുംകൂടി പാരായണം ചെയ്യുന്നവർക്ക് അനുഭവപ്പെടുന്നത്. അവയിലെ ഇതിവൃത്തഘടനയ്ക്കും പാത്രസൃഷ്ടിക്കും ഇതിഹാസങ്ങളിലെ ഇതിവൃത്തഘടനയുടെയും പാത്രസൃഷ്ടിയുടെയും സ്വഭാവമുണ്ട്. അതിനാൽ ഈ കൃതികൾ രണ്ടും ചേർന്ന് ഒരു ഇതിഹാസമായി തീർന്നിരിക്കുന്നു. അവ രണ്ടുംകൂടി ഒരുമിച്ച് വിഭാവനം ചെയ്ത് രചിച്ച സി.വി. രാമൻപിള്ളയെ തിരുവിതാംകൂറിന്റെ ഇതിഹാസകാരൻ എന്നു വിശേഷിപ്പിക്കാം.

# ആധുനിക ഭാരതത്തിന്റെ കുലപതി

**സെപ്തംബർ 5 – ഒരു വന്ദ്യഗുരുനാഥന്റെ ജന്മദിനം – ആ വന്ദ്യഗുരുവിനെ സ്മരിച്ചുകൊണ്ട് ഭാരതമാകെ അന്ന് അദ്ധ്യാപകദിനമായി ആചരിക്കുന്നു. ആധുനിക ഭാരതം കണ്ട അതുല്യനായ ബഹുമുഖ പ്രതിഭ, ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ ആന്ധ്രാപ്രദേശിലെ തിരുത്തണിയിൽ ജനിച്ചു വീണ ദിവസമായിരുന്നു അത്.**



പ്രൊഫ. ടോണി മാത്യു

ആധുനിക ഭാരതം കണ്ട അതുല്യരായ തത്ത്വചിന്തകന്മാരിൽ അദ്വിതീയനാണ് ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ. ഭാരതത്തിന്റെ ഉപരാഷ്ട്രപതിയായും രാഷ്ട്രപതിയായും നിസ്തുലസേവനമനുഷ്ഠിച്ച അദ്ദേഹത്തിന്റെ മുഖമുദ്ര, ലളിതമായ ജീവിതവും ഉന്നതമായ ചിന്തയുമായിരുന്നു. ആത്മാർത്ഥതയുള്ള അധ്യാപകൻ, ഉജ്വലനായ പ്രഭാഷകൻ, പണ്ഡിതനായ ഗ്രന്ഥകാരൻ, നയതന്ത്രജ്ഞനായ ഭരണാധികാരി, വിശ്വവിഖ്യാതനായ ദാർശനികൻ എന്നീ നിലകളിലെല്ലാം മഹായശസ്കനായിരുന്നു അദ്ദേഹം. മഹാത്മാഗാന്ധി, പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു, രവീന്ദ്രനാഥ ടാഗോർ, ബർട്രൻഡ് റസൽ തുടങ്ങിയ മഹാരഥന്മാർ, രാധാകൃഷ്ണന്റെ ബഹുമുഖപ്രതിഭയെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്.

1888 സെപ്തംബർ അഞ്ചിനാണ് രാധാകൃഷ്ണന്റെ ജനനം. ആ വന്ദ്യഗുരുവിനെ അനുസ്മരിച്ചുകൊണ്ട്, ഭാരതമാകെ, അന്ന് അദ്ധ്യാപകദിനമായി ആചരിക്കുന്നു. ആന്ധ്രപ്രദേശിലെ തിരുത്തണി എന്ന ഗ്രാമമാണ് ജന്മസ്ഥലം. സർവേപ്പള്ളി എന്നാണ് വീട്ടുപേര്. മാതാപിതാക്കൾ നിർദ്ധനരായിരുന്നു. തികഞ്ഞ ഈശ്വരഭക്തരായിരുന്ന അവർ, മകനെയും ചെറുപ്പത്തിൽ തന്നെ ഈശ്വരവിശ്വാസിയാക്കി. സാമ്പത്തിക പരാധീനതകളും ക്ലേശങ്ങളും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ശൈശവകാലം. തിരുത്തണിയിൽ പ്രാഥമികവിദ്യാഭ്യാസം നടത്തി. സമീപസ്ഥലമായ തിരുപ്പതിയിലെ ലൂഥറൻ മിഷൻ സ്കൂളിലും വെല്ലൂരിലെ വൂർഹിസ് കോളേജിലും മദ്രാസ് ക്രിസ്ത്യൻ കോളേജിലും പഠിച്ച് ഫിലോസഫിയിൽ മാസ്റ്റർ ബിരുദമെടുത്തു.

കുട്ടികൾക്ക് ട്യൂഷനെടുത്താണ് ഉന്നത പഠനത്തിനാവശ്യമായ പണം ഉണ്ടാക്കിയത്. പഠനസമയത്തുതന്നെ വിവാഹിതനായി. പരീക്ഷ പാസ്സായ ഉടനെതന്നെ മദ്രാസ് പ്രസിഡൻസി കോളെജിൽ ലക്ചററായി പ്രവേശിച്ചു. പിന്നീട് മൈസൂറിൽ പുതിയതായാരംഭിച്ച സർവകലാശാലയിൽ പ്രൊഫസറായി നിയമിക്കപ്പെട്ടു. അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളിലും മറ്റും ലേഖനങ്ങളെഴുതിയിരുന്നതിനാൽ, രാധാകൃഷ്ണന്റെ പ്രസിദ്ധി രാജ്യാതിർത്തികൾവിട്ട് വിദേശങ്ങളിലുമെത്തിച്ചേർന്നു. കേംബ്രിഡ്ജിലും ഹാർവാഡിലും നടന്ന സാർവദേശീയ തത്ത്വശാസ്ത്രജ്ഞന്മാരുടെ കൂട്ടായ്മയിൽ അദ്ദേഹം പങ്കെടുത്തു. പാശ്ചാത്യ പണ്ഡിതന്മാർ അദ്ദേഹത്തിന്റെ ജ്ഞാനത്തെയും നിരീക്ഷണശക്തിയെയും പ്രശംസിച്ചു.

രാധാകൃഷ്ണന്റെ അസാമാന്യമായ അറിവിനെ മാനിച്ചുകൊണ്ട്, ആന്ധ്ര സർവകലാശാല ഡി.ലിറ്റ് ബിരുദം നല്കി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ചിലത് ബ്രിട്ടനിലെയും അമേരിക്കയിലെയും കോളേജുകളിൽ പാഠ്യപദ്ധതിയിലായി. ബ്രിട്ടീഷ് അക്കാദമിയിൽ 'ഫെലോ' സ്ഥാനം ലഭിച്ച പ്രഥമ ഭാരത പൗരൻ ഡോ. രാധാകൃഷ്ണനാണ്. താരതമ്യപഠനത്തിനുള്ള പ്രൊഫസറായി ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി അദ്ദേഹത്തെ നിയമിച്ചു. അത്യുന്നത ബഹുമതിയായ 'സർ' സ്ഥാനവും നല്കി. ആന്ധ്ര, ബനാറസ് എന്നീ സർവകലാശാലകളുടെ വൈസ്ചാൻസലർ പദവിയും അലങ്കരിച്ചിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മിഷന്റെ ചെയർമാൻസ്ഥാനവും 'യുനെസ്കോ'യുടെ ചെയർമാൻ സ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്. 1949-ൽ റഷ്യയുടെ അമ്പാസിഡറായി നിയമിക്കപ്പെട്ടു. 1952 മുതൽ പത്തുവർഷക്കാലം, ഭാരതത്തിന്റെ ഉപരാഷ്ട്രപതിയായി വിശിഷ്ടസേവനമനുഷ്ഠിച്ചു. 1962 മുതൽ 67 വരെ അദ്ദേഹമായിരുന്നു നമ്മുടെ രാഷ്ട്രപതി. പ്രസിഡന്റിന്റെ ശമ്പളം പതിനായിരം രൂപയായിരുന്നെങ്കിലും 2500 രൂപയേ അദ്ദേഹം കൈപ്പറ്റിയിരുന്നുള്ളു!

മുപ്പതിലേറെ മൗലികകൃതികൾ രചിച്ചിട്ടുണ്ട് അദ്ദേഹം. പ്രഭാഷണങ്ങളും പ്രാചീനഗ്രന്ഥങ്ങൾക്കെഴുതിയ വ്യാഖ്യാനങ്ങളും പരിഭാഷകളുമുൾപ്പെടെ വേറെയും ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. 1918-ൽ പ്രകാശിപ്പിച്ച 'രവീന്ദ്രനാഥ ടാഗോറി'ന്റെ ദർശനം എന്ന പുസ്തകമാണ് പ്രസിദ്ധമായിത്തീർന്ന പ്രഥമകൃതി. ഗുരുദേവന്റെ ഗീതാഞ്ജലി, സാധന തുടങ്ങിയ വിശിഷ്ടകൃതികളുമായി പരിചയപ്പെടേണ്ടിവന്നതിന്റെ ഫലമാണിത്. പ്രാക്തനമായ ഭാരതീയദർശനമാണ്, ടാഗോറിലൂടെ പുതിയ മൂല്യനിർദ്ധാരണം നേടുന്നതെന്ന് രാധാകൃഷ്ണൻ മനസ്സിലാക്കി. ഈ അഭിമതത്തെ സ്ഥാപിക്കാനാണ് ഗ്രന്ഥമെഴുതിയത്. 'സമകാലികതത്ത്വചിന്തയിൽ മതത്തിന്റെ വാഴ്ച'യാണ് മറ്റൊരു ശ്രദ്ധേയ രചന. അമേരിക്കയിലും യൂറോപ്പിലും ഇതു പാഠപുസ്തകമാക്കിയിട്ടുണ്ട്. ആധ്യാത്മിക ചിന്തകൾ ആധുനിക കാലത്തു നേരിടുന്ന ഭീഷണിയെക്കുറിച്ചാണ് 'കല്ക്കി അഥവാ നാഗരികതയുടെ ഭാവി' എന്ന പുസ്തകത്തിൽ സവിസ്തരം പ്രതിപാദിക്കുന്നത്. ആന്തരാനുഭൂതിയിലൂടെ മാത്രമേ സത്യസാക്ഷാത്കാരമുണ്ടാവുകയുള്ളൂ എന്ന ഭാരതീയ സിദ്ധാന്തത്തെയാണ് 'ജീവിതത്തിന്റെ ആദർശാത്മക വീക്ഷണം' എന്ന ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നത്. ഹൈന്ദവ-ക്രൈസ്തവ സങ്കല്പങ്ങളിലുള്ള, ഈശ്വരദർശനത്തെക്കുറിച്ച് ഇതിൽ സൂചിപ്പിക്കുന്നുണ്ട്. അവയുടെ സമാനതകൾ കണ്ടെത്തുകയും ചെയ്യുന്നു. പൗരസ്ത്യവും പാശ്ചാത്യവുമായ മതചിന്തകളെ വിശദീകരിക്കുന്ന കൃതിയാണ് 'മതം കിഴക്കും പടിഞ്ഞാറും'.

മതവും സമൂഹവും, വിശ്വാസത്തിന്റെ വീണ്ടെടുപ്പ്, മാറുന്ന ലോകത്തിലെ മതം, പൗരസ്ത്യ-പാശ്ചാത്യ തത്ത്വചിന്തയുടെ ചരിത്രം, ഹൈന്ദവ ജീവിതവീക്ഷണം, ഗൗതമബുദ്ധൻ, മഹാത്മാഗാന്ധി, മഹാന്മാരായ ഭാരതീയർ, സ്വാതന്ത്ര്യവും സംസ്കാരവും, നമുക്കാവശ്യമുള്ള മതം, ഭാരതീയ ദർശനം തുടങ്ങിയവ പ്രസിദ്ധങ്ങളായ പ്രധാനകൃതികളാണ്. ബുദ്ധമതഗ്രന്ഥമായ 'ധർമ്മപഥ'ത്തിനും 'ഭഗവദ്ഗീത'യ്ക്കും 'ബ്രഹ്മസൂത്ര'ത്തിനും പ്രധാനപ്പെട്ട ഉപനിഷത്തുകൾക്കും ഗവേഷണാത്മകമായ അവതാരികകളും വിശദമായ വ്യാഖ്യാനങ്ങളും ഡോ. രാധാകൃഷ്ണൻ രചിച്ചിട്ടുണ്ട്. രണ്ടു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിയ 'ഇൻഡ്യൻ ഫിലോസഫി'യാണ് മാസ്റ്റർപീസായ ഗ്രന്ഥമെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഏതാണ്ട് 5000 കൊല്ലത്തെ പാരമ്പര്യമുള്ള ഭാരതീയ ദർശനത്തിന്റെ ആഴവും പരപ്പും അളന്നു തിട്ടപ്പെടുത്താനാണ് അദ്ദേഹം ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നത്. വേദേതിഹാസങ്ങളെക്കുറിച്ചും ഷഡ്ദർശനങ്ങളെക്കുറിച്ചും ഭൗതികവാദം, ബൗദ്ധ-ജൈന ദർശനം എന്നിവയെക്കുറിച്ചും സവിസ്തരം പഠിക്കുന്നുണ്ട്.

അദ്വൈതസിദ്ധാന്തപദ്ധതിയെ സൂക്ഷ്മമായി അപഗ്രഥിക്കാനും പിൽക്കാലത്ത് അതിനുണ്ടായ ശാഖകളെ – ശങ്കരൻ, രാമാനുജൻ, വല്ലഭൻ, മധ്വൻ, നിംബാർക്കൻ തുടങ്ങിയ ആചാര്യന്മാരുടെ കാഴ്ചപ്പാടുകളെ വിലയിരുത്താനും രാധാകൃഷ്ണൻ പരിശ്രമിക്കുന്നു. വേദാന്തവിശകലനത്തിൽ സ്വാമി വിവേകാനന്ദനോടടുത്താണ് ഇദ്ദേഹത്തിന്റെ സ്ഥാനം. ശൈവ-ശാക്തേയ-വൈഷ്ണവ ചിന്തകളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട് ഈ കൃതിയിൽ.

തത്ത്വചിന്തകനും തത്ത്വശാസ്ത്രത്തിന്റെ ചരിത്രകാരനും എന്ന നിലയ്ക്ക് ആഗോളപ്രസിദ്ധി നേടിയ ഡോ. രാധാകൃഷ്ണന്റെ ജീവിതദർശനം, സനാതനധർമ്മത്തിന്റെ മൗലിക സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വളർത്തിയെടുത്തിരിക്കുന്നത്. ഏകലോകത്തെക്കുറിച്ചുള്ള വീക്ഷണം അദ്ദേഹത്തിന്റെ മാനവതാവാദം (ഹ്യൂമനിസം) ശക്തിപ്പെടുത്തി. "ലോകാ സമസ്താ സുഖിനോ ഭവന്തു" എന്ന ആർഷസൂക്തത്തിൽ അദ്ദേഹം അഭിരമിച്ചു. രണ്ടു ചാലുകളിലൂടെ പ്രവഹിച്ചിരുന്ന പൗരസ്ത്യ-പാശ്ചാത്യ ചിന്തകളെ സമന്വയിപ്പിക്കാനുള്ള ഭഗീരഥപ്രയത്നമായിരുന്നു രാധാകൃഷ്ണന്റേത്. അതിന്റെ പ്രസക്തിയും പ്രാധാന്യവും ഇന്നു നാം മനസ്സിലാക്കുന്നു.

മികച്ച അധ്യാപകനും പ്രഗത്ഭനായ



**വ്യക്തി, കുടുംബം, സമുദായം, രാഷ്ട്രം എന്നിങ്ങനെയുള്ള ഘടകങ്ങളെപ്പോലും അവഗണിച്ചുകൊണ്ട്, വിശ്വപൗരനെന്ന നിലയ്ക്കുള്ള കടമകളെ നിർവഹിക്കാൻ ഓരോ വ്യക്തിയേയും തയ്യാറാക്കുകയായിരിക്കണം ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.**

വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു അദ്ദേഹം. തത്ത്വശാസ്ത്രവും വിദ്യാഭ്യാസവും അടുത്ത ബന്ധം വെച്ചുപുലർത്തുന്ന വിജ്ഞാനശാഖകളാണെന്ന് അദ്ദേഹം വിശ്വസിച്ചു. സർവകലാശാല വിദ്യാഭ്യാസക്കമ്മീഷൻ റിപ്പോർട്ടിൽ, വിദ്യാഭ്യാസ സംബന്ധമായ സുചിന്തിതാഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. തത്ത്വചിന്തയുടെ പ്രായോഗിക രൂപമാണ് വിദ്യാഭ്യാസം. മനുഷ്യരിലുള്ള സത്ഗുണങ്ങളെ വളർത്തിയെടുക്കുകയും ദുർഗുണങ്ങളെ ഇല്ലായ്മ ചെയ്യുകയുമാണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം. അറിവുകളാർജ്ജിക്കാനും സംശയങ്ങളുന്നയിക്കാനുമുള്ള കഴിവ് വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കണം. വാദപ്രതിവാദവും ചർച്ചകളും ഉണ്ടാവണം. അഭിപ്രായാന്തരങ്ങളെ മാനിക്കാനും ന്യായാന്യായതകളെക്കുറിച്ച് ചിന്തിക്കാനും വിദ്യാർത്ഥികൾ തയ്യാറാവണം. സങ്കുചിതങ്ങളായ വീക്ഷണങ്ങൾ വർജിക്കണം. അവസരസമത്വവും സാഹോദര്യവും വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരിക്കണം. കാണുന്നതോ കേൾക്കുന്നതോ അപ്പടി വിശ്വസിക്കാതെ അതിന്റെ വിശദാംശങ്ങൾ ഗ്രഹിച്ച്, നന്മതിന്മകളെ വിവേചിച്ചറിഞ്ഞ്, യുക്തമായ തീരുമാനത്തിലെത്താൻ പ്രേരണ നല്കുന്നതായിരിക്കണം വിദ്യാഭ്യാസ പദ്ധതി. ആശയങ്ങളും ആദർശങ്ങളും ആരോഗ്യപരമായ രീതിയിൽ ഏറ്റുമുട്ടുകയും അഭികാമ്യമായതു നിലനില്ക്കുകയും വേണം. യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ മാർഗവും ലക്ഷ്യവും ഇതായിരിക്കണം.

ശാസ്ത്രത്തിനും സാങ്കേതിക വിദ്യയ്ക്കും ധാർമ്മിക മൂല്യങ്ങൾക്കും തുല്യമായ പങ്കാളിത്തമുള്ള വിദ്യാഭ്യാസമേ രാജ്യത്തിനു പ്രയോജനകരമാവുകയുള്ളൂ. ആചാരാനുഷ്ഠാനങ്ങളിലും ധാർമ്മിക ചിന്തകളിലും കാലാനുസൃതമായ പരിഷ്കാരങ്ങളും പരിവർത്തനങ്ങളും ഉണ്ടാകണമെന്ന് രാധാകൃഷ്ണൻ ഉപദേശിച്ചു. പ്രാദേശികവും സാമുദായികവുമായ ശിഥില ചിന്തകളെ ദുർബ്ബലപ്പെടുത്താനും ദേശാഭിമാനവും ദേശീയബോധവും വളർത്താനും ഉപകരിക്കുന്നതായിരിക്കണം നല്ല വിദ്യാഭ്യാസ പദ്ധതി. വ്യക്തി, കുടുംബം, സമുദായം, രാഷ്ട്രം എന്നിങ്ങനെയുള്ള ഘടകങ്ങളെപ്പോലും അവഗണിച്ചുകൊണ്ട്, വിശ്വപൗരനെന്ന നിലയ്ക്കുള്ള കടമകളെ നിർവഹിക്കാൻ ഓരോ വ്യക്തിയേയും തയ്യാറാക്കുകയായിരിക്കണം ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

**രണ്ടു ചാലുകളിലൂടെ പ്രവഹിച്ചിരുന്ന പൗരസ്ത്യ-പാശ്ചാത്യ ചിന്തകളെ സമന്വയിപ്പിക്കാനുള്ള ഭഗീരഥപ്രയത്നമായിരുന്നു രാധാകൃഷ്ണന്റേത്. അതിന്റെ പ്രസക്തിയും പ്രാധാന്യവും ഇന്നു നാം മനസ്സിലാക്കുന്നു. ആചാരാനുഷ്ഠാനങ്ങളിലും ധാർമ്മികചിന്തകളിലും കാലാനുസൃതമായ പരിഷ്കാരങ്ങളും പരിവർത്തനങ്ങളും ഉണ്ടാകണമെന്ന് രാധാകൃഷ്ണൻ ഉപദേശിച്ചു.**

വിദ്യാർത്ഥികളുടെ മനസ്സിനെയും മസ്തിഷ്ക്കത്തെയും പ്രബുദ്ധമാക്കുന്ന, സമഗ്രവിദ്യാഭ്യാസത്തിന്റെ വക്താവായിരുന്നു ഡോ. രാധാകൃഷ്ണൻ. മതപരനത്തെ നിഷേധിച്ചില്ല അദ്ദേഹം. സർവമത സാരവും അഭ്യസിപ്പിക്കണം. നാനാത്വത്തിൽ ഏകത്വം കണ്ടെത്താൻ വിദ്യാർത്ഥികൾക്ക് സാധിക്കണം. വ്യക്തിയിൽ നിർലീനമായിരിക്കുന്ന സർഗശക്തിയെ കണ്ടെത്തുകയും അവയെ വികസിപ്പിക്കുകയും ചെയ്യുന്നതാവണം വിദ്യാഭ്യാസം. വിജ്ഞാനത്തെ യാന്ത്രികമായി അടിച്ചേല്പിക്കുകയല്ല, ജീവിതവുമായി അതിനെ ബന്ധപ്പെടുത്തണം. അച്ചടക്കശീലം സ്വയമാർജിക്കാൻ ഉത്തമവിദ്യാഭ്യാസംകൊണ്ടേ കഴിയുകയുള്ളൂവെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു.

സന്തോഷകരമായ കുടുംബജീവിതത്തിൽ ആറു സന്താനങ്ങളുണ്ടായി. ഒരു പുത്രനും അഞ്ചു പുത്രിമാരും. ഭാര്യ 1956-ൽ നിര്യാതയായി. 1975 ഏപ്രിൽ 17-ന് മഹാനായ ആ ഭാരതപുത്രൻ, ആധുനിക ഭാരതത്തിന്റെ കുലപതി അന്തരിച്ചു.

## ഓണപ്പൊട്ടൻ

ഓണം ദേശീയോത്സവമാണ്. എന്നാൽ ഓണവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾക്ക് പ്രാദേശിക വൈജാത്യമുണ്ട്.

ഓണാഘോഷത്തോടനുബന്ധിച്ച് ഉത്തരകേരളത്തിൽ തെയ്യം കെട്ടി ആടാറുണ്ട്. ഓണത്താറും ഓണപ്പൊട്ടനും പ്രധാന തെയ്യക്കോലങ്ങളാണ്.

ഉത്തരകേരളത്തിലെ അനുഷ്ഠാന കലയാണ് തെയ്യം.

വീടുകൾതോറും കയറിയിറങ്ങുന്ന തെയ്യക്കോലമാണ് ഓണപ്പൊട്ടൻ. പാലക്കാട് ജില്ലയാണ് ഓണപ്പൊട്ടൻതെയ്യത്തിന്റെ ഉറവിടം. ഇവിടത്തെ ഒരു അനുഷ്ഠാന കലാരൂപം കൂടിയാണിത്. തിരുവോണദിവസത്തിലും തലേന്നാളിലും ഓണപ്പൊട്ടൻ ഭവനസന്ദർശനം നടത്തും. ഓലക്കുടയും തൂക്കുമണിയും ഓണപ്പൊട്ടന്റെ കയ്യിലെ അലങ്കാരങ്ങളാണ്.

മൂകനായ തെയ്യക്കോലമായതുകൊണ്ടാണ് ഓണേശ്വരനായ ഈ തെയ്യം ഓണപ്പൊട്ടനായി അറിയപ്പെടുന്നത്.

ഓണപ്പൊട്ടന് അലങ്കാരങ്ങൾക്ക് കുറവില്ല. അലങ്കരിച്ച താടി, മുടി, ആടയാഭരണങ്ങൾ എന്നിവ ജനശ്രദ്ധയാകർഷിക്കാൻ പൊന്നവയാണ്.

സാധാരണ ആൺകുട്ടികൾ കെട്ടാറുള്ള തെയ്യക്കോലമാണ് ഓണത്താർ. ഉത്രാടം, തിരുവോണം നാളുകളിലാണ് ഈ കോലങ്ങൾ വീടുകൾ കയറിയിറങ്ങുന്നത്. വീരന്മാരും ശൂരന്മാരുമായ ദേവന്മാരെയും ദേവിമാരെയും അനുകരിച്ചാണ് തെയ്യം കെട്ടി ആടുന്നത്.

പാടിയാടുകയാണ് ഓണത്താറിന്റെ ശൈലി. മാവേലിയുടെ ജീവിതവും പരമമായ ത്യാഗവും വിളംബരം ചെയ്താണ് ഓണത്താർ വീടുവീടാന്തരം കയറിയിറങ്ങുന്നത്. ജനക്ഷേമതത്പരനായ മാവേലി സ്വന്തം പ്രജകളുടെ ക്ഷേമം അന്വേഷിച്ചിറങ്ങിയതാണ് ഓണത്താർ സങ്കൽപം.

സാമൂഹികം

# ജലസംരക്ഷണത്തിന് ഗ്രാമതല മാതൃകകൾ

**ഭൂജലസംരക്ഷണവും സംവർദ്ധനവും പ്രധാന അജണ്ടകളായി നാം ഇതിനകം അംഗീകരിച്ചുകഴിഞ്ഞു. ജലരഹിതമായ പ്രകൃതിയുടെ ഫലശൂന്യതയെക്കുറിച്ച് കഴിഞ്ഞ കൊടുംവേനലിൽ മലയാളിക്കുണ്ടായ അവബോധമാണ് ഈ മാറ്റത്തിനു നിദാനം.**

ഡോ. ബി. അശോക്

ഇക്കഴിഞ്ഞ കൊടും വേനലിന്റെ ക്രിയാത്മതകളിലൊന്ന് ഗാർഹികതല കുടിവെള്ള സംരക്ഷണത്തെക്കുറിച്ചും ജലരഹിതമായ പ്രകൃതിയുടെ ഫലശൂന്യതയെക്കുറിച്ചും ശരാശരി മലയാളിക്കുണ്ടായ നല്ല അവബോധമാണ്. മഴവെള്ളസംഭരണത്തിന്റെ സാധ്യതകളും പരിമിതികളും, ഭൂജലം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യം എന്നീ വിഷയങ്ങളിൽ സർക്കാരും സർക്കാർ ഏജൻസികളും ഉദ്യോഗസ്ഥരും കർഷകരും മാധ്യമങ്ങളും പൊതുജനങ്ങളുമൊക്കെ അണിനിരന്ന ചർച്ചയും കേരളത്തിലെ ഉത്തരവാദിത്തമുള്ള മാധ്യമങ്ങൾ ജനസമക്ഷം വച്ച കാമ്പയിനുകളും മാതൃകാപ്രവൃത്തികളും ഏറെ ശ്രദ്ധേയമായി. ഗാർഹിക തലത്തിൽ വേനൽക്കാല ജലസുരക്ഷ ഉറപ്പാക്കുന്നതിൽ അവലംബിക്കാവുന്ന ഒട്ടേറെ നല്ല സാങ്കേതികവിദ്യകൾ (ഉദാ: ഫെറോസിമെന്റ് സംഭരണികൾ, മഴക്കുഴികൾ) പ്രചരിപ്പിക്കാനും പല നല്ല സംഘടനകളും മുന്നോട്ടു വന്നു. ഭൂജല സംരക്ഷണവും സംവർദ്ധനവും ലക്ഷ്യമിടുന്ന തടയണകളുടെ പ്രാധാന്യവും കിണർ ജലസംരക്ഷണവും പ്രധാന അജണ്ടകളായി കണക്കാക്കപ്പെട്ടു. വികേന്ദ്രീകരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിലെ 150-ഓളം ഗ്രാമപഞ്ചായത്തുകൾ ജനപങ്കാളിത്തത്തോടെ വിജയകരമായി നിർവ്വഹിച്ചു വരുന്ന കുടിവെള്ള ശുചിത്വ പദ്ധതിയായ ജലനിധിയും ഒരു ഡസനോളം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ-സംരക്ഷണ-ശുചിത്വ മാർഗ്ഗങ്ങളിൽ നല്ല മുന്നേറ്റം സൃഷ്ടിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുതലത്തിൽ തന്നെ ജലലഭ്യതയ്ക്കും ജലസുരക്ഷിതത്വത്തിനും വേണ്ട ഒരു സമഗ്രപാക്കേജായി രൂപപ്പെടുത്തി നടപ്പാക്കാനുള്ള വലിയ സാധ്യതയാണ് ഈ പദ്ധതിയ്ക്കുള്ളത്.

സമഗ്ര കാഴ്ചപ്പാടിന്റെ അഭാവത്തിൽ രൂപീകരിക്കപ്പെടുകയും വാർഡടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്ത കുടിവെള്ള പദ്ധതികളുടെ അസ്ഥിപഞ്ജരങ്ങൾ (പണിതീരാത്ത കിണറും വാങ്ങിക്കൂട്ടിയ കുഴലുകളും-ഒരു ദിവസംപോലും ചലിക്കാത്ത മോട്ടോറുകളും) ചത്ത മൂലധനമായി നാട്ടിലെങ്ങും പെരുകുന്ന ദുരവസ്ഥയാണ് കണ്ടുവരുന്നത്. ശരാശരി ഒരു വർഷം അഞ്ച് ലക്ഷം രൂപ വീതം ഗ്രാമപഞ്ചായത്തുകൾ ജലസുരക്ഷ-ശുചിത്വ വിഷയങ്ങളിൽ ചെലവിടുന്നു എന്നു കണക്കാക്കിയാൽ തന്നെ ശരാശരി വർഷം 50 കോടി രൂപയുടെ മുതൽ മുടക്ക് കേരളത്തിൽ ഈയിനത്തിൽ ഇക്കഴിഞ്ഞ വർഷങ്ങളിൽ നടന്നിട്ടുണ്ട്. ഏഴു വർഷങ്ങളിലെ വികേന്ദ്രീകൃത പ്രവർത്തനങ്ങൾ മാത്രം കണക്കാക്കിയാൽ കുറഞ്ഞത് 350 കോടി രൂപയുടെ മുതൽ മുടക്ക് ജലസുരക്ഷ-സാനിട്ടേഷൻ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ ഈ മുതൽമുടക്കിനുശേഷവും ജലനിധി പോലുള്ള പദ്ധതികൾ ഏറ്റെടുക്കുന്ന പഞ്ചായത്തുകളിൽ ഇപ്രകാരം നിർവ്വഹിച്ച മിക്കപദ്ധതികളും പുനരുദ്ധരിക്കേണ്ട ആവശ്യം വേണ്ടി വരുന്നു. പൂർത്തീകരണമില്ലാത്തതും ഭീമമായ നടത്തിപ്പു ചെലവ് വേണ്ടിവരുന്നതുമായ പദ്ധതികൾ വേണ്ടത്ര ഉൾക്കാഴ്ച കൂടാതെ ആസൂത്രണം ചെയ്തുപോയതും നിർവ്വഹണത്തിൽ കടലാസ്സിനുള്ള സാമൂഹിക പങ്കാളിത്തം പിന്നീട് ചെറുകിട കോൺട്രാക്ടർമാർ ഏറ്റെടുക്കുന്നതും 'ദാനം കിട്ടിയ പശുവിന്റെ പല്ല് എണ്ണണ്ട' എന്ന ഉദ്യോഗസ്ഥ മനോഭാവവുമൊക്കെ ഈ പദ്ധതികളുടെ നടുവൊടിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിരുന്നതായി കാണാൻ കഴിയും. ഗ്രാമതല ജലസുരക്ഷാ ശുചിത്വ പദ്ധതി ആവിഷ്കരിക്കുമ്പോൾ പാലിക്കേണ്ട പ്രധാന തത്ത്വങ്ങൾ ഇനിപ്പറയുന്നു.

ഗ്രാമതലത്തിലെ ഇതിനകം നിർമ്മിച്ചു കഴിഞ്ഞ ജലവിഭവഭൂപടങ്ങൾ വിദഗ്ധ സഹായത്തോടെ (ജല അതോറിറ്റി/ജലനിധി/കോഴിക്കോട്ടെ ജലവിഭവ പഠന കേന്ദ്രം) ശാസ്ത്രീയമായി വിശകലനം ചെയ്ത് ഒരു വർഷം ലഭിക്കുന്ന വർഷപാതം പഞ്ചായത്തിലെ കാർഷിക-വ്യാവസായിക-കുടിവെള്ളാവശ്യങ്ങൾക്ക് മതിയാകുമോ (ഓരോ മാസവും) എന്ന കണക്കുകൾ തയ്യാറാക്കണം. വർഷപാതം മതിയാകാതെ വരുന്ന പഞ്ചായത്തുകൾ കേരളത്തിൽ അഞ്ചിൽ താഴയേ വരൂ. കാർഷികാവശ്യത്തിനു വേണ്ട ജലം വിളകളുടെ ആവശ്യാനുസരണം കണക്കാക്കേണ്ടതും മൊത്തം വിളഭൂമി, ചെറുകിട ഗാർഹിക കൃഷി എന്നിങ്ങനെ തരംതിരിച്ചു കണക്കാക്കേണ്ടതുമാണ്. ഇതിൽ കൃഷിഭവൻ/കൃഷി വകുപ്പുദ്യോഗസ്ഥന്മാരുടെയും മൃഗസംരക്ഷണ വകുപ്പുദ്യോഗസ്ഥരുടെയും സഹായം തേടണം. ഗ്രാമതല സർവ്വേയിലൂടെ ജലസേചനാവശ്യത്തിനുപയോഗിക്കുന്ന പമ്പുകളുടെ ശേഷി, ജലം പമ്പു ചെയ്യുന്ന സമയം എന്നിവ പഠിച്ചാൽ കൂടുതൽ ഉപയോഗിക്കുന്നതു ഭൂജലമോ ഉപരിതല ജലമോ എന്ന വർഗീകരണവും ലഭിക്കും.

കുടിവെള്ള വ്യാവസായികാവശ്യങ്ങൾക്ക് കേരളത്തിൽ 15-20% വരെ ഒരു പ്രദേശത്തെ ജലലഭ്യത പ്രയോജനപ്പെടുത്തുന്നു എന്നാണ് കണക്ക്. വൻകിട ജലകേന്ദ്രീകൃതമായ വ്യവസായങ്ങളുള്ള പഞ്ചായത്തുകളിലും വ്യവസായ മേഖലകളിലും ഇത് 30-40% വരെയും ഉണ്ടാവാം. ശരാശരി പ്രതിശീർഷം പ്രതിദിനം 100 ലിറ്റർ ഗാർഹികാവശ്യങ്ങൾക്കും വ്യവസായത്തിന് പ്രതിയൂണിറ്റ് ഉത്പാദനത്തോതിൽ മൊത്തം ഉത്പാദനത്തിനനുസൃതമായും ജലം ആവശ്യമാണ് എന്ന കണക്കാക്കലിൽ നിന്നും ഈ ആവശ്യങ്ങൾക്കുള്ള മൊത്തം ജലാവശ്യം കണക്കാക്കാവുന്നതാണ്.

മൊത്തം ആവശ്യം കിറുകൃത്യമായി കണക്കാക്കിയില്ലെങ്കിലും പഞ്ചായത്തിന്റെ മൊത്തം ജലാവശ്യം 10% അപ്രതീക്ഷിത ഡിമാന്റും ചേർത്ത് കണക്കാക്കി ജലബാലൻസ് പട്ടികയിലെ ഒന്നാം കോളം പൂരിപ്പിക്കുമ്പോൾ പ്ലാനിംഗിന്റെ ഒരു സുപ്രധാന ഘട്ടം പൂർത്തിയാവുന്നു.

ലഭ്യതയുടെ കണക്കുകളാണ് രണ്ടാം കള്ളിയിൽ പൂരിപ്പിക്കേണ്ടത്. വർഷപാതത്തിന്റെ കണക്കുകൾ ജലവിഭവ/കൃഷി/റവന്യൂ വകുപ്പുകളുടെ താലൂക്ക് തല ഓഫീസുകളിൽ ലഭ്യമാകേണ്ടതാണ്. തീരെ ലഭ്യമല്ലാത്ത പക്ഷം ചെറിയ ഹൈഡ്രോഗ്രാഫ് പഞ്ചായത്തിന്റെ

ആസ്ഥാനത്തു സ്ഥാപിച്ചുകൊണ്ട് ഇതു നേരിട്ടു രേഖപ്പെടുത്താം.

രണ്ടാം പട്ടികയിൽ ഭൂജലസ്രോതസ്സുകൾ നിജപ്പെടുത്തണം. ഇതിന്റെ ബ്ലോക്കു തിരിച്ചുള്ള എസ്റ്റിമേറ്റുകൾ കാലാകാലങ്ങളിൽ കേന്ദ്ര ഭൂജല ബോർഡ് (തിരുവനന്തപുരത്ത് മേഖലാ ഓഫീസ് പ്രവർത്തിക്കുന്നു) പ്രസിദ്ധപ്പെടുത്താറുണ്ട്. പഞ്ചായത്തുൾപ്പെടുന്ന ബ്ലോക്കിലെ ഭൂജല ഉപയോഗവും ലഭ്യമായ സ്രോതസ്സിന്റെ എത്ര ശതമാനം വരെ ഇത് ഉയർന്നിരിക്കുന്നു എന്നും കണക്കുകൾ വ്യക്തമാക്കും.

ഗ്രാമം ഏതെങ്കിലും പുഴയുടെയോ കുളത്തിന്റെയോ കൃത്രിമ കുളത്തിന്റെയോ ജലസേചന പദ്ധതിയുടെയോ പ്രയോജനം ലഭിക്കുന്ന പഞ്ചായത്താണെങ്കിൽ വാർഷിക ജലലഭ്യത-മാസം തിരിച്ച് വളരെ



ജലനിധി നിർമ്മിച്ച മഴവെള്ള സംഭരണയൂണിറ്റ് സംസ്ഥാന ആസൂത്രണ ബോർഡ് ആസ്ഥാനത്ത് ഉപാദ്ധ്യക്ഷൻ വി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം ഉപയോഗക്ഷമമായ ഉപരിതല ഭൂജല വിഭവവും ഇവ എവിടെയെല്ലാം കേന്ദ്രീകരിച്ചിരിക്കുന്നു എന്ന താരതമ്യ പഠനവും മേൽപറഞ്ഞ സ്ഥാപനങ്ങളിലെ വിദഗ്ധരും ഗ്രാമത്തിലെ തന്നെ പഴമക്കാരും പങ്കെടുക്കുന്ന ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ തീർപ്പാക്കിയാൽ ഗ്രാമത്തിന്റെ ജലബാലൻസ് പഠനം തയ്യാറാവുകയായി.

എ. ജലാവശ്യം (മാസം തിരിച്ചുള്ളത്) (മില്യൺ ലക്ഷം ക്യൂ. മീറ്ററിൽ), ബി. വർഷപാതം (മാസം തിരിച്ചുള്ളത്), സി. ഉപരിതല ജലം + ഭൂജലം (മാസം തിരിച്ചുള്ളത്) (ഉപയോഗക്ഷമമായത്).

ഗ്രാമപഞ്ചായത്ത് ഒരു ജല മിച്ച പ്രദേശമാണോ ജലക്കമ്മി പ്രദേശമാണോ എന്ന മാസം തിരിച്ചുള്ള ചിത്രം ഈ കണക്കുകൾ പറയും. 'എ' അതായത് ജലാവശ്യം 'സി'യിൽ കവിഞ്ഞ ഒരു സംഖ്യയാണെങ്കിൽ കമ്മിനിശ്ചയം (കേരളത്തിലെ മിക്ക പഞ്ചായത്തുകളിലും (ജനുവരി-ജൂലൈ) വേനലിൽ കമ്മി ഉറപ്പാണ്) എന്നാൽ 'ബി'യുമമായി 'എ'യെ താരതമ്യം ചെയ്താൽ മിക്ക മാസങ്ങളിലും മിച്ചം കാണുകയും ചെയ്യാം. അപ്പോൾ ഗ്രാമതല പ്ലാനിംഗിന്റെ ലക്ഷ്യം വ്യക്തമായി കഴിഞ്ഞു. 'ബി'യിൽ നിന്നും പരമാവധി സംരക്ഷിച്ച് 'സി'യെ 'എ'യെക്കാൾ വലുതാക്കുക, തുടർന്ന് 'സി'യുടെ ലഭ്യത ഗ്രാമത്തിലെ പരമാവധി ആളുകൾക്ക് പ്രയോജനപ്പെടുമാറ് വിന്യസിക്കുക എന്നതായി ഗ്രാമതല ജലവികസന അജണ്ട.

'ബി' അഥവാ പഞ്ചായത്തിൽ ലഭിക്കുന്ന ശരാശരി വർഷപാതത്തിന്റെ ഘടനയും സ്വഭാവവും പഠിക്കുക എന്നതാണ് അടുത്ത പടി. ശരാശരി അടിസ്ഥാനത്തിൽ പറഞ്ഞാൽ കേരളത്തിലെ വർഷപാതം 70% ജൂൺ/ജൂലൈ മാസങ്ങളിലാണ്. കേവലം 20-30% മാത്രമേ നവംബർ-ഡിസംബറിൽ ലഭിക്കുന്നുള്ളു. പാലക്കാട് ചില പഞ്ചായത്തുകളിൽ മറിച്ചാണ്. മിക്കയിടങ്ങളിലും ഇത് കേവലം 100 ദിവസങ്ങൾക്കുള്ളിൽ 100 മണിക്കൂറിനുള്ളിലാണ് പെയ്തൊഴിയുന്നത്. കണ്ണടച്ച് തുറക്കുംമുമ്പ് മഴകഴിഞ്ഞു. ഇവിടെയാണ് കേരളത്തിലെ വേനൽജലക്ഷാമത്തിന്റെ നാന്ദി. താരതമ്യേന ചെറുനദികളാണ് നമുക്കുള്ളത്. ശരാശരി 100 കി.മീറ്ററിൽ താഴെ മാത്രം പ്രവഹിച്ച് നിമിഷനേരം കൊണ്ട് കടലിലെത്തുന്ന നദികളിലൂടെ മൊത്തം 80,000 മില്യൺ ക്യു.മീറ്റർ ജലമേ പ്രവഹിക്കുന്നുള്ളു. കേരളത്തിലെ മിക്ക ഗ്രാമങ്ങളിലുമുള്ള മണ്ണുഘടനയുടെ പ്രത്യേകത അത് 10-15% ജലം മാത്രമേ ഭൂജലമായി തരംമാറാൻ അനുവദിക്കുന്നുള്ളു എന്നതാണ്. പെയ്തു ലഭിക്കുന്ന കോളം 'ബി'യുടെ 10-15% ജലമേ സാധാരണ ഗതിയിൽ 'സി'യായി രൂപാന്തരം പ്രാപിക്കുന്നുള്ളൂ - ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗക്ഷമമാവുന്നുള്ളു. 30% ആയി എല്ലാ പഞ്ചായത്തിലും പഞ്ചായത്തടിസ്ഥാനത്തിൽ വർദ്ധിപ്പിക്കാനാകുമെങ്കിൽ കേരളത്തിന്റെ കുടിവെള്ള ക്ഷാമം കെട്ടുകഥയായി മാറും.

ജലസംരക്ഷണം നടപ്പാക്കി രണ്ടു പ്രവൃത്തിവർഷംകൊണ്ട് ജല റീച്ചാർജ് (പെയ്ത മഴയെ പഞ്ചായത്തിനുള്ളിൽ തന്നെ തളയ്ക്കുക) ഇന്നുള്ളതിന്റെ ഇരട്ടിയാക്കുക എന്നത് പൊതുപ്ലാനിംഗ് ലക്ഷ്യമായി പഞ്ചായത്ത് കമ്മിറ്റിയും പൊതുവായി ഗ്രാമസഭകളും അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ അതിലേയ്ക്ക് വേണ്ട കർമ്മപദ്ധതികളുടെ ആവിഷ്കരണമായി. ഇവിടെയാണ് പഞ്ചായത്തിന് കൈമാറിക്കിട്ടിയിരിക്കുന്ന സ്ഥാപനങ്ങളുടെയും അവയിലെ വിദഗ്ധരുടെയും പ്രത്യേക ഏജൻസികളുടെയും സഹായവും സഹകരണവും പൂർണ്ണമായും ഉണ്ടാവേണ്ടത്. ഇവരെ ഒന്നിപ്പിച്ച് ഒരു കോർ ഗ്രൂപ്പ് ഉണ്ടാക്കണം. കൃഷി ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ, ജലവിഭവവകുപ്പ്, പൊതുനിർമ്മാണ വകുപ്പ് എന്നിവയിലെ എഞ്ചിനീയർമാരും സമീപത്തുള്ള സർക്കാരിതര ഏജൻസികളിലെ എഞ്ചിനീയർമാരും ജലഉപഭോക്താക്കളും കർഷകരും ഗ്രൂപ്പിൽ ഉൾപ്പെടണം. നേരത്തേ കണക്കാക്കിയ 'സി' വർദ്ധിപ്പിക്കാനുള്ള ഗ്രാമതലത്തിനുള്ളിൽ തന്നെ വികേന്ദ്രീകരിച്ച ശ്രമങ്ങളാണ് ലക്ഷ്യമിടേണ്ടത്.

കേരളത്തിലെ ഏതു ഗ്രാമത്തിലും നൂറുകണക്കിനു കാണപ്പെടുന്ന പാരമ്പര്യമായ ഭൂജല സംരക്ഷണ മാർഗ്ഗങ്ങളാണ് തുറന്ന കിണറുകൾ. ചതുരശ്ര കിലോമീറ്ററിന് 200-450 വരെ കിണറുകളാണ് മലയാളികൾ കുഴിച്ച് തള്ളിയിരിക്കുന്നത്. ലോകത്തു തന്നെ ഇത്രയും തുറന്ന കിണറുകളുള്ള മറ്റൊരു പ്രദേശം ചൂണ്ടിക്കാണിക്കാനില്ല. വിഭവ ഭൂപടങ്ങളിൽ നിന്നും പഞ്ചായത്തുകളിലെ കിണറുകളിലെ സ്ഥാനവും ജലലഭ്യതയും കണ്ടുപിടിക്കണം. വേനൽക്കാലത്ത് ഉറവ വറ്റാത്ത കിണറുകൾ ഏതൊക്കെ എന്നു മനസ്സിലാക്കണം. അവ എന്തുകൊണ്ടാണ് വറ്റാത്തത് എന്ന് വിദഗ്ധരെക്കൊണ്ട് മനസ്സിലാക്കണം. തുടർന്ന് പ്രദേശത്തിനനുയോജ്യമായ കിണർ റീച്ചാർജ് സങ്കേതങ്ങൾ അവലംബിക്കണം. സമൃദ്ധമായ സാമാന്യ ബുദ്ധി പ്രയോഗിച്ച് വിദഗ്ധരുടെ വിഘടിതമതങ്ങളെ സംയോജിപ്പിച്ച്, പ്രത്യക്ഷമായ അപകടങ്ങളില്ലാത്ത

ഒരു കിണർ റീച്ചാർജ് പദ്ധതി അവലംബിക്കുകയാണ് വേണ്ടത്. വെള്ളം കുത്തൊഴിച്ചു പോകുന്ന പറമ്പുകളിലെല്ലാം മേൽക്കൂര ജലം സംഭരിച്ച് കിണറിനടുത്തു നിർമ്മിക്കുന്ന ഒരു റീച്ചാർജ് കുഴിയിൽ പതിപ്പിക്കുക. മൂന്നടി ചതുരത്തിലും ആഴത്തിലുമെടുത്ത ഒരു മൺകുഴി കിണറിന് അഞ്ചടി അടുത്തായി എടുത്ത് അഞ്ചിഞ്ച് വീതം മെറ്റൽ, ഉടഞ്ഞ ചുടുകട്ട, കരിക്കട്ട, ചെരിമണൽ എന്നിവ നിറച്ചാൽ ഒന്നാന്തരം റീച്ചാർജ് കുഴിയായി. വീടിനു ചുറ്റും ഒരടി വീതിയിലും ഒരടി താഴ്ചയിലും മണ്ണു നീക്കി ചാൽ വെട്ടിയശേഷം ഒരു ചാൽവെട്ട് റീച്ചാർജ് പിറ്റിൽ വിട്ടാൽ 200 രൂപപോലും ചെലവുവരാത്ത ഒരു ഭൂജല റീച്ചാർജ് സങ്കേതം തയ്യാറാവുകയായി.

അൽപം കൂടി മോടി വേണ്ടവർക്ക് മേൽക്കൂരയ്ക്കു ചുറ്റും പി.വി.സി. പാത്തികൾ നിർമ്മിച്ചശേഷം ഒരു ഫിൽറ്ററിലൂടെ അരിച്ച് (ഫിൽറ്റർ നേരത്തെ സൂചിപ്പിച്ചതു തന്നെ. ഒരു അലൂമിനിയം ചരുവത്തിൽ ഒരുക്കണം) കിണറിനടുത്ത് നാലടി ആഴമുള്ള ഒരു കുഴിയിൽ നിക്ഷേപിച്ചാൽ ഒന്നാന്തരം റീച്ചാർജായി. 2000 രൂപ ചെലവിന്റെ മേനിയും നടിക്കാം.

കാർഷികവിളഭൂമികളിൽ മിക്കതും ഇന്ന് വാസസ്ഥലങ്ങൾ കൂടിയാണ്. മേൽമണ്ണ് സംരക്ഷണവുമായി ഘടിപ്പിക്കാതെ ഈ വിളഭൂമികളിൽ ജലസംരക്ഷണം സാധ്യമല്ല. കയ്യാലകെട്ടലും മഴക്കുഴിനിർമ്മാണവും പ്രസക്തമാവുന്നത് ഇവിടെയാണ്. കയ്യാലകൾ കെട്ടി, വരമ്പുകൾ തിരിച്ച് മണ്ണിന് ജലത്തെ കഴിയുന്നത്ര തടഞ്ഞു നിർത്തി ആഗിരണം ചെയ്തു കുടിച്ചിറക്കാനുള്ള അവസരം നൽകണം. അതോടൊപ്പം പറമ്പിന്റെ വിവിധ ഭാഗത്ത് (ജലം ഏറ്റവും കുറച്ചുനേരം തങ്ങുന്നയിടത്ത്) 1 മീ. x 1 മീ. x 90 സെ.മീ. വ്യാപ്തിയിൽ ചതുരക്കുഴികൾ ഒഴുക്കിന്റെ ദിശക്കു ലംബമായി നിർമ്മിക്കുകയും വേണം. വെള്ളം കുത്തൊഴുക്കാവുന്നിടത്തൊക്കെ ഈ മഴക്കുഴികൾ ആവശ്യമാണ്. മലനാട്ടിലുള്ള കർഷകർ കൃഷി ചെയ്യുന്നത് മലയിടിച്ചിലുള്ള ചരിവുകളിലാണെങ്കിൽ മഴക്കുഴിനിർമ്മാണം വിദഗ്ധരുമായി ആലോചിച്ചേ ആകാവൂ. ഭൂമിയുടെ ജലസാന്ദ്രത ഏറിയിട്ടാണല്ലോ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയൊക്കെ ഉണ്ടാകുന്നത്.

ഉപയോഗം കഴിഞ്ഞ് ഭൂമിയിൽ തീരാക്ഷതങ്ങളായി വിട്ടുപോകുന്ന ക്വാറികൾ കേരളത്തിലെ മിക്കപഞ്ചായത്തുകളിലും കണ്ടെത്താൻ കഴിയും. ഇവ ഒന്നാന്തരം ഭൂജല സംരക്ഷണ റീച്ചാർജ് സങ്കേതങ്ങളാണ്. ക്വാറികളിലെ ജലസംരക്ഷണശേഷി കണക്കാക്കി കുടിവെള്ള ജലസേചനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

ഇപ്രകാരം ചിന്തിച്ചുറപ്പിച്ച ഒരു ഗ്രാമതല മാസ്റ്റർ പ്ലാനിലൂടെ വേണം സി വർദ്ധിപ്പിക്കാനുള്ള ഒരു കർമ്മപദ്ധതി ഉയരേണ്ടത്. ഇതിൽ ഗ്രാമത്തിലെ ഓരോ കുടുംബവും സ്ഥാപനവും പങ്കാളികളാകണം. സാമൂഹിക പങ്കാളിത്തം ഉണർത്തുവാൻ കാമ്പയിൻ മാതൃകയിലുള്ള പ്രവർത്തനം കേരളത്തിൽ ഏറെ ഫലപ്രദമാണ് എന്നതാണ് അനുഭവം. ഇതിന്റെ ആദ്യപടി കർമ്മപദ്ധതി രൂപീകരണത്തിലെ വലിയ ജനപങ്കാളിത്തമാണ്. ഗ്രാമസഭകളും വാർഡുസഭകളും പങ്കെടുത്തുകൊണ്ടുള്ള പങ്കാളിത്ത പദ്ധതി രൂപീകരണവും പദ്ധതി അടങ്കൽ രൂപീകരണവും നടക്കണം. തുടർന്ന് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ലഘുലേഖകളായി ഗ്രാമത്തിലെ എല്ലാ വീടുകളിലും വിതരണം നടത്തണം. പദ്ധതി സംക്ഷിപ്തമായി പ്രതിപാദിക്കുന്നതിനോടൊപ്പം പദ്ധതികൾ പൂർത്തിയാക്കുന്ന സമയപരിധികളും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൺവീനർമാരുടെയും പേരും വിവരവും ലഘുലേഖകളിലുണ്ടാവണം.

**ഉപയോഗം കഴിഞ്ഞ് ഭൂമിയിൽ തീരാക്ഷതങ്ങളായി വിട്ടുപോകുന്ന ക്വാറികൾ കേരളത്തിലെ മിക്കപഞ്ചായത്തുകളിലും കണ്ടെത്താൻ കഴിയും. ഇവ ഒന്നാന്തരം ഭൂജല സംരക്ഷണ റീച്ചാർജ് സങ്കേതങ്ങളാണ്.**

പങ്കാളിത്തം ധനകാര്യ രൂപത്തിലോ തൊഴിലായോ നിർബന്ധമായും ഉൾപ്പെടുത്തണം. കുറഞ്ഞത് 10% ധനകാര്യ പങ്കാളിത്തം ഗുണഭോക്താക്കളിൽ നിന്നും ഉറപ്പുവരുത്തണം. ദരിദ്ര പട്ടികജാതി വർഗ്ഗവിഭാഗങ്ങൾക്ക് അഞ്ച് ശതമാനം ധനപങ്കാളിത്തവും ശേഷം പണിയായി വകയിരുത്തിയാലും മതിയാകും. ഒരു ലിറ്റർ ജലം സംരക്ഷിക്കാൻ രണ്ട് രൂപയിലധികം ചെലവിടുന്ന നിർമ്മിതികൾ ആവശ്യാധിഷ്ഠിതമായേ ഏറ്റെടുക്കാവൂ. ചെലവു കുറഞ്ഞ നിർമ്മാണ രീതികളിലൂടെ പരമാവധി ജലം സംരക്ഷിക്കാവുന്ന പദ്ധതികൾ ആദ്യം ഏറ്റെടുക്കണം. ഇതിൽ പാലിക്കേണ്ട ഒരു പ്രത്യേക നിഷ്കർഷ, സ്വകാര്യ വ്യക്തികളും ഭൂമികളും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ എന്തുചെയ്യും എന്നുള്ളതാണ്. ഗ്രാമത്തിലെ ജലാവശ്യത്തിന് സംരക്ഷിത ജലം വേണ്ടി വന്നാൽ നൽകാമെന്ന ഉറപ്പും രേഖാമൂലം നൽകിയാൽ സ്വകാര്യ ഭൂമികളിലെ ജലസംരക്ഷണ പ്രവർത്തനത്തിന്റെ ഒരു പങ്ക് പഞ്ചായത്തിന് ഏറ്റെടുക്കുന്നത് ആലോചിക്കാവുന്നതാണ്. പദ്ധതി പൊതുവിൽ അംഗീകരിച്ച ശേഷം, ഇപ്രകാരം രചിക്കുന്ന കരാറുകൾ സൂക്ഷിക്കണം എന്നു മാത്രം.

ഭൂമിയില്ലാത്തവരുടെയും കുടികിടപ്പുകാരുടെയും കാര്യത്തിൽ ഉടനടി ഒന്നും ചെയ്യാൻ കഴിഞ്ഞെന്നു വരില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് അവർക്കും പ്രയോജനം ലഭിക്കും. വലിയ ധനികർ ചിലർ സഹകരിച്ചെന്നും വരില്ല. പക്ഷെ പഞ്ചായത്തിലെ 60% ഗൃഹങ്ങളും ആയിരം ലിറ്റർ സംഭരിക്കാനും റീച്ചാർജു ചെയ്യാനും തീരുമാനിച്ചാൽ തന്നെ പഞ്ചായത്തിൽ നാടകീയമായ മാറ്റങ്ങൾ ദൃശ്യമാകും.

ഈ ലേഖനത്തിന്റെ പരിധിയിൽ സ്പർശിക്കാനാകാത്ത നദീതട സംരക്ഷണം, മണൽവാരൽ നിയന്ത്രണം, വൻകിട പദ്ധതികൾ എന്നിവയൊക്കെ ഗ്രാമങ്ങളിലുരുത്തിരിയുന്ന ചർച്ചയിൽ ഉയർന്നുവരും എന്നു തീർച്ചയാണ്. അവ ഉയരുന്നു എന്നതുതന്നെ ശുഭോദർക്കമാണ്. എന്നാൽ ഈ ഘടകങ്ങളുടെ പോരായ്മകളൊന്നും തന്നെ ഗ്രാമത്തിന് ജലസുരക്ഷയ്ക്കാവുന്നതു ചെയ്യുന്നതിനു തടസ്സമാകേണ്ടതില്ല.

വനവത്കരണം, ശുചിത്വ പദ്ധതികൾ, മലിനീകരണഹേതുക്കൾ നിർമ്മാർജ്ജനം ചെയ്യൽ, ജലത്തിന്റെ ഗുണനിലവാരം ഉപയോഗ സമയത്ത് ഉറപ്പുവരുത്തൽ എന്നിവ ജലസംരക്ഷണ പ്രവർത്തനത്തിൽ അത്യാവശ്യമായി ഘടിപ്പിക്കേണ്ട ഘടകങ്ങളാണ്. ഇവയുടെ അഭാവത്തിൽ സംരക്ഷിച്ച ജലം ദീർഘകാലം ഉപയോഗക്ഷമമാക്കാനാവില്ല. സ്വതേ ഒരു വലിയ വിഷയമായതിനാൽ സംരക്ഷിത ജലത്തിന്റെ സുസ്ഥിര ലഭ്യത, ശുചിത്വം, അണുവിമുക്തി എന്നിവ പ്രത്യേകം വിശദമാക്കുന്നതാവും നല്ലത്.

ഈ ദിശാമാറ്റത്തിന്റെ മർമ്മം, ജലസംരക്ഷണത്തിന്റെ പഞ്ചായത്തുതലത്തിലുള്ള വികേന്ദ്രീകൃതവും ശാസ്ത്രീയവുമായ ആസൂത്രണമാണ്. പ്രശ്നമറിഞ്ഞുകൊണ്ടുള്ള ചികിത്സയും ഇടപെടലുമാണ്.

പൈപ്പു വിതരണ പദ്ധതികളായി അധഃപതിക്കുന്ന നമ്മുടെ വികേന്ദ്രീകൃത ജലവികസനം ശക്തമായ സാമൂഹിക മാതൃകയിലും പങ്കാളിത്തത്തിലും ഊന്നിക്കൊണ്ട് ജനപങ്കാളിത്തത്തോടെ നടപ്പാക്കിയാൽ കേരളത്തിലെ ഒരു ഗ്രാമപഞ്ചായത്തിനും ഒരു ദിവസം പോലും ശുദ്ധജലക്ഷാമമുണ്ടാകാൻ ന്യായമില്ല. അതിനുള്ള വർഷം മുഴുവൻ നീളുന്ന കൂട്ടായ യത്നമാണ് ഇനി വേണ്ടത്.

അതിബൃഹത്തായ ഒരു കലാപാരമ്പര്യമാണ് കേരളത്തിനുള്ളത്. ശാസ്ത്രീയവും അല്ലാത്തവയുമായ നിരവധി കലാരൂപങ്ങളുടെ കലവറയാണ് കേരളം. ഈ കലാരൂപങ്ങൾ മിക്കവയും ആചാരനുഷ്ഠാനങ്ങളുടെ ഭാഗമായി വളർന്നുവന്നിട്ടുള്ളവയാണ്.

കുരവകൂത്ത്, കൈകൊട്ടിക്കളി, കുറത്തിയാട്ടം തുടങ്ങിയ നാടൻകലകൾ ബൗദ്ധപ്രഭാവകാലത്ത് ജനങ്ങൾക്ക് പ്രിയങ്കരങ്ങളായിരുന്നു. എന്നാൽ ശ്രദ്ധാപൂർവം നെയ്തെടുത്ത സാങ്കേതികജഢിലമായ കലകൾ ഫ്യൂഡൽ കാലഘട്ടത്തിന്റെ

# സ്ത്രീപക്ഷ കലകളും ആസ്വാദനവും

**ആചാരാനുഷ്ഠാനങ്ങളുടെ ഭാഗങ്ങളായി വളർന്നുവന്നതാണ് നമ്മുടെ കലകൾ പലതും. അതുകൊണ്ടു തന്നെ സ്ത്രീപ്രാതിനിധ്യമുള്ള കലകൾ പലതും കെട്ടുപാടുകൾക്കുള്ളിൽ ഒതുങ്ങിപ്പോയി. ഫ്യൂഡൽ കാലഘട്ടത്തിനുശേഷമാണ് ഇത്തരം കലാരൂപങ്ങൾ വളർന്നു ജനകീയമായിത്തീർന്നത്.**

ഷിജി കെ. ദേവ്

പ്രത്യേകതയാണ്. സമ്പന്നമായ ഒരു ദൃശ്യകലാരംഗം വളർത്തിയെടുക്കുവാൻ ഫ്യൂഡൽ കാലഘട്ടത്തിനു കഴിഞ്ഞിട്ടുണ്ട്.

ആചാരനുഷ്ഠാനങ്ങളുടെ ഭാഗമായി വളർന്നതുകൊണ്ടാവാം, മുൻകാലങ്ങളിൽ ദൃശ്യകലാരംഗത്ത് സ്ത്രീപ്രാതിനിധ്യം വളരെ കുറവായിരുന്നു. സ്ത്രീപ്രാതിനിധ്യമുള്ള കലകൾക്ക് പലപ്പോഴും ചില കെട്ടുപാടുകൾക്കുള്ളിൽ ഒതുങ്ങേണ്ടതായും വന്നു. എന്നാൽ ഫ്യൂഡൽ കാലഘട്ടത്തിനുശേഷം ഈ കലാരൂപങ്ങൾ വളർച്ച പ്രാപിക്കുകയും കൂടുതൽ ജനകീയമായിത്തീരുകയും ചെയ്തു.

സ്ത്രീപക്ഷകല എന്ന നിലയിൽ നങ്ങ്യാർകൂത്ത് ജനപ്രിയമായിത്തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. സ്ത്രീയുടെ സ്വതന്ത്രകലയായി ചിന്തിച്ച് അതിലെ പ്രയോക്താക്കളും അത്തരമൊരു ആസ്വാദനത്തിൽ കേന്ദ്രീകരിച്ച് സഹൃദയരും നങ്ങ്യാർകൂത്തിനെ അരങ്ങിലും അനുഭവത്തിലും സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. നൃത്തവേദിയിലെ സ്ത്രീയും നങ്ങ്യാർകൂത്തരങ്ങിലെ സ്ത്രീയും തമ്മിൽ അന്തരമുണ്ട്. സ്ത്രീകളുടെ ജനപ്രിയ ആസ്വാദനത്തിൽ നിന്നു ഭിന്നമായി ദത്തശ്രദ്ധമായി ഉൾക്കൊള്ളേണ്ട കലാരൂപമായി നങ്ങ്യാർകൂത്ത് വേറിട്ടുനിൽക്കുന്നു. കേരളത്തിന്റെ പ്രാചീനകലകളുടെ ക്ലാസിക്കൽ ഗരിമ നങ്ങ്യാർകൂത്തിലും ലയിച്ചു കിടപ്പുണ്ട്.

നാട്യസിദ്ധിയുടെ കേദാരമായി, സ്ത്രീയുടെ മുഖരാഗവിന്യാസങ്ങൾ അനുഭവവേദ്യമാകുന്നത് നങ്ങ്യാർകൂത്തിൽ ദർശിക്കാം. കഥകളിയിൽ പുരുഷൻ കെട്ടുന്ന സ്ത്രീവേഷഭാവ വൈവിധ്യങ്ങൾ ഉപരിതല സ്പർശിയാണെന്ന തിരിച്ചറിവിന് നങ്ങ്യാർകൂത്ത് കണ്ടാൽ മതിയാകും. നാട്യം പഠിച്ച സ്ത്രീയുടെ നടനകാന്തിയുടെ ഉജ്ജ്വലമുഹൂർത്തങ്ങൾ നങ്ങ്യാർകൂത്തിൽ സാക്ഷാത്കരിക്കപ്പെടുന്നു.

പുരുഷന്മാർ പുരുഷകഥാപാത്രത്തെയും സ്ത്രീകൾ സ്ത്രീകഥാപാത്രത്തെയും അവതരിപ്പിക്കുക എന്നതാണ് സംസ്കൃത നാടകങ്ങളിലെ പാരമ്പര്യ ശൈലി. കൂടിയാട്ടം പുരുഷകേന്ദ്രിതമാണ്. സ്ത്രീകൾക്ക് അവസരം പ്രായേണ കുറവായിരിക്കും. സ്ത്രീപ്രാതിനിധ്യമുള്ള കഥകൾ പ്രചാരത്തിലും ഉണ്ടായിരുന്നില്ല. ഇത് അന്നത്തെ സാമൂഹിക വ്യവസ്ഥിതിയുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ



സ്ത്രീയെ മനഃപൂർവ്വം മാറ്റിനിർത്തുന്ന പ്രക്രിയയായി കാണാനും സാധിക്കുകയില്ല. ക്ഷേത്രകലയായതിനാൽ അവിടെ അനുഷ്ഠിക്കേണ്ട ആചാരദീക്ഷകൾ, ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന കൂടിയാട്ടത്തിൽ ആദിമദ്ധ്യാന്തം ഭാഗഭാക്കാകുവാൻ സ്ത്രീകൾക്കുണ്ടാകുന്ന പ്രയാസം തുടങ്ങിയ കാരണങ്ങളാൽ സ്ത്രീപ്രാധാന്യമുള്ള കഥകൾക്ക് മുൻതൂക്കം വരാതിരുന്നതാവണം. കൂടിയാട്ടത്തിന് മിഴാവുകൊട്ടുന്ന നമ്പ്യാർമാരുടെ സ്ത്രീകളായ നങ്ങ്യാർമാർക്കാണ് സ്ത്രീവേഷം കെട്ടുവാനുള്ള അധികാരം. നങ്ങ്യാർമാർ കൂടിയാട്ടത്തിന്റെ അരങ്ങിൽ പ്രധാനികളായിരുന്നു. സ്ത്രീകഥാപാത്രമായി വേഷം കെട്ടുക, രംഗത്തിരുന്ന് മിഴാവൊച്ചയ്ക്ക് കുഴിതാളം പിടിക്കുക, സന്ദർഭാനുസരണം ശ്ലോകം ചൊല്ലുക എന്നതാണ് നങ്ങ്യാർ അനുഷ്ഠിക്കേണ്ട രംഗകർമ്മം. നങ്ങ്യാർകൂത്ത് പുറപ്പാട് അരങ്ങേറ്റം കഴിച്ച സ്ത്രീകൾക്കുമാത്രമേ ഇതിന് അധികാരമുള്ളൂ. ചാക്യാരുടെ അരങ്ങേറ്റത്തിന് നമ്പ്യാരുടെയും നങ്ങ്യാരുടെയും സാന്നിധ്യം അനിവാര്യവുമാണ്. എന്നിട്ടും കൂടിയാട്ടത്തിന്റെ അരങ്ങിൽ സ്ത്രീസാന്നിധ്യം വേണ്ടത്ര പ്രകടമായിരുന്നില്ല. പർണശാലാങ്കം, അശോകവനികാങ്കം, മായാസീതാങ്കം, നാഗാനന്ദം, സുഭദ്രാധനഞ്ജയം എന്നിവയിൽ സ്ത്രീവേഷത്തിന് ധാരാളം സന്ദർഭങ്ങളുണ്ടെങ്കിലും അവ നടപ്പുണ്ടായിരുന്നില്ല. ദ്രൗപദി, താര, മണ്ഡോദരി, അഹല്യ, സീത എന്നീ പഞ്ചകന്യകർ അരങ്ങത്ത് പതിവില്ല എന്ന വിശ്വാസപ്രകാരം ആ വേഷങ്ങൾ അരങ്ങാളിയിരുന്നുമില്ല. ശൂർപ്പണഖാങ്കത്തിൽ സീതക്ക് ഇരുപത്തിരണ്ടു വാക്യമുണ്ട്. ഈ വാക്യങ്ങളത്രയും ശ്രീരാമൻ കേട്ടാടുകയായിരുന്നു പതിവ്. സീത നടിച്ച് ഇരിക്കും.

ഒരു നങ്ങ്യാർസ്ത്രീയുടെ അഭിനയശേഷിയിൽ അഭിരമിച്ച് കുലശേഖരവർമ്മൻ അവരെ വിവാഹം കഴിക്കുന്നു. ക്ഷത്രിയനുമായി വിവാഹം നടന്നതിനാൽ അവർ നങ്ങ്യാർ സമുദായത്തിൽ നിന്ന് പുറത്താവുന്നു. ഇവർക്ക് വന്ന ഭ്രഷ്ട് ഇല്ലാതാക്കാൻ കുലശേഖരവർമ്മൻ ശ്രീകൃഷ്ണ ചരിതം – നങ്ങ്യാർകൂത്ത് രചിച്ചുണ്ടാക്കുകയും തന്റെ അധികാരപരിധിയിലുള്ള ക്ഷേത്രങ്ങളിൽ കൂടിയാട്ടത്തിനോടൊപ്പം നങ്ങ്യാർകൂത്തിനും സ്ഥാനമുണ്ടാക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം. ധനഞ്ജയത്തിന്റെ രണ്ടാമങ്കം പ്രവേശകത്തിൽ ചേടിയുടെ നിർവഹണമാണ് ശ്രീകൃഷ്ണകഥ പറയുന്ന നങ്ങ്യാർകൂത്ത് എന്ന് ഒറ്റവാചകത്തിൽ പറയാം. കൂടിയാട്ടത്തിന്റെ അരങ്ങിൽ നങ്ങ്യാർക്കുണ്ടായിരുന്ന പരമപ്രാധാന്യത്തെ "പറക്കുന്ന ചാക്യാരെയും ഒഴുകുന്ന നങ്ങ്യാരെയും തൊഴണം" എന്ന ചൊല്ല് അന്വർത്ഥമാക്കുന്നു. അരങ്ങത്ത് പാവുനൂൽകെട്ടി പ്രവേശിക്കുക എന്നത് സാഹസം നിറഞ്ഞ രംഗപ്രവൃത്തിയായിരുന്നു. കാളിയാങ്കം ആടുന്നതും കലാവൈഭവമായി പരിഗണിച്ചിരുന്നു. "കാളിയാങ്കം ആടുന്ന നങ്ങ്യാർക്ക് ഇത്ര പറനെല്ല്, ഇത്ര പണം" എന്ന് തിരുവല്ല ക്ഷേത്രത്തിലെ ശിലാലിഖിതത്തിൽ നിന്ന് വായിക്കപ്പെട്ടിട്ടുണ്ട്.

നങ്ങ്യാർകൂത്തിന്റെ വേഷകൽപനയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. പഴയകാലത്ത് നങ്ങ്യാർമാർ സ്വയം രൂപകൽപന ചെയ്ത വേഷമായിരുന്നു നങ്ങ്യാർകൂത്തിന്. ചാക്യാന്മാർ അവരെ പഠിപ്പിക്കുകയോ അവരുടെ കലയിൽ ഇടപെടുകയോ ചെയ്തിരുന്നില്ല. സ്വതന്ത്രമായ സ്ത്രീകല എന്ന നിലയ്ക്ക് തന്നെയായിരുന്നു നങ്ങ്യാർകൂത്തിന്റെ നിലനിൽപ്. കവുങ്ങിൻ പാളകൊണ്ട് കൂർപ്പൻതൊപ്പി, അതിൽ പട്ടു ചുറ്റി ചെത്തിപ്പൂവ് ചുറ്റിവയ്ക്കും. ഗാത്രികകെട്ടി ഉത്തരീയം ധരിക്കും. മുഖത്ത് ചായില്യം തേച്ച് കണ്ണും പുരികവുമെഴുതി പൊട്ടുതൊടും. അരയിൽ മാറ്റ് ഉടുക്കും. കൈകളിൽ അരിമാവ് അലസമായി തേക്കും. ഇതായിരുന്നു നങ്ങ്യാർകൂത്തിന്റെ പഴയകാല വേഷം.

കൂടിയാട്ടത്തെ ജനകീയമാക്കിയ പൈങ്കുളം രാമചാക്യാർ നങ്ങ്യാർകൂത്തിനെയും പുനരുദ്ധരിച്ചു. സ്ത്രീകഥാപാത്രങ്ങൾക്ക് പ്രാധാന്യമുള്ള കൂടിയാട്ടം അരങ്ങത്തു കൊണ്ടുവരാൻ അദ്ദേഹം പരിശ്രമിച്ചു. നങ്ങ്യാർകൂത്തിൽ ഇന്നുകാണുന്ന വേഷകൽപനക്ക് പിന്നിലും പൈങ്കുളത്തിന്റെ ചിന്തയും പരീക്ഷണവുമാണുള്ളത്. കലാപഠനത്തിന് സമുദായഭേദമില്ലെന്ന് സിദ്ധാന്തിച്ചുകൊണ്ട് നങ്ങ്യാർമാരല്ലാത്ത സ്ത്രീകളെ രാമചാക്യാർ പഠിപ്പിച്ചുതുടങ്ങി. തീർത്തും ഗുരുകുല രീതിയിൽ പുലർന്നുപോന്നിരുന്ന കൂടിയാട്ട അഭ്യസനത്തെ അദ്ദേഹം സ്ഥാപനവത്കരിച്ചു. ചാക്യാന്മാർ സ്ത്രീകളെ നേരിട്ടു പഠിപ്പിക്കാൻ തുടങ്ങിയതും പൈങ്കുളം രാമചാക്യാരിലൂടെയായിരുന്നു.

കലാമണ്ഡലത്തിൽ നിരവധി പേർക്ക് രാമചാക്യാർ വിദഗ്ധശിക്ഷണം നൽകി. നങ്ങ്യാർകൂത്തിലെ മികച്ച കലാകാരികളായ ഇവരിൽ പലരും സാമുദായിക മഹിമയില്ലാതെയാണ് പ്രശസ്തരായത്. കൂടിയാട്ടത്തിലെ സാമുദായികാധിപത്യത്തിന് വിരാമമിടുകയാണ് രാമചാക്യാർ തന്റെ ശിഷ്യകളിലൂടെ ചെയ്തത്. കുലമഹിമയല്ല സർഗാത്മകതയാണ് ഏതു കലയുടെയും കാതലെന്നും അദ്ദേഹം തെളിയിച്ചു. ആധുനികകാലത്ത് നങ്ങ്യാർകൂത്തിന്റെ പ്രചാരവും വികാസവും നങ്ങ്യാരിലൂടെയല്ലായിരുന്നു എന്നതും ശ്രദ്ധേയമാണ്.

1984–ൽ പി.കെ. നാരായണൻ നമ്പ്യാർ 'ശ്രീകൃഷ്ണചരിതം നങ്ങ്യാരമ്മക്കൂത്ത്' പ്രസിദ്ധം ചെയ്തതും നങ്ങ്യാർകൂത്തിന്റെ വളർച്ചയെ ത്വരിത



പ്പെടുത്തി. കൂടിയാട്ടത്തിലെ അഭിനയരീതിയിൽ ആംഗികവാചികങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം. കഥാരസത്തേക്കാൾ നാട്യരസത്തിന് പ്രാധാന്യം കൂടുകയും ചെയ്യും. കഴിവുള്ള ഒരു കലാകാരിക്ക് തന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ ഏറ്റവുമധികം സാധ്യതകളുള്ള കലാരൂപമാണ് നങ്ങ്യാർകൂത്ത് എന്ന് ഈ രംഗത്തെ മികച്ച കലാകാരിയായ മാർഗി സതി പറയുന്നു.

ക്ഷേത്രസംസ്കാരത്തിൽ നിന്നും ഉടലെടുത്ത് വികാസം പ്രാപിച്ച മറ്റൊരു സ്ത്രീപക്ഷകലയാണ് മോഹിനിയാട്ടം. ഹൈന്ദവപുരാണവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഈ കലാരൂപം ലാസ്യരസ പ്രധാനമാണ്.

ദേവന്മാർക്ക് അവകാശപ്പെട്ട അമൃത് അസുരന്മാർ തട്ടിയെടുത്തപ്പോൾ മഹാവിഷ്ണു മോഹിനിയുടെ വേഷം സ്വീകരിച്ച് അമൃത് തിരികെ എത്തിച്ചതായി കഥയുണ്ട്. ഈ കഥയുമായി മോഹിനിയാട്ടത്തിന്റെ പേര് ചേർന്നുനിൽക്കുന്നു. ചേരവംശഭരണകാലത്ത് നിലവിലുണ്ടായിരുന്ന 'ദാസിയാട്ടം' എന്ന നൃത്തകലയുമായി മോഹിനിയാട്ടത്തിന് സാദൃശ്യമുണ്ട്. ദേവദാസികളുടെയും ക്ഷേത്രനർത്തകിമാരുടെയും ഇടയിൽ നിലനിന്നിരുന്ന കലാരൂപമാണ് ദാസിയാട്ടം. തഞ്ചാവൂർ, മധുര മുതലായ ദേശങ്ങളിൽ പ്രചാരമുള്ള ദേവദാസിനൃത്തങ്ങൾക്ക് മോഹിനിയാട്ടത്തോട് സാദൃശ്യം തോന്നുന്നതായി പ്രൊഫ.കെ.ആർ. പിഷാരടിയുടെ ദൃശ്യകല എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പാണ്ഡ്യദേശങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവന്ന ഒരു കലയായിരിക്കുമോ ഇതെന്ന് സംശയിക്കാവുന്നതാണ്. പാണ്ഡ്യരാജധാനികളുമായുള്ള സമ്പർക്കത്തിന്റെ ഫലമായിട്ടായിരിക്കാം കേരളത്തിൽ മോഹിനിയാട്ടം നടപ്പായത്. മോഹനിയാട്ടത്തിന് ഒരുകാലത്ത് കേരളത്തിൽ അന്യാദൃശമായ പ്രചാരമുണ്ടായിരുന്നുവെന്ന് പ്രൊഫ.കെ.ആർ. പിഷാരടി വിലയിരുത്തുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൽ മോഹിനിയാട്ടം ലുപ്തപ്രചാരമായി തുടങ്ങി. ഇപ്പോൾ കലാമണ്ഡലത്തിൽ മോഹിനിയാട്ടം അഭ്യസിപ്പിക്കുന്നുണ്ട്. കൂടുതൽ ജനകീയമായതോടെ മോഹനിയാട്ടം അതിന്റെ മേഖലകളിൽ സ്വതന്ത്രമായി വളർച്ച പ്രാപിക്കാൻ തുടങ്ങി. ഇതിന്റെ ഫലമായി പാരമ്പര്യശൈലിക്കൊപ്പം തന്നെ പുതിയ ശൈലികൾ രൂപപ്പെട്ടു തുടങ്ങി. ഇത് മോഹിനിയാട്ടത്തിന്റെ ആരോഗ്യകരമായ വളർച്ചയെ ത്വരിതപ്പെടുത്തി. നാട്യശാസ്ത്രമനുസരിച്ച് ലാസ്യരസ പ്രധാനമായി ചിട്ടപ്പെടുത്തിയിട്ടുള്ളതാണ് മോഹിനിയാട്ടം. നൃത്തത്തിനും നൃത്യത്തിനും ഒരേപോലെ പ്രാധാന്യം നൽകുന്നതാണ് മോഹിനിയാട്ടത്തിന്റെ പ്രധാന പ്രത്യേകത. പ്രധാനമായും കർണാടകസംഗീതമാണ് മോഹനിയാട്ടത്തിൽ ഉപയോഗിച്ചു വരുന്നത്. സോപാനസംഗീതം അപൂർവമായി ഉപയോഗിക്കാറുണ്ട്. മോഹനിയാട്ടത്തിൽ കണ്ണുകളുടെ ചലനം കഥകളിയുമായി വളരെയധികം സാദൃശ്യം പുലർത്തുന്നു. ഭരതനാട്യത്തിൽ ശാന്തം, വീരം തുടങ്ങിയ രസങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ മോഹിനിയാട്ടത്തിൽ അത് ശൃംഗാരത്തിനാണ്.


നങ്ങ്യാർകൂത്ത്

മോഹിനിയാട്ടത്തിൽ വളരെ ലളിതമായ ചമയങ്ങളാണ് ഉപയോഗിക്കാറുള്ളത്. വസ്ത്ര കേശാലങ്കാര രീതിയിലും ഈ ലാളിത്യം പ്രകടമാണ്. എന്നാൽ ഇതിനേക്കാളുപരിയായി ഒരു സ്ത്രീയുടെ ആന്തരികമായിട്ടുള്ള വ്യക്തിത്വത്തിന്റെ എല്ലാതലങ്ങളും വളരെ ശക്തിയായി അവതരിപ്പിക്കാൻ മോഹിനിയാട്ടത്തിലൂടെ കഴിയും എന്നതാണ് മോഹിനിയാട്ടത്തിന്റെ പ്രത്യേകതയായി തന്നെ ആകർഷിച്ചതെന്ന് പ്രശസ്ത നർത്തകിയായ ഡോ. നീനാപ്രസാദ് പറയുന്നു.

മോഹിനിയാട്ടവും നങ്ങ്യാർകൂത്തും പോലെ നിരവധി സ്ത്രീപക്ഷകലകൾ കേരളത്തിൽ നിലനിന്നിരുന്നു. തുമ്പിതുള്ളൽ, കൈകൊട്ടിക്കളി, തിരുവാതിരപ്പാട്ട്, കുമ്മി, മാർഗ്ഗംകളി തുടങ്ങി പല നാടൻകലകളും ക്ഷേത്രത്തിനു പുറത്ത് ജനങ്ങളുടെ ഇടയിൽ ജീവിച്ചു. അകൃത്രിമമായ ജീവിതവീക്ഷണത്തിന്റെയും മധുരമായ ജീവിത നൈർമല്യത്തിന്റെയും ഉത്തമപ്രതീകങ്ങളായ ഈ നാടൻകലകളിൽ ചിലതെല്ലാം കേരളീയ ജീവിതത്തിന്റെ അഴകും ലാളിത്യവും പ്രതിഫലിപ്പിച്ചുകൊണ്ട് ഇപ്പോഴും ജീവിക്കുന്നു. ഒരു കാലഘട്ടത്തിന്റെ ചൈതന്യം മുറ്റിനിൽക്കുന്ന ഈ സമൂഹ നൃത്തങ്ങൾ നമ്മുടെ പൗരാണിക സംസ്കാരത്തിലേക്കുള്ള മുതൽക്കൂട്ടുകൾ തന്നെയാണ്. പക്ഷേ കേരളത്തിന്റെ ഈ കലാരൂപങ്ങൾക്ക് നമ്മുടെ നാട്ടിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്ന് ഈ രംഗത്തുള്ളവർ പറയുന്നു. കളിയരങ്ങിലെ സ്ത്രീപക്ഷത്തിനുവേണ്ടി വാദിക്കുന്നവർ പോലും സ്ത്രീയുടെ സമ്പൂർണ്ണകലകളെ വേണ്ടത്ര എടുത്തു കാണിക്കുന്നുണ്ടോ എന്നതും സംശയമാണ്. ഇനിയെങ്കിലും ഈ കലാരൂപങ്ങളെ തിരിച്ചറിഞ്ഞ് അവയ്ക്കുവേണ്ട പരിഗണന നൽകേണ്ടത് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ നിലനിൽപിന് ആവശ്യമാണ്.

**അവഗണനയ്ക്കും നിന്ദയ്ക്കുമെതിരെ വമ്പന്മാരോട് പൊരുതി ജയിച്ച സമരനായകനായിരുന്നു മൂലൂർ എസ്. പത്മനാഭപ്പണിക്കർ. നൽകപ്പെട്ടിരുന്ന സരസ കവി ബിരുദത്തോടൊപ്പം സമരകവി ബിരുദവും അദ്ദേ ഹത്തിനു നന്നായി ഇണങ്ങും.**

# സരസകവിയും സമരകവിയും

പന്മന രാമചന്ദ്രൻ നായർ

ജാതീയമായ ഉച്ചനീചഭേദം കേരളീയ സമൂഹത്തിൽ നിറഞ്ഞുനിന്ന കാലമായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യപാദം. വിദ്യാഭ്യാസരംഗത്തെന്നപോലെ സാഹിത്യ രംഗത്തും അവർണ സമുദായാംഗങ്ങൾക്ക് ഒട്ടേറെ കഷ്ടപ്പാടുകളെ നേരിടേണ്ടിവന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് സരസകവി മൂലൂർ. എസ് പത്മനാഭപ്പണിക്കരുടെ ജീവിതം. എന്നാൽ, ഇതിനിടയിലും കേരളവർമ്മ വലിയകോയിത്തമ്പുരാനെപ്പോലുള്ള ചില മഹാന്മാരുടെ കലവറയില്ലാത്ത സ്നേഹവും ഔദാര്യവും സവർണാവർണഭേദമെന്യേ ഏവർക്കും ലഭിച്ചുകൊണ്ടിരുന്നു. മൂലൂരിന്റെ അസാധാരണമായ കാവ്യവൈഭവം കണ്ടറിഞ്ഞ ആ സാഹിത്യ ചക്രവർത്തി അദ്ദേഹത്തിനു സരസകവി എന്ന ബിരുദം സമ്മാനിച്ചു. ഒരു സ്വർണ മോതിരവും നല്കി. ഇതു സമുദായമധ്യത്തിൽ മൂലൂരിനു കൂടുതൽ അംഗീകാരം നേടിക്കൊടുത്തു. എന്നാൽ, ഇതര സാഹിത്യകാരന്മാരുടെ അസൂയയ്ക്കും ഇതു കാരണമായി. കേരളവർമ്മയോടുള്ള ഭക്ത്യാദരങ്ങളുടെ സൂചകമായിട്ടാണ് മൂലൂർ ഇലവുന്തിട്ടയിൽ പണിയിച്ച വീടിന് 'കേരളവർമ്മ സൗധം' എന്നു പേരിട്ടത്.

തിരുവല്ല ഇടനാട്ടിലെ മൂലൂർ ശങ്കരൻ വൈദ്യരുടെയും നിരണത്തുകാവിൽ വെളുത്ത കുഞ്ഞമ്മയുടെയും പുത്രനായി 1044 കുംഭം 27-ന് (1869) പദ്മനാഭപ്പണിക്കർ ജനിച്ചു. മകനെ അടുത്തുള്ള സർക്കാർ സ്കൂളിൽ അയച്ചു പഠിപ്പിക്കാൻ വൈദ്യർ തീരുമാനിച്ചെങ്കിലും സ്കൂളിന്റെ മുറ്റത്ത് അവർണ്ണ വിദ്യാർത്ഥികൾക്കായി കെട്ടിയുണ്ടാക്കിയ 'അയിത്തപ്പുര'യിലിരുന്നു പഠിക്കാൻ ആ അഭിമാനിയായ ബാലൻ തയ്യാറായില്ല. ഒരു ആശാനെ ഇരുത്തിയും താൻ നേരിട്ടും ഏതാനും വർഷം സംസ്കൃതപാഠങ്ങൾ പഠിച്ചതിനുശേഷം പിതാവ് മകനെ പണ്ഡിതനും കവിയുമായിരുന്ന മാലക്കര കൊച്ചുരാമൻപിള്ള ആശാന്റെ കീഴിൽ കാവ്യനാടകാദികളഭ്യസിക്കാൻ നിയോഗിച്ചു. 13-ാം വയസ്സിലേ ഈ ബാലനിൽ കവിതാവാസന തെളിഞ്ഞുകണ്ടു. 17-ാം വയസ്സുമുതൽ അമ്മാനപ്പാട്ടുകളും മറ്റും എഴുതിയിരുന്നു. വിവാഹത്തിനുശേഷം പന്തളത്തിനടുത്തുള്ള ഇലവുന്തിട്ടയിലേയ്ക്കു താമസം മാറ്റി.

മലയാളത്തിൽ ധാരാളം പത്രമാസികകളുണ്ടായ കാലമായിരുന്നതിനാൽ അവയിലൂടെ ഒട്ടേറെ കവികൾ പ്രത്യക്ഷപ്പെട്ടു. പ്രധാന പത്രങ്ങളെല്ലാം പ്രകീർത്തിച്ച 'കിരാതം അമ്മാനപ്പാട്ടി'ന്റെയും മറ്റും കർത്താവെന്ന നിലയിൽ യുവകവിയായ മൂലൂരിന് കേരളവർമ്മയുടെയും മനോരമ പത്രാധിപർ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെയും സൗഹാർദ്ദം ലഭിച്ചു. മറ്റെല്ലാ വാസനാകവികളെയുംപോലെ സമസ്യാപൂരണം, പദ്യക്കത്തുകൾ, മുക്തകങ്ങൾ എന്നിവ മൂലൂരും പത്രങ്ങൾക്കു നല്കിപ്പോന്നു.

**ആസന്നമരണ ചിന്താശതകം**

1070-ൽ തിരുവനന്തപുരത്തു ചേർന്ന ഭാഷാപോഷിണി സഭാവാർഷികം സംബന്ധിച്ചു സംഘടിപ്പിച്ച കവിതാമത്സരത്തിൽ രണ്ടാം സമ്മാനം നേടിയ കാവ്യമാണ് മൂലൂരിന്റെ 'ആസന്നമരണ ചിന്താശതകം'. വിഷയം നേരത്തേ പരസ്യപ്പെടുത്തിയിരുന്നു. പല ഗ്രന്ഥങ്ങളിലും കാണുന്നതുപോലെ വിഷയം 'ആസന്നമരണചിന്താശതകം' ആയിരുന്നില്ല; 'ആസന്നമരണന്റെ അന്തർഗതം' ആയിരുന്നു. തികച്ചും റൊമാന്റിക്കായ ഈ പേര് കെ.സി. കേശവപിള്ളയുടെ ഒന്നാംസമ്മാനം ലഭിച്ച കൃതി പ്രസിദ്ധപ്പെടുത്തിയപ്പോൾ 'ചിന്താശതകം' എന്ന് നിയോക്ലാസിക് രീതിയിൽ മാറ്റിയതിനെത്തുടർന്ന് മൂലൂരിന്റെ കൃതിയും അതേപേരിൽ പുറത്തു വന്നു എന്നുമാത്രം. 22 കവികൾ കാവ്യമെഴുതി അയച്ചിരുന്നു. 'സരസദ്രുതകവി കിരീടമണി' എന്നു കീർത്തിപ്പെട്ടിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാൻ ഉൾപ്പെടെ പ്രമുഖ കവികളിൽ മിക്കവരും പങ്കെടുത്ത 'ഘടികാവിംശതി' (ഒരു മണിക്കൂർകൊണ്ട് 20 പദ്യം) പരീക്ഷയിൽ ഒന്നാംസമ്മാനം നേടിയിരുന്ന കെ.സി.ക്കായിരുന്നു ശതകമത്സരത്തിൽ ഒന്നാം സ്ഥാനം എന്നതിനാൽ, മൂലൂരിന്റെ രണ്ടാംസ്ഥാനത്തിന് ഒട്ടുംതന്നെ വിലക്കുറവില്ലെന്നു കാണാം.

**ഹരിശ്ചന്ദ്രോപാഖ്യാനം**

മൂലൂരിന്റെ ഹരിശ്ചന്ദ്രോപാഖ്യാനം കിളിപ്പാട്ട് 400-ാം പുറമുള്ള ഒരു മനോഹര കാവ്യമാകുന്നു. സത്യവ്രതമാഹാത്മ്യം വെളിവാക്കുന്ന ഹരിശ്ചന്ദ്രകഥ സാമാന്യ ജനങ്ങളെ ഉദ്ദേശിച്ച് ഒരു സ്വതന്ത്രകൃതിയായിട്ടാണ് എഴുതിത്തുടങ്ങിയതെങ്കിലും, സ്കാന്ദപുരാണത്തിലുൾപ്പെട്ട ഹരിശ്ചന്ദ്രോപാഖ്യാനം കുഞ്ഞിക്കുട്ടൻതമ്പുരാൻ പദ്യരൂപത്തിൽ വിവർത്തനം ചെയ്തതുകാണാനിടയായ കവി, തന്റെ കൃതി അതിന്റെതന്നെ കിളിപ്പാട്ടുരീതിയിലുള്ള വിവർത്തനമാക്കാം എന്നു തീരുമാനിച്ചതിന്റെ ഫലമാണ് ഈ പ്രൗഢകാവ്യം. ശ്രീനാരായണഗുരുവിന്റെ അനുഗ്രഹാശിസ്സുകളോടെ മുഴുമിപ്പിച്ച ഈ ഗ്രന്ഥം 1991-ൽ മാത്രമേ പ്രസിദ്ധീകൃതമായുള്ളൂ. പല കിളിപ്പാട്ടുവൃത്തങ്ങൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ഏറെക്കാണുന്നതു കേകയാണ്. മൂലൂരിന്റെ കേക ഏകദേശം വള്ളത്തോളിന്റെ കേകയ്ക്കു തുല്യം മനോഹരമാണെന്നതിൽ സംശയമില്ല. വിവർത്തനമെന്ന തോന്നൽ ലേശവും ജനിപ്പിക്കാത്ത ഈ കൃതി കാവ്യാസ്വാദകരുടെ സവിശേഷശ്രദ്ധയർഹിക്കുന്നു.

അവഗണനയ്ക്കും നിന്ദയ്ക്കുമെതിരെ എത്രയോ വമ്പന്മാരോടു ധീരമായിപ്പൊരുതി വിജയം വരിച്ച സമരനായകനാണ് പദ്മനാഭപ്പണിക്കർ. ചെയ്ത സമരമൊന്നും തനിക്കുവേണ്ടിമാത്രമായിരുന്നില്ല; തന്നെക്കാളേറെ അവഗണിക്കപ്പെട്ട അവശർക്കുവേണ്ടിക്കൂടിയായിരുന്നു. എന്നാൽ, ആ അവശരിൽനിന്നുപോലും ഒരാൾ തന്നോടൊപ്പം സമരരംഗത്തേയ്ക്കുവന്നില്ല എന്നത് അദ്ദേഹത്തെ ഏറെ ദു:ഖിപ്പിച്ചിരുന്നു. വാസ്തവത്തിൽ സരസകവി



ബിരുദംപോലെ ഒരു സമരകവി ബിരുദവും അദ്ദേഹത്തിനു നന്നായിച്ചേരും.

**കവിരാമായണസമരം**

മൂലൂർ നയിച്ച സമരങ്ങളിൽ പലതുകൊണ്ടും ഏറ്റവും പ്രധാനം കവിരാമായണസമരമാണ്. അതിന്റെ പശ്ചാത്തലമൊരുക്കിയത് 1062-ൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ രചിച്ച കവിഭാരതമായിരുന്നു. മഹാഭാരതത്തിലെ കഥാപാത്രങ്ങൾക്കുപകരം മലയാളകവികളെ ചേർത്തുകൊണ്ടുള്ള പദ്യങ്ങളുടെ സമാഹാരമാണീകൃതി. അന്നത്തെ പ്രധാനപ്പെട്ട പല തെക്കൻകവികളെയും തമ്പുരാൻ 'ഭാരത'ത്തിൽ ചേർത്തില്ല. ഒറ്റ ഈഴവകവിയും അതിലില്ലായിരുന്നു. 1065-ൽ മലയാളമനോരമ ആരംഭിക്കുകയും അതിൽ വിസ്തൃതമായ കവിതാപംക്തി അനുവദിക്കുകയും ചെയ്തതോടെ ധാരാളം പുതിയ കവികൾ പ്രത്യക്ഷപ്പെട്ടു. ഇവരിൽ പലരെയും ചേർത്തു കവിഭാരതം പരിഷ്കരിക്കണമെന്ന് മനോരമാഭാരവാഹികളായ വർഗീസ് മാപ്പിളയ്ക്കും കൊട്ടാരത്തിൽ ശങ്കുണ്ണിയ്ക്കും തോന്നി. ഇവരുടെ പ്രേരണയ്ക്കു വഴങ്ങി തമ്പുരാൻ 1066 വൃശ്ചികം 8-ന്റെ മനോരമയിൽ 'ഭാഷാകവികൾക്ക്' എന്ന തലക്കെട്ടോടെ ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. താൻ 'കവിഭാരതം' പരിഷ്കരിക്കുകയാണെന്നും തന്റെ ശ്രദ്ധയിൽ പെടത്തക്കവണ്ണം കവികളെല്ലാം മനോരമയിൽ പ്രത്യക്ഷപ്പെടണമെന്നുമാണ് സാരം.

'ഭാഷാകവിത്വമിയലുന്നവരൊക്കെയെന്റെ

ഭാഷാവിശേഷകവിഭാരതമായതിങ്കൽ

തോഷാൽ പതിഞ്ഞിടുവതിന്നുകുറച്ചുനാളാ-

ഘോഷാൽ മനോരമയിൽ വന്നുകളിച്ചീടേണം.'

കവിഭാരതം പരിഷ്കരിക്കുമ്പോൾ ഈഴവ കവികളിൽനിന്നു മൂന്നുപേരെയെങ്കിലും ഉൾപ്പെടുത്തണമെന്ന് മൂലൂർ പദ്യരൂപത്തിൽ കേരളമിത്രം പത്രത്തിലൂടെ തമ്പുരാനോടപേക്ഷിച്ചു. വെളുത്തേരി കേശവൻ വൈദ്യർ, ശ്രീനാരായണഗുരു, പെരുന്നെല്ലി കൃഷ്ണൻ വൈദ്യൻ എന്നിവരായിരുന്നു ആ മൂന്നുപേർ. വേണ്ടവരെയെല്ലാം ചേർക്കുമെന്നും അതിനു ശുപാർശ വേണ്ടെന്നും തമ്പുരാൻ പദ്യത്തിൽത്തന്നെ മറുപടി നല്കി: എങ്കിലും, നല്ല കഴിവുള്ളവരെ മാത്രമേ ഉൾപ്പെടുത്തൂ എന്നുകൂടി സൂചിപ്പിച്ചിരുന്നു. ഏതായാലും, തമ്പുരാൻ കവിഭാരതം പരിഷ്കരിച്ചില്ല. ഒരു മാറ്റവുംകൂടാതുള്ള രണ്ടാംപതിപ്പ് 1069 ആദ്യം പുറത്തുവരികയും ചെയ്തു. ഇത് തെക്കൻകവികളെയാകെ നിരാശരാക്കി. ഈ നൈരാശ്യം പരിഹരിക്കാൻവേണ്ടിയാണ് മൂലൂർ അക്കൊല്ലംതന്നെ 'കവിരാമായണം' രചിച്ചത്. ഇതിൽ പലകവികൾക്കും നല്കിയ സ്ഥാനത്തെ ആദ്യമായെതിർത്തത് കുഞ്ഞിക്കുട്ടൻതമ്പുരാൻതന്നെയായിരുന്നു. പെരുന്നെല്ലിയെ ഹനൂമാനാക്കിയത് അദ്ദേഹത്തിനു തീരെ ഇഷ്ടപ്പെട്ടില്ല. കവിഭാരതത്തിലെ ഹനൂമാൻ തമ്പുരാന്റെ പിതാവായ വെണ്മണി അച്ഛനായിരുന്നു എന്നതുകൂടി ഇവിടെ സ്മരിക്കുക. മൂലൂർ ഇത് മനഃപൂർവം ചെയ്തതാണെന്ന് ഏവർക്കും വ്യക്തമായിരുന്നു.

തുടർന്ന് 'മലയാളി'യിൽ ആരംഭിച്ച കവിരാമായണയുദ്ധം 'കേരളപത്രിക' 'മനോരമ' തുടങ്ങിയ പത്രങ്ങളിലേയ്ക്കും വ്യാപിച്ചു. ഭംഗികുറഞ്ഞ പണിയാണെന്നു തോന്നിയതുകൊണ്ടാവണം, സമരത്തിലേർപ്പെട്ട വമ്പന്മാരെല്ലാംതന്നെ സ്വന്തം പേർ വെളിപ്പെടുത്താതെ കൃത്രിമനാമത്തിൽ മറഞ്ഞുനില്ക്കാനാണാഗ്രഹിച്ചത്. ഹനൂമാൻ, ജാമദഗ്ന്യൻ, നരസിംഹം, ഭദ്രകാളി, ത്രിവിക്രമൻ, വലിയ തോക്ക്, അഹസ്കരൻ എന്നീ കൃത്രിമനാമധാരികളെ മൂലൂർ നേരിട്ടത് ജാംബവാൻ, സിംഹളസിംഹം, കളകണ്ഠൻ, മാഢവ്യൻ, ബഡവാഗ്നി, വലിയ തോക്കിലെ ഉണ്ട, പാശുപതം എന്നിങ്ങനെ പല പേരുകളിലായിരുന്നു. പണിക്കർ വാദം, കവിമൃഗാവലിവാദം, നമ്പൂരിവഴക്ക് എന്നിങ്ങനെ വേറെയും പല സമര



കേരളവർമ്മ സൗധം

ങ്ങളിൽ മൂലൂർ പങ്കെടുത്തിരുന്നു.

### മറ്റുകൃതികൾ

ഇത്ര ഘോരമായ സമരങ്ങൾ നടന്നെങ്കിലും, ഈ സാഹിത്യനായകന്മാരെല്ലാം പില്ക്കാലത്ത് തികച്ചും രമ്യതയിലെത്തിയിരുന്നു എന്നതിനുള്ള ഒരു തെളിവ് 'ഭദ്രകാളി'യായിരുന്ന കെ. രാമകൃഷ്ണപിള്ളയുടെ അഭ്യർത്ഥന മാനിച്ച് 'കേരളദർപ്പണ'ത്തിനുവേണ്ടി മൂലൂർ 'പത്രാധിപഭാരതം' രചിച്ചു എന്നതാണ്. കഥകളിനടന്മാരെ മൃഗങ്ങളാക്കി 'നടമൃഗശാല'യും അദ്ദേഹം എഴുതി. കവിരാമായണത്തിന് 1080-ൽ പരിഷ്കരിച്ച പതിപ്പും പ്രസിദ്ധപ്പെടുത്തി. ഒന്നാംപതിപ്പിൽ 'ഗവയൻ' ആയിരുന്ന കുമാരനാശാനെ മൂലൂർ പുതിയ പതിപ്പിൽ ഇന്ദ്രജിത്താക്കി. അങ്ങനെ വേറെയും മാറ്റങ്ങളുണ്ടായി. ഓരോ കവിയുടെയും കാവ്യരസത്തെ ശർക്കര, പഞ്ചസാര തുടങ്ങിയ വസ്തുക്കളോടു സാമ്യപ്പെടുത്തി രചിച്ച കൃതിയാണ് 'കവിതാരസനിരൂപണം'. അകാലചരമം പ്രാപിച്ച പെരുന്നെല്ലിക്ക് കോകിലം മുഖേന സ്വർഗ്ഗത്തേയ്ക്കു സന്ദേശമയയ്ക്കുന്ന കോകിലസന്ദേശവും കുറത്തിപ്പാട്ടു രീതിയിലെഴുതിയ, ശുകസന്ദേശവും പ്രഖ്യാതി നേടിയിരുന്നു. ഉമ്മൻ എന്ന ഒരദ്ധ്യാപകൻ മെത്രാപ്പോലീത്താ തിരുമേനിക്കയയ്ക്കുന്ന സന്ദേശമാണ് 'ശുകസന്ദേശം'. ആകെക്കൂടി 50 കൃതികളുണ്ട് മൂലൂരിന്റേതായി.

### സാമൂഹിക സേവനം

ജനങ്ങളോടൊപ്പം സഞ്ചരിച്ച് നാനാരീതിയിൽ ഇത്രയേറെ സമൂഹസേവനം നടത്താൻ ഈ കവിക്ക് എങ്ങനെ കഴിഞ്ഞു എന്ന് ഇന്നുള്ളവർക്ക് അത്ഭുതംതോന്നും. എസ്.എൻ.ഡി.പി. യോഗം ആരംഭിക്കുന്നതിനു മുൻപുതന്നെ മൂലൂർ ഒട്ടേറെ സമുദായ പരിഷ്കരണ ശ്രമങ്ങൾ നടത്തിയിരുന്നു. 1080-ൽ കൊല്ലത്തുനടന്ന യോഗം വാർഷികത്തിലെ കവിതാപരീക്ഷയിൽ ഒന്നാംസമ്മാനം നേടിയ മൂലൂരിനെ സമ്മാനം നല്കി അനുഗ്രഹിച്ചത് ശ്രീനാരായണഗുരു ആണ്. 12-ാം വാർഷികം മുതൽ തുടർച്ചയായി എസ്.എൻ.ഡി.പി. യോഗം ഡയറക്ടറായിരുന്നു. 25-ാം വാർഷികം അദ്ദേഹത്തെ യോഗത്തിന്റെ ഉപാദ്ധ്യക്ഷനാക്കി. സമുദായോദ്ധാരണ പരിശ്രമങ്ങൾക്കുള്ള പാരിതോഷികമായി 1091-ൽ യോഗം മൂലൂരിനു കീർത്തിമുദ്ര സമ്മാനിച്ചു.

മൂലൂരിന്റെ ശ്രമംകൊണ്ട് ഇലവുന്തിട്ടയിലും പരിസരങ്ങളിലുമായി സ്ഥാപിച്ചിരുന്ന ഒൻപതു പ്രൈമറി സ്കൂളുകളും ഇന്നു ഹൈസ്കൂളുകളായിട്ടുണ്ട്. ധാരാളം റോഡുകൾ, ചന്തകൾ, ഗ്രന്ഥശാലകൾ - ഇവയും സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. പത്രപ്രവർത്തനം, കൃഷി, വ്യവസായം, വൈദ്യം എന്നീ മേഖലകളിലും മൂലൂരിന്റെ സേവനം വിലപ്പെട്ടതായിരുന്നു. ഈ മഹാസേവനങ്ങളെല്ലാം മാനിച്ച് സർക്കാർ 1089-ൽ മൂലൂരിനെ ശ്രീമൂലം പ്രജാസഭാ മെമ്പറാക്കി. ഏതാണ്ടു 14 കൊല്ലം അദ്ദേഹം ഈ സ്ഥാനത്തു തുടർന്നു.

### പ്രവേശിക

മൂലൂരിന്റെ ഹരിജനോദ്ധാരണ ശ്രമങ്ങൾ മധ്യതിരുവിതാംകൂറിനെയാകെ ചൈതന്യധന്യമാക്കി. മൂലൂർ സ്മാരകക്കമ്മിറ്റി 1090-ൽ പ്രസിദ്ധപ്പെടുത്തിയ 'പുലവൃത്തം' എന്ന ഗ്രന്ഥം ഒരു വിശേഷപ്പെട്ട ചരിത്രരേഖയാണ്. ഇതിലെ പുലവൃത്തമുപയോഗിച്ചെഴുതപ്പെട്ട ഗാനങ്ങളെല്ലാം പുലയർക്കു പാടാനും അവരെ ഉദ്ബുദ്ധരാക്കാനുംവേണ്ടി രചിക്കപ്പെട്ടവയാകുന്നു. അവരുടെ നേതാവായി പ്രിയശിഷ്യനായ കുറുമ്പൻ ദൈവത്താനെ വളർത്തിക്കൊണ്ടുവന്നതും 1091-ൽ ദൈവത്താനെ പ്രജാസഭാമെമ്പറാക്കുന്നതിനു ദിവാൻജിയെ പ്രേരിപ്പിച്ചതും മറ്റാരുമല്ല. അദ്ദേഹത്തിന്റെ ഡയറിയിലെ മിക്കപേജിലും ഒരു പുലയ സമുദായപ്രശ്നമെങ്കിലും കാണാതെ വരില്ല.

മൂലൂർ അസമാനനായ ഒരു ചരിത്രപുരുഷൻതന്നെ. ജാതീയമായ ഉച്ചനീചഭേദങ്ങൾമൂലം സവർണരിൽനിന്ന് ഏറെ കഷ്ടതകളനുഭവിച്ച കവിയായിരുന്നു കുമാരനാശാൻ എന്നു ധരിച്ചിട്ടുള്ളവർ നിരവധിയാണ്. എത്രയോപേർ ഇങ്ങനെ പ്രസംഗിക്കുന്നതും കേട്ടിട്ടുണ്ട്. ഇതു തീരെ ശരിയല്ല. പ്രമുഖരായ സവർണ സാഹിത്യകാരന്മാരെല്ലാം ആശാനെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയുമേ ചെയ്തിട്ടുള്ളൂ. എന്നാൽ നിരന്തരം ആക്രമിക്കപ്പെട്ടിരുന്നതും ധീരമായിപ്പൊരുതി അംഗീകാരം പിടിച്ചടക്കിയതും മൂലൂരായിരുന്നു എന്നും പലർക്കും അറിയില്ല. 1104-ൽ കോട്ടയത്തു ചേർന്ന എസ്.എൻ.ഡി.പി. യോഗവാർഷികത്തോടനുബന്ധിച്ച് ഒരു സാഹിത്യസമ്മേളനം നടന്നു. അധ്യക്ഷനായിരുന്ന മഹാകവി ഉള്ളൂർ പ്രഭാഷകനായ മൂലൂരിനെ വേദിയിലേയ്ക്കു ക്ഷണിക്കവേ ഇങ്ങനെ പറഞ്ഞു: ''ഇന്നത്തെ പ്രസംഗകർത്താവായ മൂലൂർ എസ്. പദ്മനാഭപ്പണിക്കർ അന്നുവരെ സവർണർക്കുമാത്രം പ്രവേശാർഹമെന്നു സങ്കല്പിക്കപ്പെട്ടിരുന്ന സാഹിത്യവേദിയിൽ നിർഭയമായും നിർബാധമായും എത്തിച്ചേർന്ന് അവിടെ ഒരു ഗണനീയമായ പീഠത്തെ ആരോഹണം ചെയ്യാതിരുന്നെങ്കിൽ തദനന്തരഗാമിയായ കുമാരനാശാനു നാമിന്ന് ഏക മനസ്സോടെ നല്കുന്ന സാഹിതീസാർവഭൗമസ്ഥാനം ഒരിക്കലും ലബ്ധമാകുന്നതല്ലായിരുന്നു''. ഉള്ളൂരിന്റെ ഈ സത്യകഥനം കുമാരനാശാനെ സംബന്ധിച്ചു മാത്രമല്ല, അവശവിഭാഗക്കാരായ എത്രയോ മനീഷികളെ സംബന്ധിച്ചും സത്യം തന്നെയാണെന്നോർക്കുക.

# നഷ്ടമായത് നവോത്ഥാനകാല നായകനെ

ബിജി കുര്യൻ

നൂറ്റാണ്ട് പിന്നിട്ട മലയാള കഥയുടെ രണ്ടാംഘട്ടം എന്നു വിശേഷിപ്പിക്കുന്ന നവോത്ഥാനകാല സാഹിത്യനായകരുടെ നിരയിലാണ് പൊൻകുന്നം വർക്കിയുടെ സ്ഥാനം. തകഴി, ദേവ്, കാരൂർ, ബഷീർ, പൊറ്റെക്കാട്, ലളിതാംബിക അന്തർജനം, ഉറൂബ് തുടങ്ങിയവർ ഈ പരിവർത്തനത്തിന്റെ വക്താക്കളായിരുന്നു. ഫ്രഞ്ച്- റഷ്യൻ, കഥാസാഹിത്യവുമായുള്ള പരിചയം വഴി മലയാളികളെ പുതിയൊരു ദിശാബോധത്തിലേക്ക് നയിച്ചത് കേസരി ബാലകൃഷ്ണപിള്ളയും എം.പി. പോളുമാണ്. ഇവരുടെ നിരൂപണനിരീക്ഷണങ്ങൾ പുരോഗമനസാഹിത്യത്തിന്റെ പുതിയ കാറ്റ് വീശാൻ പ്രേരകമായി. പട്ടിണി, മർദ്ദനം, ചൂഷണം, യുദ്ധക്കെടുതി തുടങ്ങിയ പ്രശ്നങ്ങളെ കഥാതന്തുവാക്കാൻ മലയാളത്തിലും അങ്ങനെ എഴുത്തുകാരുണ്ടായി.

പ്രണയം, കുറ്റാന്വേഷണം, നായാട്ട്, വ്യവഹാരം തുടങ്ങിയ ആദ്യകാല പ്രമേയങ്ങളിൽനിന്ന് വ്യത്യസ്തമായി മലയാള ചെറുകഥയ്ക്ക് ജനകീയ മുഖം കൈവന്നത് ആ വസന്തകാലത്താണ്. ബഷീറിന്റെ 'ടൈഗറും' കാരൂരിന്റെ 'മോതിരവും' ഉറൂബിന്റെ 'രാച്ചിയമ്മ'യും പോലെ എക്കാലത്തെയും മികച്ച മലയാള കഥകളുടെ പട്ടികയിൽ വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ'യും മറ്റും സ്ഥാനംപിടിച്ചത് ഈ സുവർണകാലഘട്ടത്തിലാണ്. 1939-ൽ തിരുമുൽക്കാഴ്ചയുമായി സാഹിതീസേവനമാരംഭിച്ച വർക്കിയുടെ എഴുത്തുപുരയിൽ നിന്ന് കഥകൾ, നാടകങ്ങൾ, നോവൽ, ബാലസാഹിത്യം, തൂലികാചിത്രങ്ങൾ, ആത്മകഥാഖ്യാനം എന്നിങ്ങനെ ഇരുന്നൂറോളം രചനകൾ കൈരളിക്ക് ലഭിച്ചു. അദ്ദേഹത്തിന്റെ ഇടിവണ്ടി, ശബ്ദിക്കുന്ന കലപ്പ, ഡെമോക്രസി, മന്ത്രിക്കെട്ട്, മോഡൽ, ജേതാക്കൾ തുടങ്ങിയ കഥകളും നാടകങ്ങളും ഒരു കാലഘട്ടത്തെയാകെ മുന്നോട്ടു കുതിപ്പിച്ചു.

1940കളിലാണ് ആ തൂലിക തിരുവിതാംകൂറിലെ സ്വേച്ഛാധിപതി ദിവാൻ സർ സി.പി. രാമസ്വാമി അയ്യർക്കെതിരെ തിരിഞ്ഞത്. ദേശീയ സ്വാതന്ത്ര്യസമരം ഒരു ഭാഗത്തും ഉത്തരവാദഭരണ പ്രക്ഷോഭം മറുഭാഗത്തും കത്തിപ്പടരുന്ന കാലം. പൗരോഹിത്യത്തിന്റെ ജീർണതകൾ, മുതലാളിത്തം, നാടുവാഴിത്തം, ജന്മിത്വം, സാമ്രാജ്യത്വം, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ തുടങ്ങി മനുഷ്യപുരോഗതിക്ക് തടസ്സമാകുന്ന എല്ലാത്തിനെയും വെല്ലുവിളിച്ച വർക്കി രാജവാഴ്ചയെയും ദിവാന്റെ ദുർഭരണത്തെയും വിമർശിച്ച് നാടകവും കഥയും എഴുതി. വർഗസമരത്തിന് പ്രേരണ നൽകുന്ന സാഹിത്യസൃഷ്ടികളുടെ പേരിൽ രാജ്യത്താദ്യമായി അങ്ങനെ സാഹിത്യകാരൻ അറസ്റ്റു ചെയ്യപ്പെട്ടു (1946). തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഏഴുമാസം അദ്ദേഹം തടവുശിക്ഷ അനുഭവിച്ചു. ജയിലിൽ ദിവാന്റെ കിങ്കരനായ പൊലീസുദ്യോഗസ്ഥൻ വർക്കിയെ സമീപിച്ച് 'മാപ്പപേക്ഷ' എഴുതിത്തന്നാൽ മോചിപ്പിക്കാം എന്നു പറഞ്ഞതും തികഞ്ഞ ബോധ്യത്തോടെയാണ് സാഹിത്യ സൃഷ്ടി നടത്തുന്നത്; മാപ്പപേക്ഷ തന്നിട്ട് മോചിപ്പിക്കേണ്ടതില്ല എന്നു വർക്കി തുറന്നടിച്ചതും പിന്നീട് ചരിത്രമായി.

അധ്യാപകൻ, സാഹിത്യകാരൻ, വാഗ്മി, സ്വാതന്ത്ര്യ സമരസേനാനി, ജനാധിപത്യ-മതനിരപേക്ഷ വാദിയായ സാംസ്കാരിക നായകൻ, ചലച്ചിത്രകാരൻ, സാമൂഹിക പരിഷ്കർത്താവ് തുടങ്ങിയ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച വർക്കിയുടെ സംഭവബഹുലമായ പിൽക്കാലജീവിതത്തിന് കേരളം സാക്ഷി.

കേരള സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരവും വള്ളത്തോൾ സമ്മാനവും കേരള സാഹിത്യ അക്കാദമി ഫെലോഷിപ്പും സംസ്ഥാന ഫിലിം അവാർഡും ഉൾപ്പെടെ പുരസ്കാരങ്ങളുടെ നീണ്ട പട്ടിക വർക്കിയെ തേടിയെത്തിയത് ജീവിത സായാഹ്നത്തിലാണെന്നത് മറ്റൊരു വൈരുദ്ധ്യം. ഒടുവിൽ 'ലളിതാംബിക അന്തർജനം' അവാർഡ് ഏറ്റുവാങ്ങാൻ വന്നെത്താൻ പ്രായാധിക്യം അദ്ദേഹത്തെ അനുവദിച്ചില്ല. മൂത്തമകൻ ദയാലുവാണ് ആ അവാർഡ് ഏറ്റുവാങ്ങിയത്.

ആധുനികതയും അത്യന്താധുനികതയും പിന്നിട്ട് കഥാപ്രപഞ്ചം ഉത്തരാധുനികതയുടെ ചുഴിമലരികളിൽ മുങ്ങിപ്പൊങ്ങുമ്പോഴും നവോത്ഥാന സാഹിത്യവും അതിനു നിമിത്തമായിത്തീർന്ന എഴുത്തുകാരും ഇന്നും നമുക്ക് വഴികാട്ടികളാണെന്നത് നിഷേധിക്കാനാവില്ല. സ്വതന്ത്രചിന്തയും സ്വതന്ത്ര ജീവിതവും ആർക്കും അടിയറവെച്ചിട്ടില്ലാത്ത വർക്കി എല്ലാ അർത്ഥത്തിലും ഒറ്റയാനായിരുന്നു. രചനയിൽ എന്നും പ്രചോദനമായിരുന്ന ഭാര്യ ക്ലാരമ്മ 1991-ൽ വിട്ടുപിരിഞ്ഞു. ഇളയമകൻ സണ്ണി അപകടത്തിൽ മരിച്ചു. ഈ നഷ്ടങ്ങളാണ് വർക്കിയെ കുറെയൊക്കെ നിശ്ശബ്ദനാക്കിയത്. അനിയൻ, രാജൻ, അമ്മു, ഓമന, ഗീത എന്നിവരാണ് മറ്റ് മക്കൾ.

വർക്കിയുടെ അന്ത്യാഭിലാഷം നിറവേറ്റിയത് നവലോകം സാംസ്കാരിക കേന്ദ്രം പ്രവർത്തകരാണ്. പെരുഞ്ചേരിൽ പുരയിടത്തിൽ അന്ത്യവിശ്രമംകൊള്ളുന്ന മഹാനായ മലയാളിയുടെ സ്മാരകം അവിടെ പടുത്തുയർത്താനുള്ള ഭാവി പരിപാടികളിലാണ് അവർ. ആ തറവാടും കുടീരവും മലയാൺമയുടെ നിത്യസ്മാരകമായി മാറട്ടെ.



# ദൂത്

# ജീവിതത്തിലും സാഹിത്യത്തിലും

**ആശയവിനിമയത്തിലെ ഇടനിലക്കാരനാണ് ദൂതൻ. മനുഷ്യപുരോഗതിയ്ക്കനുസരിച്ച് ദൂതന്റെയും ദൂതിന്റെയും ഭാവത്തിലും രൂപത്തിലും മാറ്റങ്ങൾ വന്നു. സന്ദേശരചനയുടെ ഭാവവും രൂപവും മാറിയെങ്കിലും ജീവിതത്തിലെ പോലെ തന്നെ സാഹിത്യത്തിലും ഇന്നും ദൂതിന്റെ പ്രാധാന്യം കുറയുന്നില്ല.**

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

മനുഷ്യരാശിയുടെ പുരോഗതിയിൽ പ്രമുഖമായ പങ്കുവഹിച്ചിട്ടുള്ള ഘടകങ്ങളിലൊന്നാണ് ദൂത്. രണ്ട് വ്യക്തികൾ തമ്മിലുള്ള ആശയവിനിമയത്തിലെ ഇടനിലക്കാരനാണ് ദൂതൻ. അയാൾ കൈമാറുന്ന സന്ദേശമാണ് ദൂത്. വാർത്ത കൈമാറുന്നത് വ്യക്തികൾ തമ്മിൽ മാത്രമാകണമെന്നില്ല, സമൂഹങ്ങൾ തമ്മിൽ, ദേശങ്ങൾ തമ്മിൽ, രാജ്യങ്ങൾ തമ്മിൽ, യന്ത്രങ്ങൾ തമ്മിൽ ഒക്കെ ആകാം. പോസ്റ്റുമാനും ശിപായിയും റണ്ണറും അംബാസഡറും രാജ്യപ്രതിനിധിയും കോൺസലും ഗവർണറും എല്ലാം ഒരു തരത്തിൽ ദൂതന്മാർ തന്നെ. ഇന്ന് ദൂതന്റെ പങ്ക് മിക്കവാറും നിർവഹിക്കുന്നത് യന്ത്രസാമഗ്രികളായിരിക്കുന്നു. വള്ളിയും നാരും ചരടും മരത്തൊലിയും ചുരുളും കത്തും ഫോൺ സന്ദേശവുമൊക്കെയായി കാലത്തിലൂടെ കടന്നുവന്ന ദൂത് ഇന്ന് ഇ-മെയിലും മറ്റുമായി മാറിയിരിക്കുന്നു. മുമ്പ് ദൂതിന് ദിവസങ്ങൾ എടുത്തിരുന്നെങ്കിൽ ഇന്ന് അതിന് ഞൊടിയിട മതിയെന്നായിരിക്കുന്നു.

മനുഷ്യർ തന്നെ സന്ദേശവാഹകരായിരുന്ന കാലത്താണ് ദൂതന്റെ സ്വഭാവഗുണത്തെപ്പറ്റി ഭർത്തൃഹരി ഇങ്ങനെ പറഞ്ഞുവച്ചത്.


മേധാവീ വാക്പടുഃ പ്രാജ്ഞ: പരചിത്തോപലക്ഷകഃ
ധീരോ യഥോക്ത വാദീച ഏഷ ദൂതോ വിധീയതേ

ബുദ്ധിസാമർത്ഥ്യം, വാക്പടുത്വം, വിശേഷജ്ഞാനം, പരഹൃദയജ്ഞാനം, ധീരത, പറഞ്ഞത് അതേപടി പറയുന്ന ശീലം എന്നിവയാണ് ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നല്ല ദൂതന്റെ സ്വഭാവഗുണങ്ങൾ. മടിയുള്ളവനെ, മുടക്കം പറയുന്നവനെ, തർക്കിക്കുന്നവനെ, കള്ളം പറയുന്നവനെ, സ്വഭാവശുദ്ധിയില്ലാത്തവനെ, ഭക്ഷണപ്രിയനെ, ഉറക്കം തൂങ്ങിയെ ഒന്നും ദൂതന്മാരാക്കരുത് എന്ന് കൂത്തിൽ പറയാറുണ്ട്. വിഷവൈദ്യത്തിൽ ദൂതലക്ഷണം വച്ച് ഫലം പറയുന്നതിനെപ്പറ്റി ഭവിഷ്യപുരാണത്തിൽ പ്രതിപാദിക്കുന്നു. സർപ്പദംശം ഏറ്റവൻ ഉയർന്ന ജാതിക്കാരനും ദൂതൻ നീചജാതിക്കാരനുമായിരിക്കുക, കടിയേറ്റവൻ നീചജാതിക്കാരനും ദൂതൻ ഉയർന്ന ജാതിക്കാരനുമായിരിക്കുക, കടിയേറ്റവന്റെ പേരുകൊണ്ട് വാക്യം തുടങ്ങുക, ആദ്യം പറഞ്ഞ വാക്യം പൂർത്തിയാക്കാതിരിക്കുക, ദൂതൻ കൂട്ടുപിടിച്ചു വരുക, ദൂതന്റെ കൈയിൽ കമ്പോ കയറോ പുല്ലോ ഉണ്ടായിരിക്കുക, ദൂതൻ മുഖത്തോ ശിരസ്സിലോ നിറമുള്ള മുണ്ട് ധരിച്ച് ഒറ്റമുണ്ട് ഉടുത്തിരിക്കുക, ദൂതൻ ഓടിവരുക, ദൂതൻ എണ്ണതേച്ചു വരുക, ദുതൻ മുടിചീകാതെ വരുക, ദൂതൻ വന്നയുടനെ ഭീകരമായ ശബ്ദത്തിൽ വിവരം പറയുക എന്നീ ലക്ഷണങ്ങൾ കണ്ടാൽ സർപ്പദംശമേറ്റവൻ ജീവിക്കുകയില്ല എന്നു നിശ്ചയം.

പുരാണേതിഹാസങ്ങളിലും ദൂതിന് മുഖ്യസ്ഥാനമുണ്ട്. രാമായണത്തിലെ ഹനൂമദ്ദൂതും മഹാഭാരതത്തിലെ ഭഗവദ്ദൂതും പ്രസിദ്ധമാണല്ലോ.

ഇല്ലൊരപശബ്ദമെങ്ങുമേ വാക്കിങ്കൽ
നല്ല വൈയാകരണൻ വടു നിർണയം

എന്ന് ഹനൂമാന്റെ വാക്കുകളുടെ വിശുദ്ധിയെപ്പറ്റി രാമൻ





പറയുന്നു. ഹനൂമദ്ദൂതിൽ രാമൻ സീതയുടെ അടുത്തേക്ക് ഹനൂമാനെ സന്ദേശവാഹകനായി അയയ്ക്കുന്നു. രാമായണം തന്നെ വാത്മീകി നൽകുന്ന സന്ദേശമല്ലേ? ഭഗവദ്ദൂതിൽ ധർമ്മ പുത്രർ കൗരവസദസ്സിലേക്ക് ശ്രീകൃഷ്ണനെ ദൂതിനയയ്ക്കുന്നു. ദൈവത്തിന്റെ സന്ദേശവുമായി മനുഷ്യരുടെ അടുക്കൽ പറന്നെത്തുന്ന മാലാഖമാർ ബൈബിളിലെ ദൂതന്മാരാണ്. ലാഖാ എന്ന എബ്രായപദത്തിന് ദൂത് എന്നാണ് അർഥം.

'സന്ദേശം - അതൊന്നേയുള്ളൂ' എന്നു പറയുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ലക്ഷ്യമാക്കിയത് കാളിദാസന്റെ മേഘ ദൂത് എന്ന സംസ്കൃതകാവ്യമാണ്. മേഘമാണ് ഇവിടെ ദൂതൻ. കാളിദാസന്റെ കൃതികളിൽ ഏറ്റവും പ്രസിദ്ധമായത് 'മേഘ ദൂത്' ആണ്. പ്രവൃത്തിദോഷം കൊണ്ട് യജമാനനായ വൈശ്ര വണന്റെ ശാപം കിട്ടി വിന്ധ്യന്റെ തെക്കുള്ള രാമഗിരിയിൽ പ്രിയവിരഹദുഃഖത്തോടെ വസിക്കുന്ന യക്ഷൻ കൈലാസ ത്തിലെ അളകാപുരിയിലുള്ള തന്റെ പ്രിയതമയ്ക്ക് സന്ദേശം എത്തിക്കണമെന്ന് വർഷാരംഭത്തിലെ പുതുമേഘത്തോട് അഭ്യർത്ഥിക്കുകയും അവിടേക്കുള്ളവഴി പറഞ്ഞുകൊടുക്കുക യുമാണ്. കാളിദാസന്റെ പരഹൃദയജ്ഞാനശക്തി ഏതുവരി യിലും വാക്കിലും കാണാം. ഒരു ശ്ലോകം ശ്രദ്ധിക്കുക.

രാമായുഷ്മൻ, മമ ച വചനാദാത്മനശ്ചോപകർത്തുർ

ബ്രൂയാ ഏവം, തവ സഹചരോ രാമഗിര്യാശ്രമസ്ഥഃ

അവ്യാപന്നഃ കുശല, മബലേ, പൃച്ഛതി ത്വാം വിയുക്തഃ

പൂർവാ ഭാഷ്യം സുലഭവിപദാം പ്രാണിനാമേതദേവ.

(അല്ലയോ ആയുഷ്മൻ, എന്റെയും ഉപകാരിയായ അങ്ങയു ടെയും വാക്കായി അവളോട് ഇങ്ങനെ പറയണം - അല്ലയോ കൃശാംഗീ, ഭവതിയുടെ കൂട്ടുകാരൻ രാമഗിരിയിലെ ആശ്രമത്തി ലുണ്ട്. വലിയ ആപത്തൊന്നും സംഭവിച്ചിട്ടില്ല. വിരഹിയായ അദ്ദേഹം ഭവതിയോടു കുശലം ചോദിക്കുന്നു. എളുപ്പത്തിൽ ആപത്തു വരാവുന്നവിധം ജീവിച്ചിരിക്കുന്നവരോട് ഇതുതന്നെ യാണ് ആദ്യം പറയേണ്ടത്.)

കാളിദാസന്റെ മേഘദൂതിനെ അനുസരിച്ചും അനുകരിച്ചും അനുവദിച്ചും സംസ്കൃതത്തിൽ ഒട്ടേറെ സന്ദേശകാവ്യങ്ങളു ണ്ടായി. സന്ദേശ കാവ്യപ്രസ്ഥാനം സംസ്കൃതത്തിൽ നിന്ന് മറ്റു ഭാരതീയ ഭാഷകളിലേക്ക് വ്യാപിക്കുന്നുമുണ്ട്. ലക്ഷ്മീദാസന്റെ ശുകസന്ദേശം, ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശം, പയ്യൂർ വാസുദേവഭട്ടതിരിയുടെ കോകസന്ദേശം, ഭട്ടവാമനന്റെ ഹംസസന്ദേശം തുടങ്ങിയവ സംസ്കൃതസന്ദേശകാവ്യ പ്രസ്ഥാനത്തിലെ പ്രമുഖ കൃതികളാണ്.

സംസ്കൃതസന്ദേശകാവ്യമാതൃകയിൽ മലയാളത്തിൽ ഉണ്ടായ ആദ്യകൃതി ഉണ്ണുനീലി സന്ദേശമാണ്. 14-ാം ശതകത്തിന്റെ ഉത്തരാർധത്തിലുണ്ടായ ഈ കൃതി ആരെഴുതിയ താണെന്ന് അറിയുന്നില്ല. വടക്കുംകൂർരാജ്യത്തിന്റെ തലസ്ഥാന മായ, വടമതിര എന്നു പേരുള്ള കടന്തേരി (കടുത്തുരുത്തി) ദേശത്ത് വീരമാണിക്കമെന്ന് പ്രസിദ്ധിപെറ്റ മുണ്ടയ്ക്കൽ ഭവന ത്തിലെ ഉണ്ണുനീലിക്ക്, അവളിൽ നിന്ന് ഒരു യക്ഷിമൂലം അകറ്റ പ്പെട്ട നായകൻ തിരുവനന്തപുരത്തുനിന്ന് തൃപ്പാപ്പൂർ മൂപ്പ് ആദി ത്യവർമ്മയെ സന്ദേശവാഹകനാക്കി ദൂതയയ്ക്കുന്നതാണ് ഉണ്ണു നീലി സന്ദേശത്തിലെ ഇതിവൃത്തം. ഭൂമിശാസ്ത്രപരമായ വിവര ണങ്ങളുടെ വിശ്വാസ്യതകൊണ്ട് കൈവന്ന ചരിത്രപ്രാധാന്യം എന്നപോലെ കൽപനാഭാസുരവും മനോജ്ഞവുമായ വർണന കൾ കൊണ്ട് കൈവന്ന കാവ്യമാധുര്യവും എടുത്തുപറയണം.

ഉണ്ണുനീലി സന്ദേശത്തിലെ 'ബാലഗോപാലവർണന'യുടെ സൗഭാഗ്യം ഇങ്ങനെ.

കാലിക്കാലിൽത്തടവിന

പൊടിച്ചാർത്തുകൊണ്ടാത്തശോഭം

പീലിക്കണ്ണാൽ കലിതചികുരം

പീതകൗശേയവീതം

കോലും കോലക്കുഴലുമിയലും

ബാലഗോപാല ലീലം

കോലംനീലം തവ നിയതവും

കോയിൽ കൊൾകെങ്ങൾ ചേതഃ

ക്രി.വ. 1400-ന് അടുത്തുണ്ടായ 'കോകസന്ദേശ'മാണ് പ്രധാ നപ്പെട്ട മറ്റൊരു കൃതി. പിന്നെ ഏറെക്കാലം മലയാളത്തിലെ സന്ദേ ശകാവ്യശാഖ മുരടിച്ചുനിന്നു. 19-ാം ശതകത്തിന്റെ അന്ത്യദശക ത്തിലാണ് പിന്നീടൊരു ഉണർച്ച കാണുന്നത്. കേരളവർമ്മ വലി യകോയിത്തമ്പുരാന്റെ മയൂരസന്ദേശമാണ് (1894) ആ കൃതി. രാമ നെഴുത്തച്ഛന്റെ ഭൃംഗസന്ദേശം ഇതിനു തൊട്ടുമുമ്പ് പ്രസിദ്ധീകൃ തമായെങ്കിലും മയൂരസന്ദേശത്തിന്റെ പ്രചാരവും പ്രസിദ്ധിയും അതിനു ലഭിച്ചില്ല. മയൂരസന്ദേശം ആത്മകഥാപരമായ കാവ്യമാ ണ്. ആയില്യം തിരുനാളിന്റെ അപ്രിയത്തിന് ഇരയായ കേരളവർമ്മ പ്രിയതമയെ വേർപിരിഞ്ഞ് ഹരിപ്പാടുള്ള അനന്തപുരത്തു കൊട്ടാ രത്തിൽ വീട്ടുതടങ്കലിൽ പാർക്കാൻ ഇടയായി. ഇക്കാലത്ത് തിരു വനന്തപുരത്ത് പാർക്കുന്ന പ്രിയതമയ്ക്ക് ഹരിപ്പാട്ട് സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ മയിൽ മുഖേന സന്ദേശം അയയ്ക്കുന്ന തായി കൽപിച്ച് പിൽക്കാലത്തെഴുതിയതാണ് ഈ കാവ്യം. കൽപനാഭംഗികൊണ്ടും ശബ്ദസൂക്ഷ്മതകൊണ്ടും ചരിത്രവർണ നകൊണ്ടും മറ്റും മയൂരസന്ദേശം ശ്രദ്ധേയമായി. നായകൻ, തനി ക്കും, നായികയ്ക്കും മാത്രം അറിയാവുന്ന അടയാളവാക്യം സന്ദേശവാഹകനോട് പറഞ്ഞുകൊടുക്കുന്നു.

ലീലാരണ്യേ വിഹഗമൃഗയാ

ലോലനായേകദാ ഞാൻ

നീലാപാംഗേ! കമപി നിഹനി-

ച്ചീടിനേൻ നീഡജത്തേ

മാലാർന്നാരാൽ മരുവുമിണയെ-

ക്കണ്ടു നീ താം ച നേതും

കാലാഗാരം സപദി കൃപയാ

കാതരേ ചൊല്ലിയില്ലേ?

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഹംസസന്ദേശം, ശീവൊള്ളി നാരായണൻ നമ്പൂതിരിയുടെ ഹാസ്യരചനയായ ദാത്യൂഹസന്ദേശം, മൂലൂരിന്റെ കോകിലസന്ദേശം, പി.ജി. രാമയ്യ രുടെ വിപ്രസന്ദേശം, എം. രാജരാജവർമ്മയുടെ ഗരുഡസന്ദേശം, കെ.എം. പണിക്കരുടെ ഭൂപസന്ദേശം, സഹോദരൻ അയ്യപ്പന്റെ റാണിസന്ദേശം തുടങ്ങി ഒട്ടു വളരെ സന്ദേശകാവ്യങ്ങൾ മലയാള ത്തിൽ ഉണ്ടായിട്ടുണ്ട്.

പിൽക്കാലത്ത് സന്ദേശരചനകൾ ചലച്ചിത്ര ഗാനശാഖയിലാണ് ഉണ്ടാകുന്നത്. മഴമുകിലും തോഴിയും പുഴയും പക്ഷിയുമൊക്കെ ഇവിടെ സന്ദേശവാഹകരാകുന്നു. സന്ദേശരചനയുടെ രൂപവും ഭാവവും എത്ര മാറിയാലും സന്ദേശം ജീവിതത്തിലും സാഹിത്യ ത്തിലും സദാ അതിന്റെ പങ്കു നിർവ്വഹിച്ചുകൊണ്ടിരിക്കും.

സംരംഭം

# ഗ്ലോബൽ പരിവേഷവുമായി ഒരു നാടൻ പഴം

**ചക്ക നാട്ടിൻപുറത്തുകാരുടെ ശാപ്പാടെന്ന് പുച്ഛിച്ചു തള്ളിയ കാലം കഴിഞ്ഞു. പല ഓമന പ്പേരുകളും സ്വന്തമാക്കി ഫൈവ്സ്റ്റാർ തീൻമേശകളിൽ ഈ നാടൻപഴമെത്തിക്കഴിഞ്ഞു. ഇനി ഗ്ലോബൽ ഫ്രൂട്ടാകാനും തയ്യാറെടുക്കുകയാണ്. അമേരിക്കയിലെ ശാസ്ത്ര പഠനങ്ങൾ ഇതിനുള്ള വഴി തുറന്നിട്ടു കഴിഞ്ഞു.**

എഴുമാവിൽ രവീന്ദ്രനാഥ്

രംഗം ന്യൂഡൽഹിയിലെ പ്രഗതിമൈതാനിയിൽ നടക്കുന്ന ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയർ. ഗ്രാമവിക സനവകുപ്പിന്റെ പവലിയനു മുമ്പിൽ ഒരു വലിയ ചക്ക പ്രദർശനത്തിനു വെച്ചിരിക്കുന്നു. രണ്ടു വിദേശവനിതകളും ഹിന്ദിക്കാരനായ ഒരു ദ്വിഭാഷിയും പ്രദർശനവസ്തുവിനു മുമ്പി ലെത്തി.

വാട്ട്സിററ്? വനിതകളിലൊരാൾ സാകൂതം തിരക്കി.

ദ്വിഭാഷി ഒന്നു പരുങ്ങി. മലയാളി യുടെ മധുകുംഭമായ ചക്കയെക്കുറിച്ച് ദില്ലിവാലാ എങ്ങനെയറിയാൻ? അയാളുടെ പാരവശ്യം കണ്ടാവണം ഒരു മലയാളി ഓടിയെത്തി, മേഡം....ഇററീസ് ചക്കാ. ......

വാട്ട്?

ചക്കാ...........ഇററീസ് പച്ച.........
ഗ്രീൻചക്കാ...........ഔട്ട്സൈഡ് ഒൺളി
മുള്ള്...........ഇൻസൈഡ് ഫുൾ സ്വീററ്.........

മുറി ഇംഗ്ലീഷ് കേട്ട് വനിതയും ദ്വിഭാ ഷിയും ഞെട്ടി. പെട്ടെന്ന് പൊട്ടിച്ചിരിച്ചു കൊണ്ട് വനിതകളിലൊരാൾ കൂട്ടുകാരി യോടു പറഞ്ഞു.

ഇററീസ് ജാക്ക് ഫ്രൂട്ട് ഡിയർ..........

മുൻകേരളാ ഗവർണർ ജ്യോതിവെങ്കിട ചെല്ലത്തിന്റെ ആതിഥ്യത്തിൽ ഏതാനും ആഴ്ചകൾ രാജ്ഭവനിൽ തങ്ങിയപ്പോഴാ ണത്രേ അവർ ജാക്ക്ഫ്രൂട്ടിന്റെ സ്വാദും മാധുര്യവും നുകർന്നത്.

നാട്ടിൻപുറത്തുകാരന്റെ ശാപ്പാടെന്നു പുച്ഛിച്ചുതള്ളിയിരുന്ന ചക്ക ഇന്ന് ജാക്ക് റോസ്റ്റ്, ജാക്ക് വെജ്മിക്സ്, ചില്ലി ജാക്ക്, ജാക്ക് സലാഡ് തുടങ്ങിയ ഓമനപ്പേരുക ളിൽ ഫൈവ്സ്റ്റാർ ഹോട്ടലുകളിലെ തീൻമേശകളിൽ പ്രാമുഖ്യം നേടിക്കഴിഞ്ഞി രിക്കുന്നു.

കേരളം കൂടാതെ ആസ്സാം, ബംഗാൾ, ബീഹാർ, ഹിമാചൽപ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലാണ് പ്ലാവുകളുള്ളത്. ഏററവും കൂടുതൽ ആസ്സാമിൽ. ഏതാണ്ട് 8000 ഹെക്ടർ സ്ഥല ത്താണ് ഇവിടെ പ്ലാവുകൾ വളരുന്നത്. ഏററവും



കുറവ് തമിഴ്നാട്ടിലും. ഏററവും വലിയ ചക്കയും ആസ്സാമിൽ നിന്നാണത്രേ ലഭിച്ചിട്ടുള്ളത്. 76 കിലോഗ്രാം ഭാരമുള്ള ഈ ചക്കയുടെ റിക്കോർഡ് ഇന്നുവരെ തിരുത്തപ്പെട്ടിട്ടില്ല.

മലേഷ്യ, ബ്രസീൽ, ശ്രീലങ്ക, ആഫ്രിക്ക എന്നിവിടങ്ങളിലും പ്ലാവുകൾ സമൃദ്ധമായി വളരുന്നു. ബ്രസീലിൽ ചക്ക പുഴുങ്ങുന്ന രീതി വളരെ രസകരമാണ്. വലിയ അണ്ഡാവിലെ (ആഴമുള്ള പാത്രം) തിള യ്ക്കുന്ന വെള്ളത്തിലേയ്ക്ക് ചക്ക മുഴുവ നായി ഒരു കപ്പിയും കയറുമുപയോഗിച്ച് ആഴ്ത്തി വെയ്ക്കുന്നു. അര മണിക്കൂറിനു ശേഷം കയർവലിച്ച് പുറത്തെടുക്കുന്ന ചക്ക തോടുപൊളിച്ച് ശാപ്പിടുന്നു. ആഫി ക്കയിൽ ഇന്നും കാട്ടുമരമായിട്ടാണ് പ്ലാവു കൾ കണക്കാക്കി വരുന്നത്. തമിഴ്പുലി പ്രഭാകരൻ തന്റെ ഇഷ്ടഭക്ഷണമാണ് ചക്ക യെന്നും ഒളിത്താവളങ്ങളിലെ പട്ടിണിയക ററാൻ ചക്ക വളരെയേറെ സഹായിച്ചിട്ടു ണ്ടെന്നും ഒരു അഭിമുഖത്തിൽ പറഞ്ഞ തോർക്കുന്നു

രണ്ട് എന്ന സംഖ്യയും ചക്കയും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. പ്ലാവിനെ രണ്ടാംകല്പവൃക്ഷം എന്ന് പറ യാനാവും. കാരണം, ഇല മുതൽ വേരുവ രെ, ചക്കമുള്ളുമുതൽ ചക്കയുടെ അരക്ക് വരെ എല്ലാം ഒന്നല്ലെങ്കിൽ മററൊരു വിധ ത്തിൽ മനുഷ്യർക്കും മൃഗങ്ങൾക്കും പ്രയോജനപ്പെടുന്നു. സ്വഭാവത്തിലും ചക്ക രണ്ടുതരം. കൂഴ, വരിയ്ക്ക എന്നിവയാണവ. പഴമായി ഉപയോ ഗിയ്ക്കാൻ വരിയ്ക്കയാണ് ഉത്തമം. ആകൃതിയുടെ കാര്യത്തിലും ചക്ക കൾ പൊതുവെ രണ്ടുതരമാണ്

കോലൻ (നീളമുള്ളവ) ഉണ്ട എന്നിങ്ങനെയാണ് ആകൃതിയുടെ നാടൻ ഭാഷ്യങ്ങൾ. ചക്കകൾ നിറത്തിന്റെ കാര്യ ത്തിലും രണ്ടു തരമാണ്, വെള്ളാറൻ (വെ ളുത്തത്), ചെമ്പാ (ചുവന്നത്). രണ്ടു സീസണുകളിലായാണ് ഇവിടെ ചക്കകൾ വിളയുന്നത് മെയ്- സെപ്തംബർ, സെപ്തം ബർ- ജനുവരി.

ദേവവൃക്ഷമായാണ് ഹിന്ദുക്കൾ പ്ലാവിനെ കരുതുന്നത്. പ്ലാവിൻവിറക് ഹോമങ്ങൾക്കെല്ലാം അത്യന്താപേക്ഷിതമാ ണ്. പൂജാപീഠങ്ങൾ, വിഗ്രഹങ്ങൾ എന്നിവ പ്ലാവിൻവേരുകളിൽ തന്നെ തീർക്കാറുണ്ട്. പച്ച പ്ലാവില കാലിത്തീററയായി മാറു മ്പോൾ പഴുത്ത പ്ലാവിലയും പ്ലാവില ഞെട്ടും ആയൂർവ്വേദചികിത്സയ്ക്ക് ഉപയോ ഗിച്ചുവരുന്നു. കഞ്ഞികുടിയ്ക്കുവാൻ പഴു ത്തപ്ലാവിലകൾ കോട്ടിയെടുക്കുന്ന തവി കൾ ഒരു കാലത്ത് നാട്ടിൻപുറങ്ങളിൽ സർവസാധാരണമായിരുന്നു.

സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിററ്യൂട്ടും, ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും ചക്കയ്ക്ക് വി.ഐ.പി പരിവേഷം നൽകി



# ചിപ്പിക്കൂണിനു സമം ചിപ്പിക്കൂൺ മാത്രം

**വിറ്റാമിനുകളും പ്രോട്ടീനുകളും ധാതുക്കളും അടങ്ങിയ ഉത്തമപോഷകാഹാരമാണ് കൂൺ. കേരളത്തിൽ എളുപ്പത്തിലും കുറഞ്ഞ ചെലവിലും ഇത് കൃഷി ചെയ്യാവുന്നതാണ്.**

പി. ഗിരിജ

പോഷകസമൃദ്ധവും അതീവ സ്വാദിഷ്ഠവുമായ ഒരു ആഹാരപദാർത്ഥമാണ് കൂൺ. ലോകത്തിൽ ഏറ്റവും കൂടുതൽ കൂൺകൃഷി ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുന്ന രാജ്യം അമേരിക്കയാണ്. അമേരിക്കയ്ക്ക് പിന്നിലായി ഫ്രാൻസ്, ചൈന എന്നീ രാജ്യങ്ങളും. ലോകത്തിൽ ആകെ ഉത്പാദിപ്പിക്കപ്പെടുന്ന കൂണിന്റെ 38% മുട്ടക്കൂൺ ആണെങ്കിൽ 25% ത്തോടെ ചിപ്പിക്കൂൺ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. മറ്റുള്ള എല്ലാ കൂണുകളുടെയും മൊത്ത ഉത്പാദനം 35% മാത്രമേ വരുന്നുള്ളൂ. വളരെക്കുറച്ചു കൃഷിസ്ഥലവും ലളിതമായ സാങ്കേതികവിദ്യയും ലഘുവായ അധ്വാനവുംകൊണ്ട് ഉത്പാദിപ്പിക്കാവുന്ന ചിപ്പിക്കൂണിന് ഇന്ന് പ്രിയവും പ്രചാരവും ഏറിവന്നിട്ടുണ്ട്.

കേരളം പോലുള്ള ഉഷ്ണമേഖലാ പ്രദേശങ്ങളിൽ എളുപ്പത്തിലും കുറഞ്ഞ ചെലവിലും എല്ലാ കാലങ്ങളിലും കൃഷി ചെയ്യാവുന്ന ഒരു കൂണാണ് ചിപ്പിക്കൂൺ. പ്രകൃതിദത്തമായ ചിപ്പിക്കൂൺ ഉണങ്ങിയ തടിയിലും, മരക്കുറ്റിയിലും വേരുകളിലും മറ്റുമാണ് ഉണ്ടാകുന്നത്. ഏതാണ്ട് നാൽപതോളം ചിപ്പിക്കൂൺ ഉണ്ടെങ്കിലും 8-10 ഇനങ്ങൾ മാത്രമേ ഭക്ഷണത്തിനായി കൃഷി ചെയ്യുന്നുള്ളൂ. ഇന്ത്യയിൽ പ്രധാനമായും കൃഷിചെയ്യുന്ന പ്ലൂറോട്ടസ് സോജർകാജു, ഫ്ളോറിഡ, സിട്രിനോ പീലിയോറ്റസ്, ഓസ്ട്രിയേറ്റസ്, സി.ഒ.-1 എന്നിവയാണ് കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ പറ്റിയ ഇനങ്ങളായി മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ കണ്ടെത്തിയത്. ഇതിൽ ഫ്ളോറിഡ ഇനത്തിന് മറ്റ് പല ഔഷധഗുണങ്ങൾക്കൊപ്പം ക്യാൻസർ രോഗത്തെ നിയന്ത്രിക്കുന്നതിനുള്ള കഴിവും ഉള്ളതായി കാണുന്നു.

### പോഷകമൂല്യം

ഉയർന്നതരം പ്രോട്ടീനുകളും വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ ഉത്തമ പോഷകാഹാരമാണ് കൂൺ എന്നത് ലോകരാജ്യങ്ങൾ അംഗീകരിച്ച കാര്യമാണ്. അന്നജവും കൊഴുപ്പും കുറഞ്ഞ അളവിൽ അടങ്ങിയിരിക്കുന്നു എന്നത് കൂണിന്റെ സവിശേഷതയാണ്. ഇത് പ്രമേഹരോഗികൾക്കും ഹൃദ്രോഗികൾക്കും പഥ്യാഹാരമാണ്. മനുഷ്യരക്തനിർമ്മാണത്തിൽ പ്രധാന പങ്കുവഹിക്കുന്ന ഫോളിക് ആസിഡ് കൂണിൽ അടങ്ങിയിരിക്കുന്നു. ഭക്ഷ്യധാന്യങ്ങളിൽ കാണാത്ത ലൈസിൻ, ട്രിപ്റ്റോഫാൻ എന്നീ രണ്ട് അമിനോ അമ്ലങ്ങൾ കൂണുകളിൽ കാണപ്പെടുന്നു. അരി മുഖ്യാഹാരമായി കഴിക്കുന്നവർക്ക് കൂൺ വിഭവങ്ങൾ ഉൾപ്പെടുത്തിയാൽ, പോഷകനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. ഉയർന്നതരം പ്രോട്ടീനുകൾക്ക് പുറമെ വൈറ്റമിൻ സി, വൈറ്റമിൻ ബി എന്നിവയും ഇവയിൽ അടങ്ങിയിട്ടുണ്ട്. ഇവയ്ക്കു പുറമേ ഫോസ്ഫറസ്, പൊട്ടാസിയം, ഇരുമ്പ് തുടങ്ങിയ മൂലകങ്ങൾ കാണുന്നു.

ഔഷധഗുണത്തിന്റെ കാര്യത്തിലും

ക്കഴിഞ്ഞു. പ്രകൃതിദത്തമായ നിരവധി പോഷകങ്ങളുടെ കലവറയാണ് ചക്കച്ചുളയും ചക്കക്കുരുവും. നൂറുഗ്രാം ചക്കച്ചുളയിൽ നിന്ന് 88 കലോറിഊർജ്ജം ലഭിയ്ക്കുന്നു. വിററാമിൻ എ, സി ഇവ കൂടാതെ മാംസ്യം, സോഡിയം, പൊട്ടാസ്യം എന്നിവ ചക്കച്ചുളകൾ പ്രദാനം ചെയ്യുന്നു. നൂറുഗ്രാം ചക്കക്കുരുവിൽ നിന്ന് 133 കലോറി ഊർജ്ജമാണ് ലഭിയ്ക്കുന്നത്. ഇതിൽ മാംസ്യം, അന്നജം, ഇരുമ്പ്, കൊഴുപ്പ്, സോഡിയം, പൊട്ടാസ്യം തുടങ്ങിയവ ചുളയിലേതിനേക്കാൾ വർദ്ധിച്ച തോതിൽ അടങ്ങിയിരിക്കുന്നു.

അമേരിക്കയിലെ ഇല്ലിനോയ്ഡ് സർവ്വകലാശാലയിലെ കോളേജ് ഓഫ് സെൻട്രിസ്റ്റയിൽ നടന്ന പഠനത്തിൽ എയ്ഡ്സിനെ പ്രതിരോധിയ്ക്കാൻ ചക്കപ്പഴത്തിലെ ജാക്കലിൻ ഘടകങ്ങൾക്കു കഴിയുമെന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യശരീരത്തിലെ ആരോഗ്യമുള്ള ലിംഫൊസൈററുകളെ സംരക്ഷിക്കാൻ ജാക്കലിൻ വളരെ ഫലപ്രദമാണത്രേ. ഈ വഴിയ്ക്കുള്ള ഗവേഷണങ്ങൾ പൂർണ്ണമായും വിജയിക്കുകയാണെങ്കിൽ ഗ്ലോബൽഫ്രൂട്ട് എന്ന നിലയിലേയ്ക്ക് ചക്കപ്പഴം ഉയരുമെന്നതിൽ സംശയം വേണ്ട.

സംയോജിതഗ്രാമവികസന പദ്ധതിപ്രകാരം പ്രവർത്തിയ്ക്കുന്ന വനിതാ സ്വയം തൊഴിൽ ഗ്രൂപ്പുകൾ സംസ്ഥാനസർക്കാർ സ്ഥാപനമായ ബാലുശ്ശേരിയിലെ ഫുഡ് പ്രോസസിങ് ആന്റ് ന്യൂട്രീഷ്യൻ സെന്ററിന്റെ സഹകരണത്തോടെ ചക്ക ഉപയോഗിച്ചുള്ള നിരവധി ഉല്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ട്. വററൽ, ഉപ്പേരി, ചക്കവരട്ടി, ജാം, ജെല്ലി, സ്ക്വാഷ് തുടങ്ങിയവ ഇതിൽപെടുന്നു. ചക്കയുടെ ശുക്രദശ മുൻകൂട്ടിക്കണ്ടാണെന്നു തോന്നുന്നു, ഒരു പ്രമുഖ മൾട്ടിനാഷണൽ കമ്പനി ഇരുന്നൂറു കോടിയുടെ മുതൽമുടക്കോടെ ആസ്സാം, കേരളം എന്നിവിടങ്ങളിൽ ചക്ക അസംസ്കൃതവസ്തുവാക്കിയുള്ള വൻകിടവ്യവസായത്തിന് തുടക്കമിടുന്നത്. ചക്കക്കുരുവിൽ നിന്ന് ബേബിഫുഡ്, ബിസ്ക്കററ്; ചക്കപ്പഴം, ചക്കച്ചുള എന്നിവയിൽ നിന്ന് ഹെൽത്ത് ഡ്രിങ്ക്, നൂഡിൽസ്, ചക്കവരട്ടിയുടെ പരിഷ്കൃതരൂപമായ ഡ്രൈകേക്ക്; ചക്കയുടെ പുറന്തോടും ചകിണിയും മദ്ധ്യഭാഗത്തെ കൂഞ്ഞി (പൂഞ്ഞ്) ഉപയോഗിച്ച് ജൈവവളം, ചക്കയുടെ അരക്ക് കൊണ്ട് ച്യൂയിംഗ്ഗം തുടങ്ങിയവ നിർമ്മിക്കാനുള്ള ബൃഹത് പദ്ധതിയാണത്രേ ഈ ബഹുരാഷ്ട്രഭീമന്റെ മൂശയിൽ ഉരുത്തിരിയുന്നത്.



# ചിപ്പിക്കൂണിനു സമം ചിപ്പിക്കൂൺ മാത്രം

**വിറ്റാമിനുകളും പ്രോട്ടീനുകളും ധാതുക്കളും അടങ്ങിയ ഉത്തമപോഷകാഹാരമാണ് കൂൺ. കേരളത്തിൽ എളുപ്പത്തിലും കുറഞ്ഞ ചെലവിലും ഇത് കൃഷി ചെയ്യാവുന്നതാണ്.**

പി. ഗിരിജ

പോഷകസമൃദ്ധവും അതീവ സ്വാദിഷ്ഠവുമായ ഒരു ആഹാരപദാർത്ഥമാണ് കൂൺ. ലോകത്തിൽ ഏറ്റവും കൂടുതൽ കൂൺകൃഷി ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുന്ന രാജ്യം അമേരിക്കയാണ്. അമേരിക്കയ്ക്ക് പിന്നിലായി ഫ്രാൻസ്, ചൈന എന്നീ രാജ്യങ്ങളും. ലോകത്തിൽ ആകെ ഉത്പാദിപ്പിക്കപ്പെടുന്ന കൂണിന്റെ 38% മുട്ടക്കൂൺ ആണെങ്കിൽ 25% ത്തോടെ ചിപ്പിക്കൂൺ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. മറ്റുള്ള എല്ലാ കൂണുകളുടെയും മൊത്ത ഉത്പാദനം 35% മാത്രമേ വരുന്നുള്ളൂ. വളരെക്കുറച്ചു കൃഷിസ്ഥലവും ലളിതമായ സാങ്കേതികവിദ്യയും ലഘുവായ അധ്വാനവുംകൊണ്ട് ഉത്പാദിപ്പിക്കാവുന്ന ചിപ്പിക്കൂണിന് ഇന്ന് പ്രിയവും പ്രചാരവും ഏറിവന്നിട്ടുണ്ട്.

കേരളം പോലുള്ള ഉഷ്ണമേഖലാ പ്രദേശങ്ങളിൽ എളുപ്പത്തിലും കുറഞ്ഞ ചെലവിലും എല്ലാ കാലങ്ങളിലും കൃഷി ചെയ്യാവുന്ന ഒരു കൂണാണ് ചിപ്പിക്കൂൺ. പ്രകൃതിദത്തമായ ചിപ്പിക്കൂൺ ഉണങ്ങിയ തടിയിലും, മരക്കുറ്റിയിലും വേരുകളിലും മറ്റുമാണ് ഉണ്ടാകുന്നത്. ഏതാണ്ട് നാൽപതോളം ചിപ്പിക്കൂൺ ഉണ്ടെങ്കിലും 8–10 ഇനങ്ങൾ മാത്രമേ ഭക്ഷണത്തിനായി കൃഷി ചെയ്യുന്നുള്ളൂ. ഇന്ത്യയിൽ പ്രധാനമായും കൃഷിചെയ്യുന്ന പ്ലൂറോട്ടസ് സോജർകാജു, ഫ്ളോറിഡ, സിട്രിനോ പീലിയോറ്റസ്, ഓസ്ട്രിയേറ്റസ്, സി.ഒ.-1 എന്നിവയാണ് കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ പറ്റിയ ഇനങ്ങളായി മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ കണ്ടെത്തിയത്. ഇതിൽ ഫ്ളോറിഡ ഇനത്തിന് മറ്റ് പല ഔഷധഗുണങ്ങങ്ങൾക്കൊപ്പം ക്യാൻസർ രോഗത്തെ നിയന്ത്രിക്കുന്നതിനുള്ള കഴിവും ഉള്ളതായി കാണുന്നു.

**പോഷകമൂല്യം**

ഉയർന്നതരം പ്രോട്ടീനുകളും വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ ഉത്തമ പോഷകാഹാരമാണ് കൂൺ എന്നത് ലോകരാജ്യങ്ങൾ അംഗീകരിച്ച കാര്യമാണ്. അന്നജവും കൊഴുപ്പും കുറഞ്ഞ അളവിൽ അടങ്ങിയിരിക്കുന്നു എന്നത് കൂണിന്റെ സവിശേഷതയാണ്. ഇത് പ്രമേഹരോഗികൾക്കും ഹൃദ്രോഗികൾക്കും പഥ്യാഹാരമാണ്. മനുഷ്യരക്തനിർമ്മാണത്തിൽ പ്രധാന പങ്കുവഹിക്കുന്ന ഫോളിക് ആസിഡ് കൂണിൽ അടങ്ങിയിരിക്കുന്നു. ഭക്ഷ്യധാന്യങ്ങളിൽ കാണാത്ത ലൈസിൻ, ട്രിപ്റ്റോഫാൻ എന്നീ രണ്ട് അമിനോ അമ്ലങ്ങൾ കൂണുകളിൽ കാണപ്പെടുന്നു. അരി മുഖ്യാഹാരമായി കഴിക്കുന്നവർക്ക് കൂൺ വിഭവങ്ങൾ ഉൾപ്പെടുത്തിയാൽ, പോഷകനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. ഉയർന്നതരം പ്രോട്ടീനുകൾക്ക് പുറമെ വൈറ്റമിൻ സി, വൈറ്റമിൻ ബി എന്നിവയും ഇവയിൽ അടങ്ങിയിട്ടുണ്ട്. ഇവയ്ക്കു പുറമേ ഫോസ്ഫറസ്, പൊട്ടാസിയം, ഇരുമ്പ് തുടങ്ങിയ മൂലകങ്ങൾ കാണുന്നു.

ഔഷധഗുണത്തിന്റെ കാര്യത്തിലും

---

ക്കഴിഞ്ഞു. പ്രകൃതിദത്തമായ നിരവധി പോഷകങ്ങളുടെ കലവറയാണ് ചക്കച്ചുളയും ചക്കക്കുരുവും. നൂറുഗ്രാം ചക്കച്ചുളയിൽ നിന്ന് 88 കലോറിഊർജ്ജം ലഭിയ്ക്കുന്നു. വിററാമിൻ എ, സി ഇവ കൂടാതെ മാംസ്യം, സോഡിയം, പൊട്ടാസ്യം എന്നിവ ചക്കച്ചുളകൾ പ്രദാനം ചെയ്യുന്നു. നൂറുഗ്രാം ചക്കക്കുരുവിൽ നിന്ന് 133 കലോറി ഊർജ്ജമാണ് ലഭിയ്ക്കുന്നത്. ഇതിൽ മാംസ്യം, അന്നജം, ഇരുമ്പ്, കൊഴുപ്പ്, സോഡിയം, പൊട്ടാസ്യം തുടങ്ങിയവ ചുളയിലേതിനേക്കാൾ വർദ്ധിച്ച തോതിൽ അടങ്ങിയിരിക്കുന്നു.

അമേരിക്കയിലെ ഇല്ലിനോയ്ഡ് സർവ്വകലാശാലയിലെ കോളേജ് ഓഫ് സെൻട്രിസ്റ്റയിൽ നടന്ന പഠനത്തിൽ എയ്ഡ്സിനെ പ്രതിരോധിയ്ക്കാൻ ചക്കപ്പഴത്തിലെ ജാക്കലിൻ ഘടകങ്ങൾക്കു കഴിയുമെന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യശരീരത്തിലെ ആരോഗ്യമുള്ള ലിംഫൊസൈററുകളെ സംരക്ഷിക്കാൻ ജാക്കലിൻ വളരെ ഫലപ്രദമാണത്രേ. ഈ വഴിയ്ക്കുള്ള ഗവേഷണങ്ങൾ പൂർണ്ണമായും വിജയിക്കുകയാണെങ്കിൽ ഗ്ലോബൽഫ്രൂട്ട് എന്ന നിലയിലേയ്ക്ക് ചക്കപ്പഴം ഉയരുമെന്നതിൽ സംശയം വേണ്ട.

സംയോജിതഗ്രാമവികസന പദ്ധതിപ്രകാരം പ്രവർത്തിയ്ക്കുന്ന വനിതാ സ്വയം തൊഴിൽ ഗ്രൂപ്പുകൾ സംസ്ഥാനസർക്കാർ സ്ഥാപനമായ ബാലുശ്ശേരിയിലെ ഫുഡ് പ്രോസസിങ് ആന്റ് ന്യൂട്രീഷ്യൻ സെന്ററിന്റെ സഹകരണത്തോടെ ചക്ക ഉപയോഗിച്ചുള്ള നിരവധി ഉല്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ട്. വററൽ, ഉപ്പേരി, ചക്കവരട്ടി, ജാം, ജെല്ലി, സ്ക്വാഷ് തുടങ്ങിയവ ഇതിൽപെടുന്നു. ചക്കയുടെ ശുക്രദശ മുൻകൂട്ടിക്കണ്ടാണെന്നു തോന്നുന്നു, ഒരു പ്രമുഖ മൾട്ടിനാഷണൽ കമ്പനി ഇരുന്നൂറു കോടിയുടെ മുതൽമുടക്കോടെ ആസ്സാം, കേരളം എന്നിവിടങ്ങളിൽ ചക്ക അസംസ്കൃതവസ്തുവാക്കിയുള്ള വൻകിടവ്യവസായത്തിന് തുടക്കമിടുന്നത്. ചക്കക്കുരുവിൽ നിന്ന് ബേബിഫുഡ്, ബിസ്ക്കററ്; ചക്കപ്പഴം, ചക്കച്ചുള എന്നിവയിൽ നിന്ന് ഹെൽത്ത് ഡ്രിങ്ക്, നൂഡിൽസ്, ചക്കവരട്ടിയുടെ പരിഷ്കൃതരൂപമായ ഡ്രൈകേക്ക്; ചക്കയുടെ പുറന്തോടും ചകിണിയും മദ്ധ്യഭാഗത്തെ കൂഞ്ഞി (പൂഞ്ഞ്) ഉപയോഗിച്ച് ജൈവവളം, ചക്കയുടെ അരക്ക് കൊണ്ട് ച്യൂയിംഗ്ഗം തുടങ്ങിയവ നിർമ്മിക്കാനുള്ള ബൃഹത് പദ്ധതിയാണത്രേ ഈ ബഹുരാഷ്ട്രഭീമന്റെ മൂശയിൽ ഉരുത്തിരിയുന്നത്.

കൂൺ ഒട്ടും പിന്നിലല്ല. ജപ്പാനിൽ ഒരു വർഷത്തിൽ 700 മില്യൻ ഡോളർ വില വരുന്ന ഔഷധങ്ങൾ ചില പ്രത്യേക കൂണിൽനിന്നുമാണത്രേ ഉണ്ടാക്കുന്നത്.

**കൃഷി രീതി**

ചിപ്പിക്കൂണിന്റെ കൃഷിരീതി വളരെ ലളിതമാണ്. അംഗീകാരവും വിശ്വസ്തതയുമുള്ള സ്ഥാപനങ്ങളിൽ നിന്നും കൂൺ വിത്ത് വാങ്ങുക. ഒരു കവർ (300 ഗ്രാം) വിത്ത് ഉപയോഗിച്ച് രണ്ട്-മൂന്ന് ബെഡ്ഡുകൾ ഉണ്ടാക്കാം. 12''x20 വലിപ്പത്തിലും 100 - 150 ഗേജ് കട്ടിയുള്ള പോളിത്തീൻ കവറാണ് ബെഡ്ഡുകൾ ഉണ്ടാക്കാനായി വേണ്ടത്. നല്ല കീടരോഗബാധയില്ലാത്ത വൈയ്ക്കോൽ വാങ്ങി 25 സെ.മീ. വ്യാസവും രണ്ടിഞ്ച് കനവുമുള്ള തിരുകകൾ ആക്കുക. കച്ചി അണുനശീകരണം ചെയ്യാനായി ഫോർമാലിൻ അല്ലെങ്കിൽ ബ്ലീച്ചിംഗ് പൗഡർ, ബാവിസ്റ്റിൻ (carbendazim), ട്രേയും കൈയും വൃത്തിയാക്കാൻ ഡെറ്റോൾ എന്നിവ ഉപയോഗിക്കാം.

**കൃഷി ചെയ്യുന്ന വിധം**

കൃഷിയ്ക്ക് ഉപയോഗിക്കുന്ന വൈയ്ക്കോലിന്റെ അണുനശീകരണം വളരെ പ്രധാനപ്പെട്ടതാണ്. സൗകര്യം അനുസരിച്ച് താപീയ അണുനശീകരണമോ, രാസീയ അണുനശീകരണമോ ചെയ്യാവുന്നതാണ്. കൂടുതൽ ബെഡ്ഡിടുമ്പോൾ രാസീയ അണുനശീകരണമാണ് സൗകര്യപ്രദവും ലാഭകരവും.

**താപീയ അണുനശീകരണം**

വൈക്കോൽ തിരുകുകൾ 12 മണിക്കൂർ വെള്ളത്തിൽ കുതിർക്കുക. പിന്നീട് ഈ വൈക്കോൽ തോർത്തി എടുത്ത് അര മണിക്കൂർ തിളച്ച വെള്ളത്തിൽ വേവിക്കുകയോ, ആവി കയറ്റുകയോ ചെയ്യണം.

**രാസീയ അണുനശീകരണം**

വാണിജ്യാടിസ്ഥാനത്തിൽ ചെയ്യുമ്പോൾ താപീയ അണുനശീകരണം നടത്താൻ ബുദ്ധിമുട്ടുണ്ട്. അപ്പോൾ രാസീയ അണുനശീകരണം അവലംബിക്കാം. 100 ലിറ്റർ വെള്ളത്തിൽ 50 മി. ലിറ്റർ ഫോർമാലിനും, 8 ഗ്രാം ബാവിസ്റ്റിനും നന്നായി കലക്കുക. ഈ വെള്ളത്തിൽ വൈയ്ക്കോൽ 12-16 മണിക്കൂർ കുതിർക്കുക. ഫോർമാലിന് പകരം 50 ഗ്രാം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ചാലും മതി. മാധ്യമം കുതിർക്കാൻ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കൃത്യമായിരിക്കണം. ഇപ്പറഞ്ഞ രീതിയിൽ കുതിർത്ത വൈയ്ക്കോൽ തിളപ്പിക്കേണ്ടതില്ല. തോർത്തിയെടുത്ത വൈയ്ക്കോലിന്റെ ഈർപ്പം അധികം കൂടാനും കുറയാനും പാടില്ല.

**ബെഡ്ഡ് തയ്യാറാക്കൽ**

സ്പോൺ കൂടിലെ വിത്ത് ഡെറ്റോൾ ഉപയോഗിച്ച് കഴുകി വൃത്തിയാക്കിയ ട്രേയിലേയ്ക്ക് പകരുക. കട്ടപിടിച്ചിട്ടുണ്ടെങ്കിൽ കൈകൊണ്ട് ലഘുവായി പൊടിക്കണം. കൈയിലും ഡെറ്റോൾ പുരട്ടണം. വിത്ത് നാലായി ഭാഗിക്കണം.

അടുത്തതായി പോളിബാഗിൽ അങ്ങിങ്ങായി അഞ്ചു മി.മീറ്റർ വ്യാസമുള്ള 10 സുഷിരങ്ങൾ ഇടുക. വൈയ്ക്കോൽ തിരുക ഒരെണ്ണം പോളിബാഗിൽ വെയ്ക്കുക. ഒരു ഭാഗം വിത്ത് അരികിലായി വിതറുക. ഇതിനു മുകളിൽ അടുത്ത തിരുക വയ്ക്കുക. അടുത്ത ഭാഗം കൂൺവിത്ത് വിതറുക. അവസാനത്തെ അട്ടിയ്ക്കു മുകളിൽ വിത്ത് ഇടണ്ട. കവർ മൂടിക്കെട്ടിവയ്ക്കണം. വായുസഞ്ചാരവും നല്ല ഈർപ്പവുള്ള മുറിയിൽ ബെഡ്ഡ് സൂക്ഷിക്കണം. തറയിൽ മണൽ നിരത്തിയും, അതു നനച്ചും ഈർപ്പം മുറിക്കുള്ളിൽ നിലനിർത്തണം. ഒരു കൂൺ തടത്തിൽനിന്ന് രണ്ടു മൂന്നു വിളവെടുപ്പുകളിലായി 500 മുതൽ 700 ഗ്രാം വരെ കൂൺ കിട്ടുന്നതാണ്. വിളവെടുത്ത കൂണുകൾ ഉടനെ ഉപയോഗിക്കുകയോ പോളികവറിലാക്കി ഫ്രിഡ്ജിൽ സൂക്ഷിക്കുകയോ ചെയ്യാം.

പച്ചക്കറികളും മാംസങ്ങളും പാകം ചെയ്യുന്നതുപോലെ കൂൺ വിഭവങ്ങൾ തയ്യാറാക്കാം. കൂൺ തീയൽ, കൂൺ മസാല, കൂൺ കട്‌ലറ്റ്, കൂൺ കാന്റി, കൂൺ ഓംലറ്റ്, കൂൺ സൂപ്പ് ഇവ ചിലതുമാത്രം.

## കൂൺ സൂപ്പ്

**വേണ്ട സാധനങ്ങൾ**

| | | |
|---|---|---|
| കഷണങ്ങളാക്കിയ കൂൺ | 1 | കപ്പ് |
| ചെറിയ ഉള്ളി | 4 | എണ്ണം |
| കുരുമുളക്, ജാതിക്ക പൊടി | 1 | ടീസ്പൂൺ |
| പാൽ | 2 | കപ്പ് |
| മൈദ | 1 | ടേബിൾ സ്പൂൺ |
| വെള്ളം | 2 | കപ്പ് |
| മുട്ട | 1 | |
| നെയ്യ് / ബട്ടർ | 2 | ടീസ്പൂൺ |
| വറുത്ത റൊട്ടി | 8 | കഷണം |

**പാചകം ചെയ്യുന്ന വിധം**

ഉള്ളി അരിഞ്ഞ് നെയ്യിൽ വറുക്കുക. ഇതിൽ കൂൺ കഷണങ്ങൾ, കുരുമുളകു ചേർത്ത് വഴറ്റുക. മൈദ ചേർത്ത് ഒന്നു വഴറ്റി, വെള്ളവും പാലും കൂടി ചേർത്ത് തിളപ്പിക്കുക. തിളച്ചു തുടങ്ങുമ്പോൾ പതച്ച മുട്ട അരിപ്പയിൽ കൂടി ചേർക്കുക. ആവശ്യത്തിന് ഉപ്പും, വറുത്ത റൊട്ടികഷണങ്ങളും ചേർത്ത് ഉപയോഗിക്കുക.



**കൂൺ ഇനങ്ങളിലെ പോഷകഘടകങ്ങൾ**

| | ഘടകം | ചിപ്പിക്കൂൺ | വൈക്കോൽ കൂൺ | മുട്ടക്കൂൺ |
|---|---|---|---|---|
| 1. | ഊർജം | 33.9 | 29.2 | 34.4 |
| 2. | പ്രോട്ടീൻ | 2.9 | 1.8 | 2.8 |
| 3. | അന്നജം | 5.3 | 5.5 | 6.3 |
| 4. | കൊഴുപ്പ് | 0.4 | 0.3 | 0.2 |
| 5. | ഫൈബർ (നാര്) | 1.1 | 1.7 | 1.3 |
| 6. | ചാരം | 1.0 | 1.1 | 1.3 |

**ചിപ്പിക്കൂണിൽ അടങ്ങിയിട്ടുള്ള വിറ്റാമിനുകളും ധാതുക്കളും**

| വിറ്റാമിനുകൾ | 100 ഗ്രാം കൂണിൽ (മി. ഗ്രാം) | ധാതു ലവണങ്ങൾ | 100 ഗ്രാം കൂണിൽ (മി. ഗ്രാം) |
|---|---|---|---|
| തയാമിൻ | 0.5 | കാൽസ്യം | 3.3 |
| റൈസോഫ്ളേവിൻ | 0.5 | ഫോസ്ഫറസ് | 134.8 |
| നയാസിൻ | 10.9 | ഇരുമ്പ് | 1.5 |
| | | സോഡിയം | 83.7 |
| | | പൊട്ടാസിയം | 379.3 |




## 58 – ാമത് സ്വാതന്ത്ര്യദിനം


പൊലീസിന്റെ വിവിധ ഘടകങ്ങളും അശ്വാരൂഢസേനയും എൻ.സി.സി.യും സ്കൗട്ട്സും ഗൈഡ്സും അണിനിരന്ന ആകർഷക മായ പരേഡ് മുഖ്യമന്ത്രി എ.കെ. ആന്റണി പരിശോധിക്കുന്നു.

# നഗരത്തിനുള്ളിലെ നഗരം

വിദേശ ഇന്ത്യാക്കാർക്ക് പ്രത്യേക സൗകര്യങ്ങൾ ലഭ്യമാകുന്ന നഗരത്തിനുള്ളിലെ നഗരം പദ്ധതി കേരളത്തിലും ആരംഭിക്കുമെന്ന് കേന്ദ്ര പ്രവാസികാര്യ സഹമന്ത്രി ജഗദീഷ് ടൈറ്റ്ലർ പറഞ്ഞു. പ്രത്യേക ടൗൺഷിപ്പുപോലെ രൂപവത്കരിക്കുന്ന പദ്ധതിയിൽ വിദേശ ഇന്ത്യാക്കാർക്ക് വിദേശ നിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. വിദേശ ഇന്ത്യാക്കാരിൽ നിന്ന് നിക്ഷേപം സ്വീകരിച്ചായിരിക്കും ഇത് നടപ്പാക്കുകയെന്ന് കേന്ദ്രമന്ത്രി അറിയിച്ചു. വിവിധ വിദേശരാജ്യങ്ങളിൽ കഴിയുന്ന ഇന്ത്യാക്കാരുടെ വിഷമതകൾ പരിഹരിക്കാൻ എൻ.ആർ.ഐ. വികസന കേന്ദ്രങ്ങൾ ആരംഭിക്കുമെന്നും ടൈറ്റ്ലർ പറഞ്ഞു.

പ്രവാസി ഭാരതീയ സംഗമം വെബ്സൈറ്റ് കേന്ദ്രമന്ത്രി ജഗദീഷ് ടൈറ്റ്ലർ ഉദ്ഘാടനം ചെയ്തു. ഇൻഫർമേഷൻ പാർലമെന്ററി കാര്യമന്ത്രി എം.എം. ഹസ്സൻ, ഐ.&പി.ആർ.ഡി. ഡയറക്ടർ – സെക്രട്ടറി ജി. രാജശേഖരൻ, നോർക്ക സെക്രട്ടറി ജിജി തോംസൺ എന്നിവർ പങ്കെടുത്തു.







## മെസഞ്ചർ കുതിക്കുന്നു

ബുധൻ ഗ്രഹത്തെ ലക്ഷ്യമാക്കി മെസഞ്ചർ യാത്ര തുടരുന്നു. സൂര്യനോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ബുധന്റെ ഭ്രമണപഥത്തിലെത്താൻ മെസഞ്ചർ ഉപഗ്രഹവാഹനം ഏഴ് വർഷമെടുക്കും. ഈ കാലയളവിൽ 15 തവണ സൂര്യനെ വലംവയ്ക്കും. ഒരു തവണ ഭൂമിയെയും രണ്ടു തവണ ശുക്രനെയും മൂന്നുതവണ ബുധനെത്തന്നെയും വലം വച്ച് നീങ്ങും.

ഒരു വർഷം നീളുന്ന പര്യവേഷണമാണ് മെസഞ്ചറുടെ ലക്ഷ്യം. ബുധന്റെ ധ്രുവപ്രദേശങ്ങളിൽ സൂര്യരശ്മികൾ ഒരിക്കലും പതിക്കുന്നില്ല. അതുകൊണ്ട് അവിടങ്ങളിലെ ഇരുണ്ട ഗർത്തങ്ങളിൽ ജലസാന്നിധ്യമുണ്ടെന്നാണ് ശാസ്ത്രജ്ഞരുടെ അനുമാനം. മെസഞ്ചർ ഇത് പരിശോധിക്കും.

അമേരിക്കയുടെ നാസയാണ് മെസഞ്ചർ വിക്ഷേപിച്ചത്. 42.7 കോടി ഡോളറാണ് ദൗത്യത്തിന്റെ ചെലവ്.



## ആനവാരിയും പൊൻകുരിശും പുനർജനിക്കുന്നു

വിനോദസഞ്ചാര വകുപ്പ് എറണാകുളത്ത് സ്ഥാപിക്കുന്ന ബോട്ടുജെട്ടിക്ക് ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീർ ജെട്ടി എന്ന് നാമകരണം ചെയ്തു. വിശ്വവിഖ്യാതനായ ബഷീറിനെ ആദരിക്കുന്നതിന്റെ ഭാഗമായാണിത്. ഇവിടെ പഴയ ബോട്ടുജെട്ടിയിൽ വർഷങ്ങൾക്കുമുമ്പ് ബഷീർ ദീർഘകാലം ബുക്ക് സ്റ്റാൾ നടത്തിയിരുന്നു.

ജെട്ടിയോടനുബന്ധിച്ച് ടൂറിസം വകുപ്പ് ബഷീറിന്റെ അനശ്വര കഥാപാത്രങ്ങളുടെ പൂർണ്ണമായ രേഖാചിത്രങ്ങൾ ഉൾക്കൊള്ളിച്ച് സ്ഥിരം പ്രദർശന വേദി ഒരുക്കും. ഒറ്റക്കണ്ണൻ പോക്കർ, പാത്തുമ്മ, ആട്, എട്ടുകാലി മമ്മൂഞ്ഞ്, കൊച്ചുത്രേസ്യ, പൊൻകുരിശുതോമ, ആനവാരി രാമൻനായർ തുടങ്ങിയ കഥാപാത്രങ്ങൾക്ക് ചിത്രകാരൻ നമ്പൂതിരി രൂപകൽപന നൽകും.



**ഭാഷാ പിതാവിന് പ്രണാമത്തോടെ.** പ്രമുഖ കഥാകാരൻ ടി. പത്മനാഭൻ മുഖ്യമന്ത്രി എ.കെ. ആന്റണിയിൽ നിന്ന് എഴുത്തച്ഛൻ പുരസ്കാരം ഏറ്റുവാങ്ങുന്നു. തുഞ്ചൻസ്മരണ നിറഞ്ഞ ചടങ്ങിൽ ഭാഷയെയും സംസ്കാരത്തെയും സ്നേഹിക്കുന്ന നിരവധിപേർ സാക്ഷികളായി.